032:3N07:1:12 K6

# NADAN THALA

C. M. PILLAI

032:3N07:1:12
K6

MUL
292055

# നാടൻ തല

138

(Malayalam)

Nadan Thala

Humour

By C. MADHAVAN PILLAI

Vijayabhanu, Alleppey

Third Impression September 1966

Copies 1000

Printed at

Vijaya Printers, Alleppey

Price Rs. 1.50

Copyright

C. Madhavan Pillai

Published by the Author

Distributors:

NATIONAL BOOK STALL

Kottayam Kerala State India

# നാടൻ തല

(വിനോദം)

സി. മാധവൻപിള്ള

UNIVERSITY LIBRARY
12 FEB 1975
MADRAS

വിതരണം
നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1·50

University Grants Commission

## സി. മാധവൻപിള്ളയുടെ കൃതികൾ

| | | |
|---|---|---|
| ദേശസേവിനി | (2 ഭാ.) | (നോവൽ) |
| ജ്ഞാനാംബിക | | ,, |
| വിഗതകുമാരി | (2 ഭാ) | ,, |
| ഭടൻെറ ഭാര്യ | (3 ഭാ.) | ,, |
| പത്മസുന്ദരൻ | (2 ഭാ.) | ,, |
| ലൈല | | ,, |
| യാചകമോഹിനി | | ,, |
| ആനന്ദസാഗരം | | ,, |
| വിക്രമവിലാസത്തിലെ കൊലപാതകം | | ,, |
| ഒഡീസി (തർജ്ജമ) | | (ഇതിഹാസം) |
| ഭാരതദർശനം | | ,, |
| അന്തഃപുരപ്രേമം | | (കഥ) |
| ഭവാനി | | ,, |
| തപാൽപ്രണയം | | (കഥകൾ) |
| പ്രേമയാതന | | (നാടകം) |
| വീരാംഗന | | ,, |
| പ്രണയബോംബ് | | ,, |
| വെണ്ണിലാവ് | | ,, |
| കുമാരി കമല | | ,, |
| സ്ത്രീധനം | | ,, |
| പ്രണയവോട്ട് | | (ഏകാങ്കങ്ങൾ) |
| നാടൻതല | | (വിനോദം) |
| ചിത്രസൗധം | | (തൂലികാചിത്രങ്ങൾ) |
| സ്കൗട്ട് | | (വിജ്ഞാനീയം) |
| Book of English Proverbs | | (Proverbs) |
| എൻബിയെസ് ഇംഗ്ലീഷ്-മലയാളം നിഘണ്ടു | | (നിഘണ്ടു) |

292055
032:3N071:12
K6

S684 D27/66-67 3-1000

# ഉള്ളടക്കം


നാടൻ തല

സ്വീകരണം

മദ്യരാക്ഷസൻ

പോലീസുശാകുന്തളം

സാമ്പിൾ ദേശസേവനം

ഒരു സ്റ്റ്യുഡിയോരംഗം

എം. എൽ. എ. ലക്ഷ്മിക്കുട്ടി

ചക്കിനുവച്ചതു കൊക്കിനു കൊണ്ടു

വിധിയുടെ ഗതി

# നാടൻതല

## I

(മജിസ്റ്റ്രേട്ടുകോടതിയിൽ വലിയ ജനക്കൂട്ടം. പ്രക്ഷോഭകരമായ ഒരു കേസുനടക്കുകയാണു്. ഒരു നാട്ടിൻപുറത്തുകാരനായ തടിയൻ പ്രതിക്കൂട്ടിൽ നില്ക്കുന്നു. സാക്ഷികളെയെല്ലാം വിസ്തരിച്ചുകഴിഞ്ഞിരിക്കുന്നു.)

മജിസ്റ്റ്രേട്ട് (പ്രതിയെ നോക്കി) തനിയ്ക്കെതിരായുള്ള തെളിവുകളെപ്പററി മനസ്സിലാക്കിയിരിക്കുമല്ലോ. താൻ കഴിഞ്ഞ മാർച്ച് 16-ാംനു- രാത്രി ഈ പട്ടണാതൃത്തിക്കുള്ളിൽ താമസിക്കുന്ന ഹെഡ്കാൺസ്റ്റബിൾ വീരരാഘവൻപിള്ള മാത്താണ്ഡൻപിള്ളയുടെ വീടു കുത്തിപ്പൊളിച്ച് അകത്തുകടന്നു് ഏകദേശം 25ത്രുപാ വിലവരുന്ന ഒരു ചെമ്പുപാത്രം മോഷ്ടിച്ചതായിട്ടാണു് കേസ്: ഇതു് ഇൻഡ്യൻ പീനൽ കോഡ് 457-ം 380-ം വകുപ്പുകൾ പ്രകാരം ശിക്ഷാർഹനാണു്. തനിക്കു് ഇതിൽ എന്താണു പറയുവാനുള്ളതു്? താൻ ഈ കുററം ചെയ്തതുതന്നെയല്ലേ? അതേയെന്നോ അല്ലെന്നോ മറുപടി പറയുക. ഒററവാക്കു്; സമയം കളയരുതു്.

പ്രതി—എടടാ! എന്തു തൊന്തരവാണിതു്? ഒരു തീവണ്ടി നിറയെ ചോദ്യങ്ങൾ. അതിന് ഒററവാക്കിൽ മറുപടിയും പറയണം. ഒന്നോകാലാകാൻ പാടില്ല. നല്ല കാര്യം തന്നെ!

മജി—ഛരീ! മിണ്ടരുതു്!

പ്രതി—എന്നോട്ട മിണ്ടാൻ പറഞ്ഞതുകൊണ്ടാ മിണ്ടിയതു്. വെറുതെയല്ല.

മജി—തന്നോട്ട ചോദിച്ചതിനു് ഉത്തരം പറയാനാണു് ആജ്ഞാപിച്ചതു്. ചപ്പും ചവറും ചവയ്ക്കാനല്ല.

പ്രതി—ചപ്പും ചവറും! ഇങ്ങോട്ടുനോക്കിയേ മയിസ്രേട്ടേ! ഇതുകൊണ്ടൊന്നും ആകുകില്ല. എനിക്കു് ഒരു പാട്ട പറയാനൊണ്ടു്. മയിസ്രേട്ടു അതെല്ലാം കേട്ടേ മതിയാവൂ.

മജി—ഛ! നിറുത്തു്; അല്ലെങ്കിൽ......ഉം!

പ്രതി—ഇതുകൊള്ളാം! എന്നോടുത്തരംപറയാൻ പറയുന്നു. ഞാൻ ചുണ്ടു വിടത്തിയാൽ ഛ, ഛൂ, നിറുത്തു്, കിറുത്തു് എന്നൊക്കെ!, എന്തൊന്നാ മയിസ്രേട്ടേ ഇതു്?

പ്രതിഭാഗം വക്കീൽ (രഹസ്യമായി പ്രതിയോട്ടു്) നിങ്ങൾ ഇങ്ങനെയൊന്നും കോടതിയിൽ സംസാരിക്കരുതു്. നിങ്ങൾ ഈ കുററം ചെയ്തിട്ടില്ലെന്നു മാത്രം പറഞ്ഞേക്കുക. അതുമതി.

പ്രതി—വക്കീലേ! താനെന്തൊന്നാ പറയുന്നേ? നല്ല കാര്യമായി! ഇതിനാണോ ഞാൻ തലവച്ച രൂഫാ എണ്ണിയെണ്ണിത്തന്നതു്? ഞാൻ കുററം ചെയ്തിട്ടില്ലെന്നു മാത്രം പറഞ്ഞേക്കണം പോലും! എനിക്കു കൂടുതൽ പറഞ്ഞാലെന്താ?

വക്കീൽ—എന്നെ അനുസരിക്കൂ.

പ്രതി—ഓഹോ, ഞാൻ ഇയ്യാക്കു് പണവും തന്നു് എന്നെ സഹായിക്കാൻ വിളിച്ചോണ്ടുവന്നു. ഇപ്പം ഞാൻ

തന്നെ അനുസരിക്കണംപോലും! താനെന്താ എൻെറ മൊതലാളിയാണോ? (കോടതിയിൽ ഹാജരുണ്ടായിരുന്ന തൻെറ ഭാൎയ്യയെനോക്കി) എടീ, എടീ, ഈ വക്കീല് ഇന്നലെ രാത്രീലും കൊറെ ശ്രുവാ ചോദിച്ചില്ലേ? അത്ര കൊടുക്കരുത്ത്. ഇയ്യാളെക്കൊണ്ട് ഒന്നിനും കൊള്ളല്ല.

മജി--മതി, മതി. മിണ്ടരുത്ത്.

പ്രതി-ദാ, പിന്നെയും. മിണ്ടരുതുപോലും! മയിസ്രേട്ടേ! ഇതൊന്നു കേട്ടാട്ടെ! ഈ വക്കീല് ഇന്നലെരാത്രി പറഞ്ഞതെന്താണെന്നറിയാമോ? തെളിവൊക്കെ എനിക്കു കൊണമാണ്. എനിക്ക് ഇട്ടംപോലെ എന്തും പറയാം. മയിസ്രേട്ട് അതൊക്കെ കേക്കാനൊള്ളവനാണ്; എന്നൊക്കെപ്പറഞ്ഞു. ഇവിടത്തെക്കാൎയ്യം ഇങ്ങനെയും. അതുപോലെയാണ് മയിസ്രേട്ടേ, ഇയ്യാളിന്നലെ പറഞ്ഞത്, എൻെറ പേരിൽ കുററം തെളിയുന്നതുവരെ ഞാൻ കുററക്കാരനല്ലെന്നു നിയമമൊണ്ടെന്നു്. എന്നിട്ടാണു് ഇവിടെ വന്ന ഒടനെ എന്നെ കുററക്കാരുടെ ക്കൂട്ടിൽപിടിച്ചുനിറുത്തിയിരിക്കുന്നതു്. കൊള്ളുകില്ല്യേ?

മജി-ശരി, നിറുത്തു്! ഉം!

പ്രതി-പിന്നേം അതുതന്നെ! ഇങ്ങോട്ടുനോക്കിയേ, മയിസ്രേട്ടേ! ഞാം പറഞ്ഞതെല്ലാം സത്യമാ. എൻെറ പേരിൽ അവിശ്വാസക്കേടുണ്ടെങ്കിൽ ഈ വക്കീലല്ലിയോ തടിപോലെ നിക്കുന്നതു്? അങ്ങേരടടുത്തു ചോദിക്കു്, എടോ വക്കീലേ! താൻ പറഞ്ഞതാണോ അല്ലിയോന്നു്!

വിസ്താരഗ്ഗുമസ്ഥൻ--എടോ, ഇങ്ങോട്ടുനോക്കു്. ഇതു കോടതി ആണെന്നോമ്മയിരിക്കട്ടെ. താൻ ലക്കില്ലാതെ സംസാരിച്ചാൽ കോർട്ടലക്ഷ്യക്കുററത്തിനു കേസെടുക്കുന്നതാണു്.

പ്രതി-ആദ്യമേ ഈ കേസു തീരട്ടെ. പിന്നല്ലിയോ അലക്ഷ്യവും ലക്ഷ്യവും എല്ലാം?

പ്രതിവക്കീൽ (രഹസ്യമായി)-ഞാൻ പറയുന്നതു കേൾക്കു. ഞാൻ നിങ്ങളെ സഹായിക്കാനാണു് വന്നിരിക്കുന്നതെന്നറിയാമല്ലോ? ചോദിക്കുന്ന ചോദ്യങ്ങൾക്കു മാത്രം മര്യാദയായി മറുപടിപറയുക. അല്ലെങ്കിൽ ആപത്തുണ്ടാകും.

പ്രതി—എന്താപത്തു്? ഒരു കുററവും ചെയ്യിട്ടില്ലാത്ത എനിക്കു് ആപത്തുണ്ടാക്കുവാൻ ആർക്കു സാധിക്കും? ആരാണ്ടെടയോ ചെമ്പുപാത്രം ആരാണ്ടു കട്ടോണ്ടു പോയത്രേ. അതിനായിട്ടു് കണിഷ്ടേപ്ളമ്മാരു് വൃമ്മാകിടന്ന എന്നെ കെട്ടിവലിച്ചു് ഇവിടെ കൊണ്ടുവന്നിരിക്കയാണു് കൊള്ളുകില്ല്യോ?

വക്കീൽ—എന്നാൽ ആ വിവരം ഞാൻ കോടതിയിൽ ബോധിപ്പിക്കാം. നിങ്ങൾ അടങ്ങിനില്ക്കു.

പ്രതി—ശരി, അങ്ങിനെ വല്ലതും ചെയ്യു്. അതിനോടൊന്നിച്ചു് നിങ്ങടെ ലായോ കീയോക്രുടി വേണെങ്കി കൊറെ ചേത്തോ. എന്നാലെങ്കിലും ആ മയിസ്രേട്ടു് ഷരി, ച്ശ്രു ഷേര, എന്നൊന്നും വിളിക്കാതിരിക്കട്ടെ. (അനന്തരം കോടതിയെനോക്കി) ഇങ്ങോട്ടുനോക്കു മയിസ്രേട്ടേ! ഈ വക്കീൽ എൻെറ വകയാണു്. ഞാം തല വച്ചു് രൂഫാ കൊടുത്തിട്ടോണ്ടു്. അതുകൊണ്ടു് എന്റെ

കാൎയ്യം അങ്ങേരുപറയും, ചെവികൊടുത്തു കേട്ടാട്ടെ.

ഗ്രമസ്ഥൻ-ആരും ശബ്ദമുണ്ടാക്കരുത്!

വക്കീൽ—എൻെറ കക്ഷിയുടെ വിവേകശൂന്യമായ വാക്കുകൾക്ക് ഞാൻ കോടതിയോട്ട മാപ്പപേക്ഷിക്കുന്നു. അയാൾക്ക് യാതൊരു ദുരുദ്ദേശവുമല്ല. അയാൾ നാട്ടുംപുറത്തുള്ള ഒരു കഴുതയാണ്........

പ്രതി-എന്ത്? നാട്ടുംപുറത്തുള്ള കഴുതയോ? എന്നെ ചീത്തവിളിക്കാനാണോ ഞാൻ തലവച്ച രൂപാ എണ്ണിത്തന്നതു്?

വക്കീൽ-മതി മതി. നിറുത്തു. അതൊക്കെ ഞാൻ വേണ്ടപോലെ പറഞ്ഞുകൊള്ളും.

പ്രതി-ഓഹോ! താനും തൊടങ്ങിയോ നിറുത്താനും നടത്താനും? നമ്മളുതമ്മിൽ ഒരെടപാടും വേണ്ട. ഞാൻ തന്നെ പറഞ്ഞോളാം (കോടതിയുടെ നേരെതിരിഞ്ഞു്) -മയിസ്ട്രേട്ടേ, ഈ വക്കീലിനെ എനിക്കുവേണ്ട.

വക്കീൽ (രഹസ്യമായി)-ദൈവത്തെ ഓർത്തു നീങ്ങൾ അടങ്ങിയിരിക്കു. നിങ്ങളെ സകല കുഴപ്പത്തിൽ നിന്നും ഞാൻ രക്ഷിക്കാം.

പ്രതി-നന്നാ ലച്ചിച്ചു! താൻ എന്നെ കൊളത്തിലെറക്കി പിന്നേം പിന്നേം രൂവാ പിടിച്ചുപറിക്കാൻ നോക്കുവാ. അതു് ഞാം സമ്മതിക്കൂല്ല.

വക്കീൽ (രഹസ്യമായി)-അങ്ങനെയല്ല. നിങ്ങൾ അല്പം ക്ഷമിക്കു. ഞാൻ എല്ലാം നേരെയാക്കാം.

പ്രതിയുടെ ഭാൎയ്യ-അങ്ങേരു പറയുന്നതു കേൾക്കുന്നില്ലേ? ഒന്നുമില്ലെങ്കിൽ നമ്മൾ കൊട്ടത്തീപോയ

ദ്രുവായ്യെങ്കിലും അയാൾ എന്തെങ്കിലും ചെയ്യട്ടെ.

പ്രതി-അതു ശരിയാണെടി നീ പറഞ്ഞതു്. നെനക്കു പുത്തിയൊണ്ടു്. പറ വക്കീലേ പറ. നേരെ പറ.

വക്കീൽ (കോടതിയോടു്)-എൻെറ കക്ഷി നിരപരാധിയാണു്. അയാൾ വാദിയുടെ വീട്ടിൽ കടക്കുകയാകട്ടെ പാത്രം മോഷ്ടിക്കുകയാകട്ടെ ചെയ്തിട്ടില്ല.

പ്രതി (ഇടയ്ക്കു തടഞ്ഞുകൊണ്ടു്)-മയിസ്രേട്ടേ! ഈ ങ്ങോട്ടുനോക്കു്. ഈ തലയുംവാലുമില്ലാത്ത വക്കീലു പറയുന്നതെല്ലാം കള്ളമാണു്. തനിക്കെങ്കിലും ഇത്തിരി വിവരമൊണ്ടല്ലോ. ഞാൻ ഒരു വീട്ടിൽ കേറി ആ പാത്രം എടുത്തുകൊണ്ടുപോയതാണു്. പക്ഷെ, ആ നിൽക്കുന്നവനാണ്ടല്ലോ-വാദിയോ കുന്തിരിക്കമോ, അവൻ. അവനു് അതിലെങ്ങും ഒരു കായ്യവുമില്ലെന്നേയൊള്ളു.

മജി-അപ്പോൾ താൻ കുററം സമ്മതിക്കുന്നോ?

പ്രതി-അതുമാത്രമില്ല മയിസ്രേട്ടേ! അവടെയാ മയിസ്രേട്ടിനു് ലാപ്പായിൻറും ഹീറങ്കിയുമൊന്നുമറിഞ്ഞുക്രൂടാത്തതു്. ഒരു വീട്ടകത്തിപ്പൊളിക്കാതെ എനിക്കു് അതിൻറകത്തു കടക്കാനും മോട്ടിക്കാതെ ഒരു പാത്രം എടുത്തോണ്ടു വരാനും സാധിക്കും

മജി—എങ്ങിനെ?

വാദിവക്കീൽ-യുവറാണർ! ഇപ്പോഴെങ്കിലും അയാൾ കോടതിയുടെ വിലയേറിയ സമയം വൃഥാ കളയിക്കുകയാണെന്നു് കോടതിക്കു ബോദ്ധ്യപ്പെട്ടിരിക്കുമല്ലോ. അയാൾ ഇപ്പോൾ പറഞ്ഞതിൽനിന്നു തന്നെ അയാൾ കുററക്കാരനാണെന്നു് സ്വയം സമ്മതിക്കുന്നതായി കരുതാം.

പ്രതി-അപ്പഴാണ് സവ്വവും തെറവുന്നതു്. സമയം വെറുതേ കളയുന്നുപോലും! ആരെടെ സമയം? കോടതിയുടെ സമയമോ? എൻെറ സമയത്തിൻെറ കായ്യം മറന്നുപോയിരിക്കാം? ഏ വക്കീലേ! ഞാൻ ഇവിടെവന്നു നില്ക്കുമ്പം എൻെറ വെളവൊക്കെ കന്നാലി തിന്നോണ്ടു പോകുവാ; തനിയ്ക്കറിയാമോ?

പ്രതിവക്കീൽ—(രഹസ്യമായി) കോടതിയുടെ വിലയേറിയ സമയമെന്നു് ബഹുമാനസൂചകമായി പറയുന്നതാണ്. നമ്മുടെ സമയവും വിലയേറിയതുതന്നെ.

പ്രതി-പിന്നെന്താ, അതൊന്നും ഇവിടെ പറഞ്ഞുക്കൂടാത്തതു്?

വക്കീൽ—കോർട്ടുമയ്യാദപ്രകാരം അങ്ങിനെയൊന്നും പാടില്ല.

പ്രതി-അപ്പം എന്തു കച്ചേരിയാ ഇതു്? വരുന്നവരെക്കൊണ്ടെല്ലാം പഞ്ചാംഗം കയ്യിലെടുപ്പിച്ചു് സത്യം ചെയ്യിക്കുന്നതിതിനാണോ?

മജിസ്ത്രേട്ടു് (കുപിതനായി പ്രതിവക്കീലിനോടു്) ദയവുചെയ്തു് നിങ്ങൾ അയാളോടു് മിണ്ടാതെ കായ്യംമാത്രം പറയാൻ ശട്ടംകെട്ടുമോ?

പ്രതി-ഇതുതാനാ പുതുലോകം! മിണ്ടാതെ കായ്യം പറയണംപോലും! അതെങ്ങനെ സാധിക്കും മയിസ്രേട്ടേ?

മജി-ഇവനെ എന്തുചെയ്യാനാണീശ്വരാ!

പ്രതി-അവനെ പോകാൻ പറയണം, മയിസ്രേട്ടേ! അവൻ ഒരു കുററവും ചെയ്തിട്ടില്ല

മജി-ഇവനെക്കൊണ്ടു വിഷമിച്ചു. (പ്രതിയുടെ നേരെ തിരിഞ്ഞു്) എടോ, ഇങ്ങോട്ടുനോക്കു്. തനിയ്ക്കു്

ഈ കേസുസംബന്ധിച്ചു് പറയാനുള്ളതെല്ലാം എങ്ങിനെയെങ്കിലും പറഞ്ഞു തുലയ്ക്കു്.

പ്രതി-അതു ശരി. ഇങ്ങനെയാണു് ഇന്നലെരാത്രി എന്റെ വക്കീലും പറഞ്ഞതു്. മയിസ്രേട്ടു് ഇങ്ങോട്ടു നോക്കിയേ! ഞാം ഒരക്ഷരം മിഴുങ്ങാതെ പറയാം. കൂട്ടിൽ കേറിയ ഓരോ സാക്ഷിയുടെ അടുത്തും സത്യംമാത്രമേ പറയാവൂ എന്നു ശട്ടംകെട്ടി. എന്നിട്ടും അവന്മാരെല്ലാം കള്ളംമാത്രമേ പറഞ്ഞൊള്ളു. എൻറടുത്തു സത്യംമാത്രമേ പറയാവൂ എന്നൊന്നും ആരും പറഞ്ഞിട്ടില്ല. എന്നിട്ടും ഞാം പറയാൻപോകുന്നതു മുഴുവൻ സത്യമാണു്. കേട്ടാട്ടെ, ആ ഏട്ടങ്ങത്തയില്ലെ? അങ്ങേരു് ഇപ്പം ആ മറേറ വക്കീലിൻറടുത്തു് വല്യ ആളായിട്ടിരിക്കുകയാണു്. അയാളൊരുത്തനാണു് ഇതെല്ലാംചെയ്തതു്.

ഹെഡ്കാൺസ്റ്റബിൾ - യുവർ ആണർ! പ്രതി എന്നെപ്പററി ആക്ഷേപകരവും കൃത്രിമവുമായ ദോഷാരോപണങ്ങൾ നടത്തുകയാണു്. അയാളെ ഉടൻ തടയണമെന്നു് കോടതിയോടപേക്ഷിച്ചുകൊള്ളുന്നു.

പ്രതി—ഇവിടെ തടയാനും വിടാനും ഒന്നും ഒക്കുകില്ല, ഈ മജിസ്രേട്ടു്, അല്ല. ഏമാൻ ഉവറാണർ എൻറുടുത്തു് പറയാനൊള്ളതു മുഴുവൻ പറഞ്ഞോളാൻ സമ്മതിച്ചിരിക്കയാണു്. തൻെറ വയററിനകത്തെ പൂക്കാണ്ടി എനിക്കറിയാം. അടിവയററിൽ ഒരു ഒമ്പതാമ്മതസവം.

മജി—ഉം. പറയൂ പറയൂ.

പ്രതി—പറയാം. ഏമാൻ! ഈ ഏട്ടൊണ്ടല്ലോ ഞങ്ങടെ അടുത്ത വീട്ടിലാണു് താമസം. അങ്ങേക്കു് അതു

വേണം, ഇതുവേണം എന്നെല്ലാം പറഞ്ഞു് എപ്പോഴും വീട്ടിൽ വരും. അല്ല്യോടി? എടീ, നിന്നോടാ.

പ്രതിയുടെ ഭാര്യ-അതെയതെ. അയാള് ചോദിക്കു ന്നതൊക്കെ കൊടുക്കണം. അയാടെ വീട്ടുകാരിയോ...?

മജി—നിനക്കു് സംസാരിക്കാൻ അധികാരമില്ല.

പ്രതി-എടീ! നീ ഒന്നും പറയേണ്ട. ഇപ്പം എനിക്കാ അതിനു് അധികാരമൊള്ളതു്. ഒരുദിവസം അങ്ങേരു് ഞങ്ങടെ ചെമ്പുപാത്രം മേടിച്ചോണ്ടുപോയി. തിര്യെ തന്നില്ല. ഞാം ഒരു ദിവസം അയാടെ വീട്ടിൽ പലരും ഇരിക്കെ ചെന്നുകേറി ഞങ്ങടെ പാത്രം എടുത്തോണ്ടുപോന്നു. എട്ടുങ്ങത്ത അന്നേരം അവിടെ തടിപോലെ ഇരിപ്പുണ്ടായിരുന്നു പക്ഷെ, അന്നേരം അങ്ങേരു വിചാരിച്ചാൽ എൻെറ നേരെ ഒന്നും നടക്കുകില്ല.

മജി—ശരി; പിന്നീടു് എന്തു സംഭവിച്ചു?

പ്രതി: എന്തു സമ്പവിക്കാനാ! മയിസ്രേട്ടേ! ഒരു ദിവസം നേരംവെളുത്തു നോക്കിയപ്പം ആ പാത്രം ഞങ്ങടെ വീട്ടീന്നു് ആരോ മോട്ടിച്ചോണ്ടു പോയിരിക്കുന്നു. അതിനു കേസുമില്ല, കീസുമില്ല! പിറേറദിവസിയൊണ്ടു്, ദാവരുന്നു എൻെറ പേരിൽ കേസ്. ഇപ്പം എന്റെ പാത്രം തന്നെ കച്ചേരിയിൽ ഹാജരാക്കിയിരിക്കുന്നു. ഞാൻ എന്റെ പാത്രം മോട്ടിച്ചെന്നാ. കൊള്ളുകില്ല്യോ?

ഹെഡ്ഡു് കാൺസ്റ്റബിൾ—യുവർ ആണർ! അയാളതു തെളിയിക്കട്ടെ.

പ്രതി—മയിസ്രേട്ട! ആ പാത്രത്തിൽ എന്തെങ്കിലും പ്രത്യേക അടയാളമൊണ്ടോന്നു് അങ്ങേരെടുത്തു് ഒന്നു ചോദിച്ചേക്കണേ.

മജി—പാത്രത്തിൽ എന്തെങ്കിലും അടയാളമു ണ്ടോ?

ഹെഡ്ഡ്: ഒരടയാളവുമില്ല. പത്തുകൊല്ലമായി ആ പാത്രം എൻെറ കയ്യിൽ വന്നുചേൎന്നിട്ട്.

പ്രതി: വീണ്ടും കള്ളം തന്നെ. പച്ചക്കള്ളം! ആ പാത്രം കയ്യിലെടുത്തു നോക്കിയാട്ടെ.

പ്രതിവക്കീൽ: (കേസു ജയിക്കുന്നതിനുള്ള ലാഞ്ഛന കണ്ടു് ആഹ്ളാദത്തോടുകൂടി) യുവറാണർ എന്നു പറയൂ.

പ്രതി: ഉവറാണർ.

മജി: അപ്പോൾ ഈ പാത്രത്തിൽ എന്തെങ്കിലും പ്രത്യേക അടയാളമുണ്ടോ?

പ്രതി: ഉണ്ടു് മയിസ്രേട്ടേ! അല്ല, ഉവറാണർ! മയിസ്രേട്ടമാൻ! ഈ പാത്രം വാങ്ങീട്ടു് ഒരു വർഷമേ ആയിട്ടുള്ളു എൻെറ പേരു് പാത്രത്തിനകത്തു് കഴുത്തിന രണ്ടിഞ്ചുതാഴെയായി കൊത്തീട്ടുണ്ടു്. അതാൎക്കും അത്രവേഗത്തിൽ കാണാൻ സാധിക്കയില്ല ആ തിരുവാഴിത്താൻ ഏട്ടങ്ങത്തയും അതു കണ്ടില്ല. പാവം! ഹാ! ഹാ!!

മജി: (പാത്രം കയ്യിലെടുത്തു പരിശോധിച്ചശേഷം) നിങ്ങൾ പറയുന്നതുപോലെ പേരു് ഇതിൽ കൊത്തീട്ടുണ്ടു്. ഇക്കാൎയ്യം എന്തുകൊണ്ടു മുമ്പുതന്നെ പറഞ്ഞില്ല?

പ്രതി: ഞാൻ എങ്ങനെ പറയും ഏമാൻ? ഞാൻ ചുണ്ടനക്കിയാലുടൻ ഉവറാണർ ഛരീ! ച്ശ്ശു എന്നൊക്കെ പറഞ്ഞുകളയുന്നു.

മജി: (ഹെഡ്ഡ്കാൺസ്റ്റബിളിനോടു്) നിങ്ങൾ ഇതിന്നെന്തു സമാധാനം പറയുന്നു?

ഹെഡ്സ്റ്റ്—അതു്......യുവറാണർ.......പക്ഷെ...
......എന്നാലും ഉത്തരവ്......

പ്രതി-ററാ, ററാ, ററാ!

ഗുമസ്തൻ-ചിരിക്കരുതു്.

പ്രതി. ചിരിക്കരുതു്. മിണ്ടരുതു്! നമ്മളെല്ലാം മനക്ഷേരല്ലേ, കൊമത്ഥൻ്രചേട്ടാ!

മജി: ഞാൻ ഈ പ്രതിയെ പൂർണ്ണമായി വിശ്വസിക്കുന്നു. അതിൻപ്രകാരം അയാളെ വെറുതെവിട്ടു വിധി പ്രസ്താവിച്ചിരിക്കുന്നു. ഈ ഹെഡ്സ്റ്റ്കാൺസ്റ്റബിളിൻെറ പേരിൽ പ്രത്യേകം കേസെടുക്കണം.

പ്രതി: അതുപോലെതന്നെ, അയാളുടെ സാക്ഷികളുടേയും

മജി: അങ്ങിനെതന്നെ.

പ്രതി: ഞാം പൊയ്ക്കോട്ടേ, ഏമാനേ?

മജി: പൊയ്ക്കൊള്ളു.

(പ്രതിവക്കീൽ ഈ സമയം പ്രതിയുടെ ചെവിയിൽ എന്തോ മന്ത്രിക്കുന്നു.)

പ്രതി: ഈ വക്കീല് പറയുന്നതുകേട്ടോ ഏമാനേ! ഞാം ഏമാൻെറടുത്തു വല്ലാണ്ടൊക്കെ പറഞ്ഞെന്നു്. അതിനു് ഞാം ഏമാൻെറടുത്തു് മാപ്പു്. പിന്നെ ഒരു കാര്യം. ഞങ്ങളൊക്കെ നാട്ടുംപുറത്തുകാരു്. കച്ചേരിയെന്നും മയിസ്രേട്ടെന്നും പറഞ്ഞാൽ അങ്ങാടിമരുന്നാണോ പച്ചമരുന്നാണോ എന്നുകൂടി അറിഞ്ഞുകൂടാ.

മജി: അതൊന്നും സാരമില്ല. താൻ പൊയ്ക്കൊള്ളു.

(പ്രതി പോകുന്നു)

**2**

(കോടതിയിലെ വരാന്ത. പ്രതിവക്കീൽ പ്രതിയെ തടഞ്ഞു നിറുത്തുന്നു)

വക്കീൽ—ഞാൻ കേസു ജയിപ്പിച്ചിരിക്കുന്നു. എനിയ്ക്കു് ഇരട്ടി ഫീസുതരണം.

പ്രതി—ഇയ്യാളെന്തോ ചെയ്തു? ഒന്നും ചെയ്തില്ല. ഞാനാണു കേസു ജയിച്ചതു്. നിങ്ങടെയൊക്കെ ലായും കീയും കൊണ്ടെന്തുഫലം? പ്രധാനപ്പെട്ട കാര്യം നിങ്ങൾ മറന്നുകളഞ്ഞില്ലേ?

വക്കീൽ-ഞാൻ എന്തുചെയ്യും? പാത്രത്തിനകത്തു് പേരു കൊത്തീട്ടുണ്ടെന്നു് എന്തുകൊണ്ടു് എന്നോടു് പറഞ്ഞില്ല?

പ്രതി: നിങ്ങളോടു പറഞ്ഞു് കേസു തോക്കണമെന്നു് എനിക്കു വിചാരമില്ലായിരുന്നു; അതുകൊണ്ടു തന്നെ. നിങ്ങളെഒക്കെ എനിക്കറിയാം. ഞാൻ അക്കാര്യം തന്നോടു പറഞ്ഞിരുന്നാൽ താൻ ആ വിവരം ഒരു രൂപാ കൈക്കൂലി വാങ്ങിച്ചോണ്ടു് ആ എട്ടിനോടു പറഞ്ഞേനെ. ഞാം കേസും തോററുപോയേനേ.

വക്കീൽ: പിന്നെ എന്തിനാണു് നിങ്ങൾ എന്നെ ഏർപ്പെടുത്തിയതു്?

പ്രതി: ആഹാ, അതിനു കാര്യമുണ്ടു്. ആ എട്ടിനെ വഴിതെററിക്കാൻവേണ്ടി ഞാനെടുത്ത ഒരു സൂത്രവിദ്യയല്യോ അതു്? ഞാൻ തന്നോടു പറഞ്ഞിട്ടുള്ളതെല്ലാം താൻ അയാളോടു പറയുമെന്നു് എനിക്കറിയാം. പേരു കൊത്തിയിരുന്ന കാര്യം ഞാൻ തന്നോടു പറഞ്ഞില്ല. അതുകൊണ്ടു് അയാൾ അറിഞ്ഞില്ല. അതുകൊണ്ടു് അയാൾ മണ്ടനായി. അതുകൊണ്ടു് ഞാൻ കേസുജയിച്ചു. ഹാ, ഹാ, ഹാ! (അനന്തരം ഭാര്യയോടു തിരിഞ്ഞു്) എടീ, എടീ! ഇനിയെങ്കിലും ഈ പാത്രം ആരുചോദിച്ചാലും കൊടുക്കരുതു്. കേട്ടോടീ! എച്ചിച്ചൂലേ! നിന്നോടാ, പറഞ്ഞതു്.

# സ്വീകരണം.

## രംഗം 1

(വീരപുരിയിലേയ്ക്കു പുതുതായി നിയമിതനായിരിക്കുന്ന വിദ്യാഭ്യാസഡയറക്ടറെ സ്വീകരിക്കുവാനായി ഒരു മലയാളം ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ മേൽനോട്ടത്തിൽ അദ്ധ്യാപകന്മാരും അദ്ധ്യാപികകളും ഉൾപ്പെട്ട ഒരു വലിയ ജനസംഘം റെയിൽവേസ്റ്റേഷനിൽ നേരത്തെ ഹാജരായിരിക്കുന്നു.)

ഹെഡ്മാസ്റ്റർ: ഹും, വണ്ടി വരാറായി. എല്ലാവരും തയ്യാറായി നിന്നുകൊൾവിൻ. യാതൊരു കാര്യവും മറന്നുപോകരുതു്. സായ്പ്പ് വണ്ടിയിൽനിന്നിറങ്ങിയാലുടൻ എല്ലാവരും ഒന്നിച്ചു സല്യൂട്ടുചെയ്യണം, കേട്ടോ?

1-ാം അസിസ്റ്റൻറ്: അങ്ങിനെതന്നെ. അതാ, അതാ, വണ്ടി പ്ലാററുഫാറം അടുക്കാറായി. ഒന്നാംക്ലാസ്സുമുറിയിൽ ഒരേ ഒരാൾ മാത്രമേ ഉള്ളു.

ഹെഡ്മാസ്റ്റർ: അതെ. അതുതന്നെയാണു് ഡയറക്റ്റർ സായ്പ്പ്. വടക്കേഇൻഡ്യയിൽവച്ചു് ഞങ്ങൾ തമ്മിൽ വലിയ പരിചയമാണു്. ഉം? എന്താണു് സാർ, നിങ്ങൾ അലക്ഷ്യമായി നില്ക്കുന്നതു്? ഹേ, മുൻഷി! നിങ്ങളോടാണു് ചോദിച്ചതു്. ഉം ഉജാറായി നില്ക്കു.

മുൻഷി: വിദ്യാഭ്യാസവകുപ്പദ്ധ്യക്ഷനായ ഭരണധുരന്ധരൻെറ സമാഗമനസന്ദർഭം സമാഗതമായിരിക്കുമ്പോ

ഴോ ഈ ഭാഷാഭക്തൻ ആലസ്യതയിൽ ആമഗ്നനാകു ന്നതു്?

ഹെഡ്മാസ്റ്റർ: ശരി, ശരി. അതാ വണ്ടി പ്ലാ റ്റുഫാറത്തിൽ നിന്നുകഴിഞ്ഞു. നമുക്ക് എല്ലാവക്കുംകൂടി ചെന്നു് സായ്പിനെ സ്വീകരിക്കാം; വരു വരു.

(എല്ലാവരും പോകുന്നു)

## രംഗം 2

(റെയിൽവേസ്റ്റേഷൻ. ധാര തീവണ്ടിയിൽനിന്നിറങ്ങിവരു ന്നു. അദ്ധ്യാപകസംഘം ജയജയാഘോഷത്തോടുകൂടി അദ്ദേഹ ത്തെ സ്വീകരിക്കുന്നു. ഹെഡ് മാസ്റ്റർ അദ്ദേഹത്തിൻെറ കഴു ത്തിൽ ഹാരമിടുന്നു. ധാര അമ്പരന്നു നോക്കുന്നു.)

ഹെഡ്മാസ്റ്റർ: അവിടത്തെ ഈ ആഗമനത്തിൽ ഞങ്ങൾക്കുള്ള ആനന്ദം അതിരററതാണു്. ഞങ്ങളുടെ എളിയവന്ദനം സദയം സ്വീകരിച്ചാലും.

ധാര—Oh. I am so glad to be in your midst. My best wishes to you all.

ഹയർകാരി മിസ്സ്രസ്സ്: ഭാഷായോഷ സനാഥ യായി. അദ്ധ്യാപികകളുടെ ഈ എളിയ പ്രതിനിധിയു ടെ വന്ദനം സ്വീകരിച്ചാലും!

ധാര— A sweet young lady, surely! And so modest! Where can I have met her before? She affects so close an acquaintance with me.

ഡ്രിൽമാസ്ററർ: ഇപ്പോഴത്തെമൂം ഡ്രില്ലും ഡ്രാ യിങ്ങും കരാം എടുക്കണമെന്നാണു്. ശമ്പളക്കൂടുതൽ

ഇല്ലതാനും. സമക്ഷപത്തിലെ ദയവുണ്ടായി ഇതിന്ന് എന്തെങ്കിലും പരിഹാരമുണ്ടാക്കിയാൽ......

ഹെഡ്മാസ്ററർ: ച്ശ്. ആനക്കാര്യത്തിനിടയിൽ ചേനക്കാര്യം. അതൊക്കെ ഡയറക്ടറാഫീസിൽ ചെന്നു ബോധിപ്പിക്കേണ്ടതല്ലേ? അല്ലെങ്കിൽ അതൊരു പ്രമേയമാക്കി ആരെങ്കിലും മെംബറന്മാരെക്കൊണ്ട് നിയമസഭയിൽ അവതരിപ്പിച്ചാൽ തീരും.

ഒരു പുസ്തകമെഴുത്തുകാരൻ: സർ, ക്ഷമിക്കണം. ഇതാണ് ഞാൻ പുതുതായി എഴുതീട്ടുള്ള പ്രണയവിപ്ലവം എന്ന കൃതി. ബാലവിദ്യാർത്ഥികൾക്കു പഠിക്കുവാൻ ഏററവും പററിയ പുസ്തകം. ഏതെങ്കിലും ക്ലാസ്സിലേയ്ക്കു ഈ പുസ്തകം ഒരു ടെക്സ്ററാക്കി ഭാഷാസാഹിത്യത്തെ പരിപോഷിപ്പിക്കയും, പതിനെട്ട് അംഗങ്ങളുള്ള എന്റെ കുടുംബത്തിന്റെ ദാരിദ്ര്യത്തിനു ഉപശാന്തിവരുത്തുകയും ചെയ്യുവാൻ കൃപയുണ്ടാകുമാറാകണം.

ധാര— I am sure these block-heads must be labouring under some strange misappre hension.

ഗ്രന്ഥകാരൻ: ആവൂ. സായ്വിന്റെ ദയാദൃഷ്ടി തീർച്ചയായും എന്റെ കൃതിയിൽ പതിയുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. എത്ര സന്തോഷത്തോടുകൂടിയാണ് അദ്ദേഹം അതിനെ പുകഴ്ത്തി ഇപ്പോൾ ഇംഗ്ലീഷിൽ സംസാരിച്ചതു്

ധാര— My dear friends! Kindly excuse me. I am so confused. Please don't crowd around me.

മുൻഷി: ഉം. എല്ലാവരും തത്ര വിദൂരസ്ഥലത്ത് ആസനസ്ഥരായി നിലകൊണ്ടാലും. (മിസ്സസ്സിന്റെ നേരെ തിരിഞ്ഞു) ഭവതിയോടാണ് ഏവംവിധം പ്രഭാഷണം അനുവർത്തിച്ചത്.

മിസ്സസ്സ്: ഇതെന്തൊന്നാ സാറേ! നെഞ്ചുനോക്കി കുത്തുന്നത്. നോവത്തില്ല്യോ? ഞങ്ങൾ ഇവിടല്ല്യോ നിക്കുന്നത്? സായ്പിനെ ഒന്നു നേരേ കണ്ടോട്ടെ.

ധാര— No. Please don't torment me. I would rather choose to be left to myself.

ഒരധ്യാപകൻ: നമ്മുടെ ഭരണമേധാവി വലിയ കോപിഷ്ഠനാണെന്നു തോന്നുന്നവല്ലോ. അദ്ദേഹത്തിനു നമ്മുടെ ഒരുക്കങ്ങൾ തീരെ വിടിച്ചിട്ടില്ല.

ഹെഡ്മാസ്റ്റർ: സർ, ഞങ്ങളുടെ ഒരുക്കങ്ങളിൽ എന്തു കുററങ്ങളും കുറവുകളും ഉണ്ടെങ്കിലും അതെല്ലാം അവിടുന്നു ക്ഷമിക്കണം വെളിയിൽ അതാ കാർ കാത്തു നില്ക്കുന്നു. ദയവുചെയ്തു് അതിലേയ്ക്കു കയറിയാലും.

ധാര— What hideous mockery is this? Please leave me to myself and go your way. That car, surely is not intended for me.

ഹെഡ്മാസ്റ്റർ: ക്ഷമിക്കണം അങ്ങയുടെ ഉപയോഗത്തിലേയ്ക്ക് അവിടെനിന്ന് അയച്ചിട്ടുള്ള കാറാണ്.

ധാര— Oh, is it so? I am so gland. Well I will get in.

(സായ്പു മുൻപേയും അധ്യാപകന്മാർ പുറകെയുമായി നടന്നു പോകുന്നു.)

•മിസ്സസ്സ്: (പുറകിൽനിന്നു ഒരു അധ്യാപകനോ

ട്")-ഞാൻ ഡയറക്ടർ സായ്പിനെ നന്നായിട്ടുകണ്ടു. എങ്കിലും എന്തൊരു മുൻഷി അപ്പാ! അങ്ങേരുടെ ഭാവം ഇതെല്ലാം അങ്ങേരുടെ തലയിലാണെന്നാ!

## രംഗം 3

(ഈ സംഭവത്തെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ തയ്യാറാക്കാനായി രണ്ടു പത്രറിപ്പോർട്ടറന്മാർ ഒരു കാഫിഹോട്ടലിൽ പ്രവേശിക്കുന്നു.)

ഒന്നാമൻ: ഹേ, പോററി! രണ്ടു് അരക്കപ്പു കാപ്പി കൊണ്ടുവരു. (അനന്തരം സ്നേഹിതനോടുതിരിഞ്ഞു്) ഹേ. പുതിയ ഡയറക്ടർസായ്പു് ഒരു ഗംഭീരപുരുഷൻതന്നെ; സംശയമില്ല.

രണ്ടാമൻ: അതുപോകട്ടെ, നിങ്ങളുടെ റിപ്പോർട്ടു തയ്യാറാക്കിക്കഴിഞ്ഞില്ലേ? ഒന്നു വായിക്കു; കേൾക്കട്ടെ.

ഒന്നാമൻ: അങ്ങനെതന്നെ. (വായിക്കുന്നു.)

സ്വ. ലേ. ജനുവരി 17-ാംനു-

സുപ്രസിദ്ധ വിദ്യാഭ്യാസധുരന്ധരന്റെ ആഗമനം. വീരപുരി റെയിൽവേസ്റ്റേഷനിലെ വമ്പിച്ചസ്വീകരണം.

എന്താ കേൾക്കുന്നില്ലേ?

രണ്ടാമൻ: കേൾക്കുന്നുണ്ടു്. വായിക്കണം.

ഒന്നാമൻ: ഇന്നു് ആദിത്യഭഗവാൻ പതിവിൽ നേരത്തെ ഉണന്നു് വീരപുരിനിവാസികൾക്കു് സമാഗതമാകുവാൻപോകുന്ന ആഹ്ളാദമഹോത്സവത്തെ വിളിച്ചറിയിക്കപ്പെട്ടു. രാവിലെ ആറുമണിമുതൽ പട്ടണത്തിൻെറ നാനാഭാഗത്തുനിന്നുമായി ഒരു വമ്പിച്ച ജനാവലി

റെയിൽവേസ്റ്റേഷനെ ലക്ഷ്യമാക്കി പ്രയാണം ചെയ്യപ്പെട്ടു. പുതിയ വിദ്യാഭ്യാസ ഡയറക്ടർഹാമിൽടൺധ്വരയെ സ്വീകരിക്കുവാനായി കൂടിയിരുന്ന പുരുഷാരത്താലും സ്ത്രീയാരത്താലും റയിൽവേപ്ലാററുഫോറം മനുഷ്യശിരസ്സുകളുടെ ഒരു മഹാസമുദ്രമായിരുന്നു എന്നു പറയപ്പെട്ടുന്നതിൽ തെല്ലും അതിശയോക്തിയില്ലതന്നെ.

രണ്ടാമൻ: സായിപ്പിൻെറ പേരു് നിങ്ങൾക്കു് എങ്ങിനെ മനസ്സിലായി?

ഒന്നാമൻ: റെറും ഒരൂഹം, അത്രേയുള്ളൂ.

രണ്ടാമൻ: തെററിപ്പോയാൽ?

ഒന്നാമൻ: അടുത്ത ലക്കത്തിൽ ഒരു തിരുത്തു കൊടുക്കും. അത്രതന്നെ. അപ്പോൾ, ഞാൻ തുടർന്നു വായിക്കട്ടെ?

രണ്ടാമൻ: ഉം. ഉം.

ഒന്നാമൻ: കൃത്യം പത്തു നാല്പത്തഞ്ചായപ്പോൾ, താൻ നിർവഹിക്കുന്ന മഹൽകൃത്യത്തിൻെറ ഗൗരവത്തെ പൂർണ്ണമായി ഗ്രഹിച്ചിട്ടെന്നവണ്ണം എട്ടുദിക്കും പൊട്ടുമാറുള്ള ഹുങ്കാരധ്വനിയോടുകൂടി തീവണ്ടി റെയിൽവേസ്റേറഷനിലേയ്ക്കു പാഞ്ഞെത്തുക്കപ്പെട്ടു.

എന്താ, ഞാൻ പ്രയോഗിക്കപ്പെട്ടിരിക്കുന്ന ഈ പുതിയ അലങ്കാരം നന്നായിട്ടില്ലേ?

രണ്ടാമൻ: ഭേഷ്, ഭേഷ് പരമരസികൻ. ഉം തുടർന്നു വായിക്കൂ.

ഒന്നാമൻ: വണ്ടിവന്നു നിന്നതും സായ്പവർകളെ ഒരു നോക്കുകണ്ടു് നയനസാഫല്യവും ജന്മസാഫല്യവും അടയുവാൻ അക്ഷമരായി കാത്തു നിന്നിരുന്ന ലക്ഷക്കണക്കിനുള്ള ആശ്രിത ജനങ്ങളെ കരുണാമസൃണമായ

നയനങ്ങളാൽ സംവീക്ഷണം ചെയ്തുകൊണ്ട് നമ്മുടെ ഭാവിവിദ്യാഭ്യാസവകുപ്പദ്ധ്യക്ഷൻ മന്ദംമന്ദം നടന്നു കാറിൽ കയറി. ആഹ്ലാദപ്രമത്തരായ ജനസഞ്ചയം ജയജയഘോഷങ്ങളാൽ വിശിഷ്ടാതിഥിയെ സ്വാഗതം ചെയ്യപ്പെട്ടു. ആരാധകവൃന്ദം ആ ഗംഭീര പുരുഷനെ ആലോകനം ചെയ്തു മതിമറന്നു നിൽക്കവേ സായ്പവർകളെ വഹിച്ചിരുന്ന പുഷ്പകവിമാനസദൃശമായ ആ വായുശകടം ഒരു യാഗാശ്വത്തിൻെറ വേഗതയോടുകൂടി ജനസഞ്ചയത്തെ പിന്നിലാക്കി ഓടിച്ചുപോകപ്പെട്ടു. അദ്ദേഹത്തിൻെറ ആഗമനം വിദ്യാഭ്യാസവകുപ്പിൻെറ ഭാവിശ്രേയഃപിശുനശകുനമായി കരുതുന്നു.

ഇന്നു പകൽ നാലുമണിക്കുശേഷം സായ്പവർകളുടെ ബഹുമാനാർത്ഥം പുത്തൻ മൈതാനത്തുവച്ച് ഒരു വമ്പിച്ച മഹായോഗം കൂടുന്നതും തദവസരത്തിൽ വിദ്യാഭ്യാസവകുപ്പുകാരാൽ അദ്ദേഹത്തിന് ഒരു മംഗളപത്രം സമർപ്പിക്കുന്നതുമാണ്.

രണ്ടാ: ഭേഷ്, ഭേഷ്. റിപ്പോർട്ട് ആദ്യന്തം ആപാദചൂഡം കൂലംകഷായമായിട്ടുണ്ടെന്ന് എൻെറ സർവ്വശക്തികളും പ്രയോഗിച്ച് പ്രതിഷേധിച്ചുകൊള്ളുന്നു. അഥവാ സമ്മതിച്ചുകൊള്ളുന്നു. ദയവുചെയ്തു അല്പം ക്ഷമിക്കു. ഞാൻ അതു് എൻെറ പത്രത്തിലേയ്ക്കുവേണ്ടി ഒന്നു പകർത്തി എടുത്തുകൊള്ളട്ടെ.

ഒന്നാ: അതെങ്ങിനെ സാധിക്കും? ഇതിൻെറ പകർപ്പുതന്നെ നിങ്ങളുടെ പത്രത്തിലും പ്രസിദ്ധപ്പെടുത്തുകയോ? അതൊരിക്കലും സാദ്ധ്യമല്ല.

രണ്ടാ: അല്ലല്ല; വാക്കുകളും വാചകങ്ങളും ഒക്കെ

മാററിക്കൊള്ളാം; ആശയം മാത്രം മതി.

ഒന്നാ: ഉം, എന്നാൽ വേഗമാകട്ടെ. എൻെറ അലങ്കാരങ്ങളൊന്നും കൈവശപ്പെടുത്തരുതേ.

രണ്ടാ: ഇല്ലില്ല.

(രണ്ടാമൻ ന്യൂസ് പകത്തിയെടുത്ത് രണ്ടുപേരും അവിടെനിന്നും പോകുവാൻ ആരംഭിക്കുന്നു)

ഹോട്ടൽക്കാരൻപോററി: അപ്പോ ദുട്ടു കുടുക്കി ല്ലിയേ!

ഒന്നാമൻ: തുട്ട്, തുട്ട്! ഇതാ ഈ റിപ്പോർട്ട് പത്രാധിപരെകൊണ്ട് ഏൽപ്പിച്ചിട്ടുവരട്ടെ. പോററിയുടെ ഇടപാടു തീർത്തിട്ടു മററുകാര്യം.

പോററി: മുൻബാക്കിയോ, ശാർ! ഇനിയും കടം കുടുക്കാൻ ശാതിക്കത്തില്ല.

ഒന്നാ: ഏറെ സംസാരിച്ചാൽ ഞങ്ങൾ വേറെ ഹോട്ടലിൽ പററുവരവാക്കിക്കളയും, പറഞ്ഞേക്കാം.

രണ്ടാ: അങ്ങിനെതന്നെ വേണം. എന്നാലേ ഇക്കൂട്ടർ മര്യാദപഠിക്കൂ. ഇവരെക്കുറിച്ച് ഒരു ലീഡർതന്നെ എഴുതിക്കളഞ്ഞാലെന്തെന്നു ചിലപ്പോൾ തോന്നാറുണ്ട്. വരൂ. വരൂ.

(പോററി മിഴിച്ചു നില്ക്കുന്നു, റിപ്പോർട്ടറന്മാർ ധൃതിയായി പോകുന്നു.)

## രംഗം 4

(പുത്തൻ മൈതാനത്തെ മഹായോഗം. അദ്ധ്യാപകന്മാരുടെ അകമ്പടി സഹിതം ധാര സദസ്സിൽ ഹാജരാകുന്നു. ആദ്യമായി ഒരു യുവതിയുടെ സ്വാഗതഗാനം)

മഞ്ജരി.

സ്വാഗതം. സ്വാഗതം, സ്വാഗതമേകുന്നു
ബാലികാബാലകരാകും ഞങ്ങൾ
വിദ്യാവതിദേവി, മംഗലരൂപിണി-
യിദ്ദിശി ഭർതൃഭരിതയായി. (സ്വാ)

ഭാഷയാം യോഷയ്ക്കു വേഷവിഭൂഷകൾ
ദോഷമശേഷവുമേശിടാതെ
ചേർത്തു രക്ഷിക്കുവാൻ കാരുണ്യക്കാതലാം
മൂർത്തി, മുകുന്ദൻ കനിഞ്ഞിടും മേൽ. (സ്വാ)

ഇന്നു ശുഭോദയമാണു വിദ്യാവകു-
പ്പിന്നിമേൽ ശ്രേയസ്സിനാകാരമാം.
മന്നിടം തന്നിലിന്നങ്ങേജ്ജയിച്ചിട്ടു-
മുന്നതസംബുദ്ധനന്യനില്ല. (സ്വാ)

വിജ്ഞാനഭണ്ഡാരം, സൽജ്ഞാനകേദാരം,
അജ്ഞന്മാർക്കാധാരമങ്ങുതന്നെ
സംഗീതസാഹിത്യനാടകാലങ്കാരം
തിങ്ങുന്ന വിജ്ഞാനജ്യോതിസ്സല്ലോ
തർക്കശാസ്ത്രത്തിലെ ശാസ്ത്രിയുമങ്ങന്നു
വേദശാസ്ത്രത്തിൻ പൊരുളുമങ്ങ് (സ്വാ)

ഹൂണി ഗീർവ്വാണി മനോഹരി കൈരളി
നാണം വെടിഞ്ഞിഹ മത്സരിപ്പൂ
ഭാവുകദായകനാകിയ താവക-
പ്രേമപ്രഭയിൽ മുഴുകിടുവാൻ.
ഭാഷയ്ക്കു മംഗല്യ,മെങ്ങൾക്കു കൈവല്യ-
മീസുദിനോദയം കൈവരുത്തി

മേവുക മേവുക വിദ്യാൎത്ഥിവൃന്ദത്തിൽ
ഭാവിയെ ഭാസുരമാക്കിനിത്യം (സ്വാ)

(അനന്തരം മംഗളപത്രപാരായണം. ഹെഡ്മാസ്റ്റർ ഹസ്താഡനമദ്ധ്യേ വായന ആരംഭിക്കുന്നു.)

ബഹുമാന്യനായ മഹാപ്രഭോ!

വിദ്യാഭ്യാസവകുപ്പാകുന്ന വിജ്ഞാനനഭോമണ്ഡലത്തിൽ അത്യുജ്ജ്വലജ്യോതിസ്ഫുലിംഗങ്ങൾ പായിച്ചു വിജ്ഞാനനഭശോഭാഭാസ്കരനായി പ്രശോഭിക്കുന്ന അങ്ങയ്ക്കു നമസ്ക്കാരം.

പ്രഭോ! ഭാഷാസാഹിത്യനവോഢയ്ക്കു് അനുരൂപനായ മണവാളനായിട്ടോ, ഭാവിപൗരന്മാരായ വിദ്യാൎത്ഥിവൃന്ദത്തിന്റെ ഭാഗ്യസമുച്ചയം മാനുഷാകാരമാൎന്ന അവതാരവിശേഷമായിട്ടോ, അദ്ധ്യാപകസംകുലത്തിലെ വയോവൃദ്ധനും ജ്ഞാനവൃദ്ധനുമായ വലിയകാരണവരായിട്ടോ, ഏതുനിലയിലാണു് അങ്ങയെ സ്വീകരിക്കേണ്ടതെന്നറിയാതെ അവിടുത്തെ ആശ്രിതപ്രമുഖരായ ഞങ്ങൾ കുഴങ്ങുന്നു. തീൎച്ചയായും ഇന്നാട്ടുകാരുടെ പൂൎവ്വജന്മപുണ്യഫല പരിപാകമാണു് ഇപ്രകാരം ഒരു വിദ്യാഭ്യാസവകുപ്പദ്ധ്യക്ഷനായി ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതെന്നു് ഞങ്ങൾ ഹൃദയംഗമമായി വിശ്വസിക്കുന്നു. വിദ്യാഭ്യാസപരമായും സാഹിത്യപ്രധാനമായും അവിടുന്നു നാനാദിഗന്തങ്ങളിലും നിർവഹിച്ചിട്ടുള്ള പ്രശസ്തസേവനങ്ങൾ ലോകമുള്ളകാലംവരെ മഹാജനങ്ങൾ ആനന്ദപുളകത്തോടും കൃതജ്ഞതാപാരമ്യത്തോടും അനുസ്മരിക്കതന്നെ ചെയ്യും. അവിടുത്തെ സൽസ്വഭാവം, സ്ഥിരോത്സാഹം, സന്മാൎഗ്ഗനിഷ്ഠ, സമഭാവന, സത്യസമാരാധന, സ്വാത്വികത്വം, സരസത്വം, സദ്യശസ്സ

തുടങ്ങിയ സർവ്വസജ്ജനസമാദരണീയങ്ങളായ അങ്ങയുടെ സകാരസുഗുണസഗുണഗുണസംവിശേഷങ്ങൾ ഞങ്ങൾക്ക് എക്കാലവും മാർഗ്ഗദർശികളായിത്തീരുവാൻ സത്യസ്വരൂപൻ അനുഗ്രഹിക്കുമാറാകട്ടെ.

പ്രഭോ! ഹൃദയംനിറഞ്ഞു കവിഞ്ഞു വഴിഞ്ഞൊഴുകുന്ന വികാരതരംഗങ്ങളിൽപ്പെട്ട ഗീരുക്കൾ അസ്തശബ്ദങ്ങളാകുന്നു. അവാച്യമായ ആനന്ദനിർവൃതിയിലാണ്ട് ആശയങ്ങൾ നഷ്ടഗതങ്ങളാകുന്നു. അവിടുത്തെ അനിർവ്വചനീയവും അനന്യധ്യയറക്കർസാധാരണവുമായ ആകാരവിശേഷത്താൽ വിഭ്രാന്തരായി ഞങ്ങൾ ഇതികർത്തവ്യതാവിമൂഢരായി പരിവർത്തിച്ചിരിക്കുന്നു. പ്രഭോ! അങ്ങയെ ഞങ്ങളുടെ മേലാവായി വരിക്കുക — ഹൃദയംഗമമായ സ്വാഗതമരുളി സ്വീകരിക്കുക-ഇതുമാത്രമേ ഈ ഘട്ടത്തിൽ ഞങ്ങൾക്കു കരണീയമായിട്ടുള്ളു. വിദ്യാഭ്യാസവകുപ്പിന്റെ വിജയം ഞങ്ങളുടെ വിജയമത്രേ. അനന്യസുലഭമായ ഈ സൽമുഹൂർത്തം ഞങ്ങളെ കർത്തവ്യപ്രചോദിതരാക്കിത്തീർക്കട്ടെ! അങ്ങയ്ക്കു സർവ്വമംഗളങ്ങളും ഭവിക്കട്ടെ! എന്ന്,

അവിടുത്തെ ആശ്രിതന്മാരും ആരാധകരുമായ അദ്ധ്യാപകാദ്ധ്യേതാക്കൾ.

(ദീർഘമായ ഹസ്തഘോഷം)

(അനന്തരം ധീര അവർകളുടെ ഇംഗ്ലീഷ് പ്രസംഗം നടക്കുന്നു. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത മുൻഷി ആ പ്രസംഗം അപ്പോഴപ്പോൾ മലയാളത്തിലാക്കി സദസ്സിനെ ധരിപ്പിക്കുന്നു.)

ധീര–Gentlemen! I protest with the greatest indignation this ugly mockery and insult which you have heaped on me.

മുൻഷി-മാന്യരേ! നിങ്ങൾ എനിക്കു് ഇപ്പോൾ നൽകിയിരിക്കുന്ന ഈ ഹാർദ്ദമായ സ്വാഗതത്തിനും ഉപചാരവചസ്സുകൾക്കും നന്ദിപറയുവാൻ വാക്കുകൾ കിട്ടാതെ ഞാൻ വിഷമിക്കുന്നു.

ഡാ--If I had but known before, that this is the nature of the hospitality which your education has faught you tó extend to strangers, I am sure I would not have ventured to visit your country, however prospective it might have appeared to me.

മുൻഷി-Nature, അതായതു് പ്രകൃതി, hospitality അഥവാ, ആസ്പത്രി സംബന്ധമായ കാര്യങ്ങൾ-ഡാക്ടർ-പരീക്ഷ എന്നർത്ഥം. പ്രകൃതിജന്യമായ വിഭവങ്ങളെ ജനസാമാന്യത്തിനു് അനുഭോഗയോഗ്യമാക്കിത്തീർക്കുവാനും ഡാക്ടർ പരീക്ഷകൾ ജയിച്ചു്, ദീനരായി ഉഴലുന്ന സമസൃഷ്ടികളെ ശുശ്രൂഷിക്കുവാനും പര്യാപ്തമായ education-വിദ്യാഭ്യാസപദ്ധതി—അതാണു് ഞാൻ കൂട്ടതൽ അഭിവൃദ്ധിപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നതു്. (കരഘോഷം)

ഡാ- Not even a group of barbarians would have treated me, a stranger in your midst-as you have now treated me.

മുൻഷി—ബാർബറനെന്നോ ബ്രാഹ്മണനെന്നോ ധനികനെന്നോ ദരിദ്രനെന്നോ ഉള്ള വ്യത്യാസംകൂടാതെ സകലജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്രദമാകുന്ന ഒരു വിദ്യാഭ്യാസപദ്ധതിയായിരിക്കും ഇനിമേലാൽ നിങ്ങൾക്കു് ലഭിക്കുക.

ധാര— If hooliganism be a policy which every one could indulge in, I don't know how gentlemen could live amidst you.

മൻഷി—ബി. എ-ക്കാരെ മാത്രമേ പോലീസിൽ എടുക്കുകയുള്ളു എന്ന നിർബന്ധം വരുമ്പോൾ അഭ്യസ്ത വിദ്യരുടെ ഇടയ്ക്കുള്ള തൊഴിലില്ലായ്മയ്ക്കു ശമനം വരുന്നതാണു്.

സദസ്യരിൽ ഒരാൾ—അങ്ങിനെ വേണം! എഴുത്തറിഞ്ഞുകൂടാത്ത പി. സി. അങ്ങുന്നന്മാരെല്ലാം പോയി മരച്ചീനി കൃഷിചെയ്യട്ടെ. ഒരു ഹർജി കയ്യിൽകിട്ടിയാൽ പിന്നെ മനുഷ്യനെ കണ്ടിട്ടില്ലാത്ത മട്ടല്ല്യോ അവന്മാരിൽ ചിലർക്കു്?

മൻഷി— Silence Please. സായ്പ്പ് പ്രസംഗിച്ചുകൊള്ളട്ടെ.

ധാര—Men and women of all countries have certain obligations towards strangers, and this is the way you discharge those obligations!

മൻഷി—പുരുഷന്മാരും സ്ത്രീകളും ഒന്നിച്ചുള്ള വിദ്യാഭ്യാസം, അഥവാ, സഹവിദ്യാഭ്യാസപദ്ധതി ഇപ്പോൾ എല്ലാ രാജ്യങ്ങളിലും നടപ്പിലിരിക്കുന്നു. അതു നമുക്കു് ഇവിടെയും പ്രചാരത്തിലാക്കണം.

സർ! ഇവിടെ ഇപ്പോൾത്തന്നെ സഹവിദ്യാഭ്യാസം പ്രചാരത്തിലിരിക്കയാണെന്നു് ഞാൻ അഭിമാനപുരസ്സരം അങ്ങയെ അറിയിച്ചുകൊള്ളുന്നു.

ധാര—And, as if to add insult to injury, this uncouth fllow standing by my left is interruptinge in his own way every word of what I have to say. I fail to get language to express my indignation.

മുൻഷി-നിങ്ങളുടെ language, അതായതു്, ഭാഷ -മാതൃഭാഷ-എത്ര മനോഹരമാണെന്നു് എനിക്കു പൂൎണ്ണമായി മനസ്സിലായിട്ടുണ്ടു്. ഓരോ വാക്കും ശബ്ദമാധുരികൊണ്ടും ചമല്ക്കാരലാവണ്യംകൊണ്ടും അനന്യഭാഷാലഭ്യമത്രേ.

ധാര-Shut up, you blabbering idiot! If not, I will knock out your brains.

മുൻഷി-ഷർട്ടും കോട്ടും ധരിച്ചുമാത്രമേ കുട്ടികൾ സ്കൂളുകളിൽ ഹാജരാകാവൂ എന്ന നിയമം നിശ്ശേഷം നിറുത്തൽ ചെയ്യപ്പെടുന്നതാണു്. എന്തെന്നാൽ കൂടുതൽ വസ്ത്രങ്ങൾ ധരിക്കുന്നതു് brain, അതായതു്, തലച്ചോറിനു് ഹാനികരമാണു്.

സദസ്യരിൽ ഒരാൾ-സായ്പു് ഒരു മാതൃകാഭരണാദ്ധ്യക്ഷൻതന്നെ, സംശയമില്ല. സാധുക്കളുടെ ദയനീയസ്ഥിതി നല്ലവണ്ണം മനസ്സിലാക്കാനുള്ള ഹൃദയം അദ്ദേഹത്തിനുണ്ടു്.

ധാര- I tell you once again you shall pay dearly for your impertinence, man!

മുൻഷി- പേപിടിച്ച മാൻകുട്ടികളെപ്പോലെയാണു് ബാലവിദ്യാൎത്ഥികൾ. അവരുടെ മനസ്സിനു ഗ്രഹിക്കുവാൻ സാധിക്കുന്ന വിഷയങ്ങളെപ്പററിയുള്ള വിജ്ഞാനമാണു് അവൎക്കു നൽകേണ്ടതു്.

ധാര- Now, I won't utter a word more. I would rather resign myself to all these insults with calm fortitude.

മുൻഷി-എനിക്കു് ഈ വകുപ്പിൽ forty two years നാല്പത്തിരണ്ടു് വർഷത്തെ സർവ്വീസുണ്ടു്. ആ ജോലി resign ചെയ്യാനാണു് ഞാൻ ഇങ്ങോട്ടുവന്നിട്ടുള്ളതു്.

സദസ്യരിൽ ഒരാൾ-ഇന്നാട്ടുകാരുടെ മഹാഭാഗ്യം! ഭാഷാസാഹിത്യത്തിൻെറ ശുക്രദശ! വിദ്യാഭ്യാസവകുപ്പിൻെറ ഭാസുരോജ്ജ്വലമായ സുവർണ്ണകാലം.

എല്ലാവരുംകൂടി- ത്രീ ചീയേഴ്‌സ്‌ട്ടു അവർ ന്യൂ ഡയറക്ടർ. ഹിപ്പ്, ഹിപ്പ് ഹുറേ.

(ഈ സമയം ദൂരെനിന്നും ഒരാൾ ഓടിക്കിതച്ച് യോഗസ്ഥലത്തേയ്ക്കു പാഞ്ഞെത്തുന്നു.)

ആഗതൻ-ഉം നിറുത്തു! നിങ്ങൾക്കു തെററിപ്പോയി. ഇദ്ദേഹം നമ്മുടെ വിദ്യാഭ്യാസഡയറക്ടറല്ല.

മുൻഷി-എന്തു? ഇദ്ദേഹം നമ്മുടെ ഡയറക്ടറല്ലെന്നോ? നിങ്ങൾക്കു ഭ്രാന്തുപിടിച്ചു; സംശയമില്ല. ഭ്രാന്ത്, ഭ്രാന്ത്; സകലക്കും ഭ്രാന്ത്.

ആഗതൻ-മിണ്ടാതിരിക്കു വിഡ്ഢി. ഡയറക്ടർ സായ്പ് അടുത്ത വണ്ടിയിൽവന്നു. അദ്ദേഹത്തെ സ്വീകരിക്കാൻ റയിൽവേസ്റ്റേഷനിൽ ഒരു മനുഷ്യനും ഉണ്ടായിരുന്നില്ല. സായ്പു വല്ലാതെ കോപിച്ചാണ് പോയിരിക്കുന്നതു്. നമ്മളിൽ എത്രപേരെ ജോലിയിൽനിന്നു പിരിച്ചുവിടുമെന്നു താമസിയാതെ കാണാം.

മുൻഷി-എന്തു? എന്തു? അങ്ങിനെയാണെങ്കിൽ ഇദ്ദേഹം ആരു്?

ആഗതൻ-ഇദ്ദേഹം വടക്കേ ഇൻഡ്യയിലുള്ള ഒരു വലിയ ഇൻഷ്വറൻസ് കമ്പനിയുടെ ഏജൻറ്. നമ്മുടെ നാട്ടിൽ കമ്പനിവക ബ്രാഞ്ചാഫീസുകൾ സ്ഥാപിക്കാൻ വന്നതാണു്.

മുൻഷി-അയ്യോ, ഇനി നാം എന്തുചെയ്യും?

ആഗതൻ-അതൊക്കെ നമുക്കു പിന്നീടു നിശ്ചയിക്കാം. ഇദ്ദേഹത്തെ ഉടൻ യാത്രഅയയ്ക്കുക. -കണ്ടി

ല്ലേ, അദ്ദേഹം കോപംകൊണ്ടു പല്ലുരുമ്മുന്നതു്? അദ്ദേഹം എന്തുചെയ്യുമോ, ആവോ?

മുൻഷി-സർ, അറിയാതെ ചെയ്തുപോയ സകല തെററുകളും അവിടുന്നു കൃപചെയ്തു ക്ഷമിക്കണം. അങ്ങു ഞങ്ങളുടെ ഡയറക്ടർസായ്പാണെന്നു കരുതി ഞങ്ങൾ ഇപ്രകാരമെല്ലാം പ്രവത്തിച്ചുപോയി.

ധാര– Atrocious indeed. I wonder if gross irresponsibility and ugly hooliganism can be carried to such heights! I will see that you are all crushed within the iron clutches of law and justice. You vagabonds and howling jackals!

മുൻഷി—പ്രഭോ! സകല കുററങ്ങളും പൊറുക്കണേ! ഞങ്ങൾ അറിഞ്ഞുകൊണ്ടു് യാതൊരപരാധവും ചെയ്തതല്ലേ!

ധാര– Well, I will show you by and bye. You fresh–born idiots! Ugly swine that wallown filthy swamps!

(ദേഷ്യപ്പെട്ടു് പോകുന്നു.)

മുൻഷി-ഇനി എന്തെല്ലാം സംഭവിക്കുമോ? അദ്ദേഹം കലികൊണ്ടാണു് പോയിരിക്കുന്നതു്.

ഹെഡ്മാസ്റ്റർ-എന്തുംവരട്ടെ. വിധിയെ ആക്കെങ്കിലും ലംഘിക്കാൻ സാധിക്കുമോ?

മുൻഷി--അതെ അതെ. "വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ?" എന്നല്ലേ പ്രമാണം? ആകട്ടെ; ഹെഡ്മാസ്റ്റർസാറിനു വടക്കേ ഇൻഡ്യയിൽവച്ചു് ഇദ്ദേഹത്തെ പരിചയമുണ്ടെന്നല്ലേ പറഞ്ഞതു്? പിന്നെ ഈ അബദ്ധം എങ്ങിനെപററി?

ഹെഡ്: കഴിഞ്ഞ കാൎയ്യത്തെക്കുറിച്ച് ഇനി പറഞ്ഞിട്ട് എന്തു പ്രയോജനം?

മുൻഷി: ഉം. ഉം. ഏതായാലും ഇനിയും ഇവിടെനിന്നു സമയംകളയാതെ നമുക്ക് പുതിയ ഡയറക്ടർ സായ്പിനെ ചെന്നുകാണാം. അദ്ദേഹം കോപിച്ച് അലറുകയായിരിക്കും.

സദസ്യർ: അങ്ങിനെതന്നെ.

(എല്ലാവരും ഭീതരായി അവിടെനിന്നു പോകുന്നു)

# മദ്യരാക്ഷസൻ.

പ്രധാന നടന്മാർ.

കേശവൻ—ഒരു തൊഴിലാളി.

കുഞ്ഞുലക്ഷ്മി—അയാളുടെ ഭാര്യ.

അമ്മിണി-അയാളുടെ അവിവാഹിതയായ പുത്രി.

കാളിപ്പെണ്ണ്— കള്ളഷാപ്പിലെ വില്പനക്കാരി.

ഇൻസ്പെക്ടർ, കാൺസ്റ്റബിൾമാർ & Ect.

## രംഗം 1.

[സ്ഥാനം കള്ളഷാപ്പിന്റെ മുൻവശമുള്ള റോഡ്. കേശവൻ ഒരാഴ്ച്ചത്തെ കൂലിയായ 12 രൂപാ വാങ്ങിക്കൊണ്ട് വീട്ടിലേക്ക നടന്നുവരുന്നു. സമയം സന്ധ്യ]

കേശവൻ (ആത്മഗതം)-ഹാ എന്തൊരു സന്തോഷം! പൈസയും രൂപയുമായി പന്ത്രണ്ടുരൂപ എന്റെ മടിയിലിരിക്കുന്നു. ഇതുംകൊണ്ട് വീട്ടിൽ ചെല്ലുമ്പോൾ കുഞ്ഞുലക്ഷ്മി എത്രമാത്രം സന്തോഷിക്കും? ഓമനമകൾ അമ്മിണി! അവൾക്ക് ഒരു പുടവ വേണമെന്ന് എത്ര ദിവസമായിട്ടു പറയുന്നു? ഒന്നുള്ളതുമുഴുവൻ കീറിപ്പറിഞ്ഞുപോയി. ഇന്ന് എന്തായാലും അവൾക്ക് പുടവവാങ്ങീട്ടു മററുകാര്യം. കുഞ്ഞുലക്ഷ്മിക്ക് റൗക്കയും. അതുപോലെ, കൊച്ചുമോനൊരുടുപ്പും. അരിയും പലവ്യഞ്ജനവുംകൂടി രണ്ടു രൂപായ്ക്കു വാങ്ങിക്കണം. ആറു രൂപയുടെ കാശ്

കുഞ്ഞുലക്ഷ്മിയുടെ കയ്യിലും ഏല്പിക്കണം. അവൾ ഇഷ്ടംപോലെ വീട്ടുചിലവു നടത്തട്ടെ. ഒരാഴ്ചത്തേയ്ക്കു കുശാല്യതന്നെ, കുശാല്യ്. അതുകഴിയുമ്പോൾ അടുത്ത ആഴ്ചയിലെ കൂലിയും കിട്ടും. പിന്നെയും അതുപോലെതന്നെ വീട്ടിലേയ്ക്കുവേണ്ട സാമാനങ്ങൾ വാങ്ങിക്കും. എല്ലമറിയെ വേലചെയ്താൽ വയറുനിറയെ തിന്നാം. എനിക്കുംതിന്നാം എൻെറ പൊന്നുകുഞ്ഞുങ്ങൾക്കും തിന്നാം.

(അയാൾ രണ്ടുമൂന്നടി മുമ്പോട്ടുനടന്നു് കള്ളഷാപ്പിൻെറ മുമ്പിലെത്തുന്നു.)

കള്ളഷാപ്പ്! മനുഷ്യനെ നശിപ്പിക്കാൻവേണ്ടി നരകവാതൽ തുറന്നുവച്ചിരിക്കുന്നു! ഇനി ഞാൻ ഒരു തുള്ളി കൈകൊണ്ടു് തൊടത്തില്ല. തീർച്ച. മദ്യം വിഷം, കടുത്ത വിഷം. അതു കുടിക്കുന്നവൻ നശിക്കുന്നു, തുലയുന്നു. എന്നെന്നേയ്ക്കുമായി തുലയുന്നു

(അയാൾ ആർത്തിയോടുകൂടി ഷാപ്പിനുള്ളിലേയ്ക്കു് നോക്കുന്നു. ഷാപ്പുകാരി കാളിപ്പെണ്ണു് ചിരിച്ചുകുഴഞ്ഞു പാനന്മാരെ നോക്കി നിൽക്കുന്നു. കേശവൻ നാലുചുറ്റും കണ്ണോടിക്കുന്നു.)

മടിനിറച്ചുരൂപാ! ദാഹവും കലശൽ! ഏതായാലും നാലണയ്ക്കു കുടിക്കാം. പിന്നീടു് കള്ളു്. ഏങ്ങ്ഹേ. തൊടുകയില്ല, സത്യം, സത്യം.

(അയാൾ ഷാപ്പിനുള്ളിലേക്കു് കേറുന്നു. കാളിപ്പെണ്ണു് ശൃംഗാരച്ചിരിയോടുകൂടി അയാളെ സൽക്കരിച്ചിരുത്തി മുറയ്ക്കു മദ്യവും ഇതരവിഭവങ്ങളും നൽകുന്നു.)

മതി മതി; വെറും നാലണയ്ക്കുമതി. അതാ, അതിൽനിന്നു രണ്ടു കഷണവും. വേറൊരുവസ്തു വേണ്ടാ.

കാളിപ്പെണ്ണു്: അതൊന്നും ഒക്കൂല്ല ഇന്നു കൂലികി

ട്ടിയ ദിവസമാ. വയറുനെറച്ചു കുടിക്കണം. (വീണ്ടും പകൻറുകൊടുക്കുന്നു.)

കേശവൻ: കൊച്ചുകാളി നിർബ്ബന്ധിക്കരുത്. ഞാനിനിമേൽ കള്ളുകുടിക്കയില്ലെന്നു കുഞ്ഞുലക്ഷ്മിയോടു സത്യംചെയ്തിരിക്കയാണു്. പിന്നെ ഇന്നു കൂലികിട്ടിയ ദിവസമായതുകൊണ്ടു് അല്പം ഒന്നു മോന്തി; അത്രേയുള്ളു.

കാളി: ആങ്ഹാ, കൂലികിട്ടിയ ദിവസമായിട്ടാണോ കുടിക്കാൻ ഇത്രമടി? പോരാ പോരാ, ഇനിയും രണ്ടുകോപ്പയെങ്കിലും കുടിച്ചേമതിയാകൂ. കാശൊന്നും തരേണ്ടാ.

(അവാം വീണ്ടും പകർന്നുകൊടുക്കുന്നു. അയാം വീണ്ടും കുടിക്കുന്നു.)

കേശവൻ–നിനക്കുവേണ്ടിമാത്രമാണു് ഞാൻ ഇപ്പോം കുടിക്കുന്നതു്. എൻെറ തങ്കമല്ല്യോ നീ? നീ പറഞ്ഞാ ഞാൻ കുടത്തോടെ കുടിക്കുമല്ലോ. ഒഴി എൻെറ തങ്കക്കുടം, ഇനിയും ഒഴി. കോപ്പനിറച്ചൊഴി· ഒഴിച്ചിങ്ങു കൊണ്ടുവാ. നിൻെറ കൊച്ചുകേശവൻ വയറുനെറച്ചു് കുടിക്കട്ടെ! പണം നാം കൊടുക്കും.

(വീണ്ടും കുടിക്കുന്നു.)

എസ്സ് ആൾറൈററു! മദ്യമാണു് അമൃതം. അതാണു് കാപ്പി, ചായ, പായസം, പാൽപായസം. ബാതങ്കം! മദ്യം താ; ഒരുമ്മതാ. മടിയിലിരുന്നൊരുമ്മതാ. നീതന്നെ എൻെറ സർവ്വസ്വവും.

(പണപ്പൊതി എടുത്തു് അവളുടെനേരേ എറിഞ്ഞുകൊടുക്കുന്നു.)

ഇന്നാ–പിടിച്ചോ! എനിക്കു പണവുംവേണ്ട, കിണവുംവേണ്ട! എൻെറ കാളിപ്പെണ്ണുമാത്രം മതി. നീ തന്നെ എൻെറ സർവ്വസ്വവും. എന്നെ കൊന്നാൽ ഞാൻ

വീട്ടിലേക്കില്ല. ഇവിടെക്കിടന്നു ചാകും. നിന്നെ കെട്ടിപ്പിടിച്ചു ചാകും. ബാഡീ തങ്കം! മൈ ഡാർലി! ഇങ്കിരീസാണത്, അറിയാവോ?

(അവളെ കടന്നു പിടികൂടുന്നു)

കൊണ്ടുബാ, മദ്യം കൊണ്ടുബാ. കാളിപ്പെണ്ണുകൊണ്ടുബാ. കാൺക്രീറുകാരു്! കണ്ടുപോയാൽ ഞാം അവമ്മാരെടെ ഏല്ലൊടിക്കും, മദ്യം കുടിക്കരുതുപോലും! മദ്യം അവമ്മാരെടെ തന്തയാണോ? ആരുപറഞ്ഞാലും ഞാം കുടിക്കും. മദ്യംതന്നെ ദൈവം, അതുതന്നെ മതം, അതുതന്നെ നീ, അതുതന്നെ ഞാം. ഒഴി തങ്കം, ഇനിയും ഒഴി.

(വീണ്ടും കുടി നടക്കുന്നു.)

നില്ലട്ടെ. നില്ലട്ടെ. ഇനി അല്പം നിയ്ക്കട്ടെ. വയററിനകത്തു സ്ഥലമില്ല. ബാക്കി നാളെവന്നു കുടിക്കാം. ബൂമി കറങ്ങുന്നു തങ്കം, കറങ്ങുന്നു. ബൂമി കറങ്ങുന്നു.

(അയാൾ ആടുകയും ആഭാസപ്പാട്ടുകൾ പാടുകയും ചെയ്തുകൊണ്ടു് റോഡിലിറങ്ങുന്നു. റോഡരികിൽ നില്ക്കുന്ന വിളക്കുമരത്തിൽ ചെന്നു തലയടിക്കുന്നു.)

ആരെഡാ നീ? ആൺങ്ങൾ നടക്കുന്ന റോഡിൽവന്നു നില്ക്കുന്നോ? പറയെഡാ, ദഡിയാ! അല്ലെങ്കി ഞാം എന്തുചെയ്യും, അറിയാമോ? ഇന്നാപിഡിച്ചോ. (കൈചുരുട്ടി വിളക്കുമരത്തിൽ രണ്ടിടി കൊടുക്കുന്നു)

ബേണ്ട, ബേണ്ട നിന്നെ ഇഡിച്ചിട്ടു നമ്മുടെ കൈതന്നെ പോയി. തല്ക്കാലം നെനക്കു മാപ്പു്, ദഡിയാ! മേലാൽ നിന്നെ ഇവിടെങ്ങും കണ്ടുപോകരുതു്. ഉം!

(റോഡിൽ കുറുകെ നടന്നു റോഡരികിലുള്ള ഓടയിൽ ചെന്നു വീഴുന്നു.)

സൊഗം, സൊഗം; കെഡപ്പുസൊഗം! ഓഡയിലെ കെഡപ്പുസൊഗം! അല്ലെങ്കി ബേണ്ട; റോഡ്, സക്കാരിൻെറ ബകയല്ലേ? സാക്കാരു നമ്മുടെ ബക. ഇഡ്റംപോലെ നടക്കരുതോ? ബീട്ടിലേക്കുതന്നെ. ഹാകാസം കറങ്ങുന്നു. ദൈവവും കറങ്ങുന്നു. ദൈവം എവിടെ? ആകാസത്തിൽ. ബാ അളിയാ. ദൈവം ബാ. കള്ള തരാം. കള്ള്, കാളിപ്പെണ്ണിനേം തരാം.

(പതറുന്ന പാദങ്ങളോടുകൂടി തട്ടിയും മുട്ടിയും ശരീരം ആസകലം മുറിവുകളോടുകൂടി അവിടെനിന്നു നടക്കുന്നു.)

(കർട്ടൻ)

## രംഗം 2

(സ്ഥാനം കേശവൻെറ ചെറുകുടിൽ. കേശവൻെറ ഭാര്യ കുഞ്ഞുലക്ഷ്മിയും മകാം അമ്മിണിയും വിശപ്പുകൊണ്ടു പരവശരായിരിക്കുന്നു. കേശവൻെറ ഇളയകുട്ടി രാമൻ വിശന്നു് അത്യുച്ചത്തിൽ നിലവിളിക്കുന്നു. അവർ കുട്ടിയെ ആവുന്നിടത്തോളം ആശ്വസിപ്പിക്കുന്നു. സമയം രാത്രി)

കുഞ്ഞുലക്ഷ്മി—എൻെറ പൊന്നുമോൻ കരയാതിരി. അച്ഛൻ ഇപ്പംവരും. മരച്ചീനിയും അരിയും കൊണ്ടുവരത്തില്യോ? എൻെറ മക്കടെ വയറു നെറച്ചുതരാം. പൊന്നുകുഞ്ഞു കരയാതെ.

അമ്മിണി—അച്ഛൻ എനിക്കു ഇന്നു തീർച്ചയായും പുടവകൊണ്ടുവരും. കൂലി വാങ്ങിക്കുന്ന ദിവസമല്യോ? കാലത്തും ഞാൻ ഓർമ്മിപ്പിച്ചാ വിട്ടതു്.

കൊച്ചുരാമൻ —പൊന്നമ്മച്ചീ! എനിക്കു വെശപ്പു സഹിക്കാൻമേല. ഇന്നു രണ്ടായില്ലേ വററു കൈകൊണ്ടു തൊട്ടിട്ടു്?

അമ്മിണി—സാരമില്ല തങ്കം. ചേച്ചി മിനിഞ്ഞാന്നു് ഇററുവെള്ളം കുടിച്ചതല്ല്യോ? അച്ഛൻ ഇപ്പംവരും കുഞ്ഞേ! കരയാതിരി.

കുഞ്ഞുലക്ഷ്മി—അതാ, അതാ, മോൻെറ അച്ഛൻ വരുന്നുണ്ടു്. ഇന്നു മോനു ചോറുതന്നെ തരാം. മരച്ചീനിയും തരാം.

(ആഭാസപ്പാട്ടും പാടിക്കൊണ്ടു കേശവൻ പ്രവേശിക്കുന്നു.)

കേശവൻ—ആര്ഡാ ഇബ്ടെ കരയുന്നേ? കൊച്ചുരാമനോ? ഇന്നാ പിഡിച്ചോ; നീയും പിഡിച്ചോ.

(മകൻെറയും ഭാര്യയുടേയും ദേഹത്തു് വേണ്ടുവോളം പ്രഹരങ്ങളേല്പിക്കുന്നു.)

കുഞ്ഞുലക്ഷ്മി—അയ്യോ, ഇനി കള്ളു തൊടുകയില്ലെന്നു സത്യം ചെയ്തല്ല്യോ നിങ്ങടം ഇവിടന്നു പോയതു്? പിന്നേം ചെന്നു കുടിച്ചോ?

കേശവൻ—ഞാം കള്ളു കുടിച്ചാൽ നെനക്കെന്തു്. ഡീ? ബാഡി ഇബ്ഡെ. എഡീ,; കാളിപ്പെണ്ണുതന്നു, ഞാം കുഡിച്ചു. അതു സക്കാരുകാര്യം. എഡീ, എബെഡെങ്കിലുംചെന്നു് രണ്ടു രൂഭാ കൊണ്ടുവാ. വേഗം കൊണ്ടുബാ.

കുഞ്ഞു—അയ്യോ ഇതെന്തു്? ഇന്നു കൂലികിട്ടിയ ദിവസമല്ലേ? അരിയും ഒന്നും മേടിച്ചോണ്ടു വന്നിട്ടില്ലേ? കാശൊക്കെ എന്തുചെയ്തു?

—

കേശവൻ-എന്ത്ഡീ? കണക്കചോദിക്കാൻ നീ ആരുഡീ? എൻെറ മൊതലാളിയോ? ഫോ, മാറിനില്ല്, ഒട്ടി.

കൊച്ചുരാമൻ-അച്ഛാ, എനിക്ക വെശപ്പു സഹിക്കാൻമേലായേ. വല്ലതും തായോ. അല്ലെങ്കിൽ ഞാൻ ചത്തുപോകുമച്ഛാ.

കേശവൻ-എഡാ, നീതന്നെ എൻെറ മോൻ. വെശന്നാ കള്ളുകുഡിക്കണം. കേട്ടാഡാ. ഫോ. കാളിപ്പെണ്ണിൻെറ കടയിൽഫോയി എത്രവേണമെങ്കിലും കുഡിച്ചോ. കുഞ്ഞുലക്ഷ്മീ! കൊഡ്, അവനും രണ്ടുരുഫാ. എന്നുവെച്ചാൽ ഒരുരുഫാ എട്ടുന്ന. കൊഡെഡീ കൊഡ്.

അമ്മിണി—അച്ഛാ, എന്തു വാക്കുകളാണിതു്? കുഞ്ഞു രണ്ടുദിവസമായി പറവതിന്നിട്ട്. അരിയും ഒന്നും കൊണ്ടുവന്നിട്ടില്ലേ?

കേശവൻ-ബേഷ്! ബേഷ്! അമ്മിണി! മോളേ! ഇനിമേൽ അമ്മിണി എൻെറ ബായ്യ. കുഞ്ഞുലക്ഷ്മി നമ്മടെ മോള്. എൻെറയും അമ്മിണിയുടേയും മോള്. ബാ, എൻെറ തങ്കം ഇങ്ങേ ബാ.

അമ്മിണി (ചെവിപൊത്തിക്കൊണ്ടു്)-അച്ഛാ.....

കേശവൻ-അച്ഛനോ? കൊച്ചുകള്ളി! നീ എൻെറ ഓമന. ബാ തങ്കം! കണ്മണിയല്യോ നീ.

(അവൻ പുത്രിയെ ബലാല്ക്കാരമായി പിടിച്ചു ആലിംഗനം ചെയ്യാനടുക്കുന്നു. അമ്മിണി അവൻെറ പിടി ഉതറി ദൂരെ പായുന്നു. കേശവൻ പുറകെ പാഞ്ഞു് അവളെ പിടികൂടുന്നു.)

അമ്മിണി-അയ്യോ, അമ്മാ! ഞാൻ ചത്തുകളയും. തള്ളി ചത്തുകളയും. അയ്യോ എന്നെ വിടണേ!

(കുഞ്ഞുലക്ഷ്മി അവരുടെ മദ്ധ്യേ ചാടിവീണ് അവൻെറ ഉദ്യമത്തെ തടയാൻ ശ്രമിക്കുന്നു.)

കുഞ്ഞു—അയ്യോ, അവഠം നിങ്ങളുടെ മകളല്ലേ്യാ? നാണവും മാനവുമില്ലേ?

കേശവൻ- ഫോഡീ ഫോ. മോളും സ്ത്രീ, ബാര്യയും സ്ത്രീ. ഒരു വിത്യാസവുമില്ല. ബാ മോളേ, എൻ്റെ തങ്കമല്ലേ്യാ?

കുഞ്ഞു—അയ്യോ, പെണ്ണിനെ ആർക്കെങ്കിലും സംബന്ധംചെയ്തു കൊടുക്കേണ്ടതല്ലേ? അവമാനം വരുത്തരുതേ.

കേശവൻ-എന്തെഡീ പറയുന്നേ! സമ്മന്തമോ! കണ്ടവന്മാക്ക് സമ്മന്തംചെയ്തുകൊടുക്കാനാണോ ഞാം ചോറുകൊടുത്തു വളത്തിയതു്? അവളെ ഞാം സമ്മന്തം ചെയ്യും. ഫൊ മാറിനില്ല്. ഇല്ലെങ്കി, ഇന്നാ, ഫിഡിച്ചോ.

(അവൻ ഭാര്യയെ തള്ളി നിലത്തിടുന്നു. വീണ്ടും പുത്രിയെ പിടികൂടി അവളെ ബലാൽ ആലിംഗനം ചെയ്യുകയും ചുംബിക്കുകയും ചെയ്യുന്നു. അവഠം അത്യുച്ചത്തിൽ നിലവിളിക്കുന്നു. റോഡരുകിൽ നിൽക്കുന്ന ബീറാ കാൺസ്ററബിഠം പ്രവേശിക്കുന്നു.)

കാൺസ്റ്റബിഠം-ഛരീ നിറുത്തു്. മയ്യാദയ്ക്കു് അവളുടെ ദേഹത്തു നിന്നു പിടിവിടു്. അല്ലെങ്കിൽ നീ ഈ നിമിഷം ലാക്കപ്പിൽ; ബദ്ധുവാ.

കേശവൻ-(പിടിവിട്ടു്)-ആരു്ഡാ നീ കാണിഷ്ടേപ്പിളോ? കണിഷ്ടേപ്പിളങ്ങന്നേ, സലാം! അങ്ങന്നിൻ് ഇന്നാ ഫിഡിച്ചോ.

(കാൺസ്റ്റബിളിനെ പ്രഹരിക്കുന്നു. അവർതമ്മിൽ ഉന്തു ഛാദ

യുദ്ധം നടക്കുന്നു. കുട്ടിയെ എടുത്തുകൊണ്ടു് കുഞ്ഞുലക്ഷ്മി അവർ രണ്ടുപേരുടേയും മദ്ധ്യത്തിലായി പാഞ്ഞെത്തുന്നു.)

കുഞ്ഞു-അയ്യോ, ചോറുതിന്നിട്ടു് ഇന്നു മൂന്നായ് ഈ കുഞ്ഞിനെ ഓർത്തെങ്കിലും നിങ്ങൾ വെറുതേയിരിക്കണേ!

കേശവൻ—എന്തെടീ, ഞാനും കണിഷ്ഠേപ്പിള്ളയുമായി കണക്കുപറയുമ്പോൾ നീ ഇടയ്ക്കുകേറാൻ? ഓഹോ? ഇവൻ നിൻെറ ജാരനാണു്, അല്ലേ? അതിനാണു് അവൻ ദിവസവും ഈ വീട്ടിൻെറ വാതുക്കൽ കറങ്ങുന്നതു്. അങ്ങനെവരട്ടെ; ഇപ്പോഴല്ല്യോ രഹസ്യം വെളിപ്പെട്ടതു്?

കുഞ്ഞു—അയ്യോ അദ്ദേഹം ബീററുനിൽക്കയല്ലേ?

കേശവൻ: ഫ, ഫെള്ളീ! ബീററു്, ബീററു്! ഇന്നു് സകലതും വെളിപ്പെട്ടു. നിന്നെയും അവനെയും ഞാൻ കൊല്ലും.

കുഞ്ഞു: അയ്യോ നിങ്ങളുടെ കൊച്ചുമോൻ കരയുന്നതുകണ്ടില്ലേ? അവനെ ഓർത്തെങ്കിലും ..

കേശവൻ: ആരുടെ കൊച്ചുമോൻ? ഈ കള്ളകുടിയൻ പോലീസുകാരൻെറ മോൻ. നിൻെറ ജാരൻെറ മോൻ അവനെ ആദ്യം ഞാൻ കൊല്ലും. ദാണ്ടെ നോക്കിക്കോ, എടാ കണിഷ്ഠേപ്പിള്ളേ! നീയും നോക്കിക്കോ.

(മിന്നൽപ്പിണരിൻെറ വേഗതയോടുകൂടി അവൻ കുഞ്ഞുലക്ഷ്മിയുടെ പക്കൽനിന്നും കുട്ടിയെ വലിച്ചെടുത്തു് കാലിൽപിടിച്ചു വട്ടംകറക്കി നിലത്തടിച്ചു കൊല്ലുന്നു. അനന്തരം അവൻ കാൺസ്റ്റബിളിൻെറ നേരെ പായുന്നു. അയാാം അത്യുച്ചത്തിൽ വിസിൽചെയ്യുന്നു. കുറേ പോലീസുകാരും ആളുകളും പാഞ്ഞെ

ത്തുന്നു. അവർ എല്ലാവരുംകൂടി കേശവനെ ബന്ധനസ്ഥനാക്കുന്നു. കുഞ്ഞുലക്ഷ്മിയും അമ്മിണിയും നിലവിളിച്ചു ബോധംകെട്ടു വീഴുന്നു.)

(കർട്ടൻ)

## രംഗം 3

[സ്ഥാനം ഒരു വിജനപ്രദേശം. ഒരു പാഴ് കിണററിൽനിന്നു കുഞ്ഞുലക്ഷ്മിയുടേയും അമ്മിണിയുടേയും മൃതശരീരങ്ങൾ കരയ്ക്കെടുത്തിട്ടിരിക്കുന്നു. പോലീസ് ഇൻസ്പെക്ടരും ഏതാനും കാൺസ്റ്റബിൾമാരും മീശപിരിച്ചുകൊണ്ട് അങ്ങുമിങ്ങും നടക്കുന്നു. കേശവനെ വിലങ്ങിട്ടുനിർത്തിയിരിക്കുന്നു. അയാൾ പൊട്ടിക്കരയുന്നു. കാൺസ്റ്റബിൾമാർ അയാളെ മാറിമാറി പ്രഹരിക്കുന്നു.]

ഇൻസ്പെക്ടർ: എടോ 3006! തനിക്കു വല്ല പുതിയ വിദ്യയും അറിയാമെങ്കിൽ കാണട്ടെ. വേഗം വേണം.

3006: അറിയാം ഏമാൻ! എടാ കേശവാ! നിന്റെ സാമർത്ഥ്യം ഏമാനു കാണണമെന്ന്. ഞാൻ നിന്നെ കമത്തിക്കിടത്തും. വയറുമാത്രം നിലത്തുതൊടണം. കാലും കയ്യും പൊങ്ങിനില്ക്കണം. പുതിയ സർക്കസ്സുവേല. കേട്ടോടാ? വൺ ടൂ. ത്രീ.

(കാൺസ്റ്റബിൾ കേശവൻെറ പിടലിക്കു പിടിച്ചു അവനെ നിലത്തിടുന്നു.)

എടാ അതുകൊണ്ടായില്ല. കാലും കയ്യും പൊങ്ങട്ടെ. കള്ളക്കുടം മാത്രം നിലത്തുതൊടണം.

(കാൺസ്റ്റബിറം അയാളുടെ പുറത്തുകയറിനിന്നു് കാലും കയ്യുംകൂടി ഒരു തോൽമുണ്ടുകൊണ്ടു് ബന്ധിച്ചു് അയാളെ കാവടിപോലെ വളയ്ക്കുന്നു. കേശവൻ വേദനകൊണ്ടു് പുളയുന്നു.)

ഇൻസ്പെക്ടർ: പോര, പോര. ഒററ അടിക്കല്ലേ്യാ അവൻെറ പിഞ്ചുകുഞ്ഞിനെ അവൻ കൊന്നതു്? അവൻെറ ദുഷ്ടത സഹിക്കാഞ്ഞല്ല്യാ ഈ പെണ്ണുങ്ങറം കിണററിൽ ചാടി ചത്തതു്? ആ പ്രേതങ്ങറം തുണ്ടുതുണ്ടായി വെട്ടി അവനെകൊണ്ടു തീററിക്കണം, രാക്ഷസൻ, കുടിമാടൻ. എല്ലാവരുംകൂടി അടി അവനെ.

(കാൺസ്റ്റബിറംമാർചേർന്നു് അവനെ പൈശാചികമാംവണ്ണം മർദ്ദിക്കുന്നു. ഇടയ്ക്കിടയ്ക്കു് ഇൻസ്പെക്ടർ ബൂട്ട്സിട്ട പാദങ്ങറംകൊണ്ടു ചവുട്ടുന്നു. കേശവൻ അവശനായി നിലവിളിക്കുന്നു.)

ഇൻസ്പെക്ടർ: എന്തു പറയുന്നെടാ ഇപ്പോറം? എന്നേയുംകൂടി നിലത്തടിച്ചു കൊല്ലരുതോ? നീ വലിയ ഫയൽമാനാണല്ലോ.

കേശവൻ (ഉരുണ്ടുപിടഞ്ഞെഴുന്നേല്ക്കാൻ ശ്രമിച്ചുകൊണ്ടു്)–കുടി, കുടി! ഹയ്യോ ഒരു രാത്രികൊണ്ടു ഞാൻ എൻെറ ഭാര്യയേയും രണ്ടു കുഞ്ഞുങ്ങളേയും തുലച്ചല്ലോ!

ഇൻസ്പെക്ടർ: അല്ലെടാ, നിന്നെയും തുലച്ചു. കൊലപാതകത്തിനാണു് നിന്നെ അറസ്ററു ചെയ്യിരിക്കുന്നതു്.

കേശവൻ: അതെ യജമാനനേ! കുടി കുടിയെ തു

ലച്ചു. അയ്യോ എൻെറ പിഞ്ചുകുഞ്ഞിനെ നിലത്തടിച്ചുകൊന്ന പിശാചല്ല്യോ ഞാൻ? അതിന്റെ തല പൊട്ടിച്ചിതറിയല്ല്യോ ചത്തതു്? ഭാൎയ്യയും ചത്തു, മകളും ചത്തു. ദൈവമേ! അരി വാൎത്തു ചോറു് എനിക്കും കൊച്ചുരാമനും തന്നു കഞ്ഞിവെള്ളമല്ല്യോ അവർ രണ്ടുപേരും കുടിക്കുന്നതു്? അതുങ്ങളെ ഞാൻ തുലച്ചില്ലേ? കുടി, കുടി! കുടിക്കരുതെന്നു പാവം കുഞ്ഞുലക്ഷ്മി എത്ര പ്രാവശ്യം പറഞ്ഞു? മകളു കാല്ക്കൽ കെട്ടിപ്പിടിച്ചു കരഞ്ഞില്ലേ? എന്നിട്ടു ഞാൻ അവളെ കാൽകൊണ്ടുതട്ടി ദൂരെ എറിഞ്ഞു. മദ്യരാക്ഷസൻ! എൻെറ കുഞ്ഞുങ്ങളെ കൊന്നുതിന്ന മഹാപാപി! ദ്രോഹി! പിശാചേ! നിൻെറ വംശം കൂടി സന്തതിയററുപോണേ! മേലാൽ ഞാൻ ഒരു തുള്ളി മദ്യം കുടിക്കയില്ല; ഇതു സത്യം, സത്യം. അയ്യോ, ഇപ്പോഠം സത്യം ചെയ്തതുകൊണ്ടു് എന്തു ഫലം? ഞാനിന്നു കൊലക്കേസിലെ പ്രതി. കഴുകുമരത്തിൽ തൂങ്ങികിടന്നു ചാകേണ്ടവൻ. പൊന്നേജമാനേ! അങ്ങു മദ്യം കുടിക്കരുതേ! അങ്ങുന്നന്മാരേ, നിങ്ങളാരും മദ്യം കൈകൊണ്ടു തൊടരുതേ! മദ്യം വിഷം; കാളകൂടം. മനുഷ്യനെ പച്ചയ്ക്കു തിന്നുന്ന പിശാചു്. കാലൻ. അയ്യോ. മദ്യം, മദ്യം. ലോകത്തിൻെറ മുഴുവൻ ശത്രുവല്ലേ അതു്? അതിനെ തുലയ്ക്കാതെ നമ്മഠം എങ്ങിനെ ജീവിക്കും? നാടു് എങ്ങിനെ നിലനിൽക്കും? ഇല്ല. ഇല്ല. മദ്യം കുടിച്ചാൽ നാടു നശിക്കും. തുലയും, തീൎച്ചയായും തുലയും. ഹയ്യോ!!! (ബോധംകെട്ടു വീഴുന്നു.)

(കൎട്ടൻ)

# പോലീസ് ശാകുന്തളം

[ശാകുന്തളം നാടകം അഭിനയിക്കാനനുവദിക്കണമെന്നുള്ള ഒരു നാടക കമ്പനിയുടെ അപേക്ഷപ്രകാരം നാടകപ്പുസ്തകം വായിച്ചു പരിശോധിച്ചു് റിപ്പോർട്ടു് ചെയ്യാൻ പുസ്തകം, ഡിസ്ത്രിക്ടു് കളക്ടർ ഓഫീസിൽനിന്നും പോലീസ് ഇൻസ്പെക്ററർക്കു് അയച്ചുകൊടുത്തതിന്മേൽ, നാടകചക്രവർത്തിയായ ഇൻസ്പെക്ടറും, സാഹിത്യകുമാരമായ ഏഡു്, കംസൻ കേശവപിള്ളയുംകൂടി നാടകപുസ്തകം പരിശോധിക്കുന്നു.]

ഇൻസ്പെക്റ്റർ: (പുസ്തകം കയ്യിൽവാങ്ങി തിരിച്ചും, മറിച്ചും നോക്കിയശേഷം) എഡോ കംസൻ!

ഏഡ്ഡു്: ഉത്തരവ് ഏമാൻ.

ഇൻ: എന്തോന്നാ ആ പൊത്തകത്തിന്റെ പേരു്? ശാകുന്തളം? എന്തോന്നാ അതിൻെറ അത്ഥം? വല്ല കമ്മ്യൂണിസമോ മററോ ആണോ? എങ്കിൽ ഉടൻ തടയണം.

ഏഡ്ഡു്: കമ്മ്യൂണിസം ആണെന്നു് തോന്നുന്നില്ല. കുന്തളം എന്നാൽ തലമുടിയെന്നാണത്ഥം. 'ശാ' എന്നുള്ളതു് വല്ല പെൺകൊച്ചിൻേറയും ചെല്ലപ്പേരായിരിക്കും ഏമാനേ!

ഇൻ: ശരിയാ, കഥാനായികയുടെ തലമുടി എന്നാ അതിൻെറ അത്ഥം. അവൾക്കു് ഒരുപാടു് തലമുടി ഉണ്ടായിരിക്കും. എടാ, നാടകമെഴുത്തുകാരൻ റാസ്കാ

ലേ! ആ പെണ്ണിന്റെ തലമുടിയെന്നെഴുതുന്നതിന് പകരം അവളുടെ മുഴുവൻ പേരു് നാടകത്തിന് കൊടുത്താൽ പോരായിരുന്നോ? എടോ. 'ശ'ന്നു് പറയുന്നതു് ആരുടെ പേരായിരിക്കും? താനൊന്നു് ഊഹിച്ചു പറ.

ഏഡ്സ്റ്റ്: ശാതോദരിയെന്നോമറേറാ ആയിരിക്കണം ഏമാനേ.

ഇൻ: ശരി, നാടകത്തിൻെറ 'ശാകുന്തളം' എന്ന പേരു മാററി 'ശാതോദരി' എന്നാക്കണം. എന്നാലെ അഭിനയിക്കാൻ അനുവാദംകൊടുക്കാൻ നിവൃത്തിയുള്ളു.

ഏഡ്സ്റ്റ്: പിന്നെ, ദുഷന്തൻ എന്ന ഒരു രാജാവാണു് കഥാനായകൻ.

ഇൻ: ഇക്കാലത്തോ? എടോ ഇൻഡ്യ സ്വാതന്ത്ര്യമായി, കാൺഗ്രസ്സ് ഭരണമേററു. ഇൻഡ്യയിൽ ഇനി ഒരൊററ രാജാവുപോലുമില്ല. എന്നിട്ടു്, ഇവൻെറ കഥയ്ക്കകത്തു് രാജാവുപോലും! അതു വേണ്ട. ഏതെങ്കിലും കാൺഗ്രസ്സ് എം. പി. എന്നെഴുതിക്കോ. അതുമതി.

ഏഡ്സ്റ്റ്: അങ്ങനെ തിരുത്തി ഏമാനെ; ഈ രാജാവു്, അല്ല കോൺഗ്രസ്സ് എം. പി. വേട്ടയാടാനായി വനത്തിലേക്കു് പോകുന്നു.

ഇൻ: ഛ, മടയാ! കോൺഗ്രസ്സ"കാരൻ വേട്ടയാടാൻ പോകുന്നോ? കാൺഗ്രസ്സ് പ്രചരണത്തിനെന്നു് തിരുത്തു്.

ഏഡ്സ്റ്റ്: ഉത്തരവു് (കണ്ണുതെളിച്ചു്) കോൺഗ്രസ്സ് എം. പി. തിരഞ്ഞെടുപ്പു പ്രചരണത്തിനുവേണ്ടി വനാന്തരത്തിൽക്കൂടി സഞ്ചരിക്കവേ ആശ്രമപ്രാന്തത്തിൽ

സുന്ദരിയായ ശകുന്തള—അല്ലേയ്, ശാതോദരി എന്ന മുനികന്യകയുമായി കണ്ടുമുട്ടുന്നു...

ഇൻ-മുനികന്യകയോ? അതെന്തൊന്നാ?

ഏസ്സ്—കണ്വൻ എന്ന ഒരു മുനിയുടെ വളർത്തുപുത്രിയാണ് ശാതോദരി എന്ന ഈ പൊത്തകത്തിൽ എഴുതിയിരുന്നത്.

ഇൻ-ആങ്. അതു വേണമെങ്കിൽ അങ്ങിനെതന്നെ കിടന്നോട്ടെ. ഈ മുനി എന്നു പറഞ്ഞവൻ കമ്മ്യൂണിസ്റ്റും മററും അല്ലല്ലോ? ആണോ? പറ.

ഏസ്സ്—അല്ലേ.

ഇൻ—എന്നാൽ അതു മാററണ്ട. ഉം, എന്നിട്ട്?

ഏസ്സ്-കാൺഗ്രസ്സ് എം. പി. കാട്ടിൽക്കൂടി ചുററി സഞ്ചരിക്കവേ സഖികളോടൊന്നിച്ചു മാനിനെ തീററിക്കൊണ്ടു നടക്കുന്ന ശാതോദരിയെ കാണുന്നു.

ഇൻ: അവറ്റം മാനിനെ തീറേറണ്ടാ. അതിനുപകരം കോഴിവളർത്തലോ ആടുവളർത്തലോ എന്തെങ്കിലുമാകട്ടെ. കഥ കേട്ടാൽ നടന്നതാണെന്നു തോന്നണ്ടേ?

ഏസ്സ്:-അങ്ങിനെ ആ പെങ്കൊച്ചും സഖികളും ആട്ടും കോഴിയും വളർത്തിക്കൊണ്ടു നില്ക്കവേ നമ്മുടെ കാൺഗ്രസ്സ് എം. പി. അവിടെ വന്നുചേരുന്നു. പ്രഥമദർശനത്തിൽ അദ്ദേഹത്തിനു് അവളുടെ പേരിൽ അനുരാഗം തോന്നി.

ഇൻ: ആരുടെ പേരിൽ? ആ തൊഴിലാളിപ്പെണ്ണിന്റെ പേരിലോ?

ഏസ്സ്: അതെ ഏമാനെ! ഒന്നു നോക്കിയാൽ ~~അങ്ങ~~ സംഭവിച്ചുകൂടെന്നില്ലല്ലോ.

ഇൻ: സംഭവിക്കാം, സംഭവിക്കാം. ഉം, എന്നിട്ട്

ഏഡ്ഡ്: അവരുതമ്മിൽ സ്നേഹിച്ചു. പെണ്ണു ഗർഭിണിയുമായി.

ഇൻ: എടാ, നീ എന്നെ അപകടത്തിൽ ചാടിക്കാൻ നോക്കയാണോ? ഒരു മികച്ച കാൺഗ്രസ്സ നേതാവ്—പാർലിമെൻറുമെമ്പർ—ഒരു തൊഴിലാളിപ്പെണ്ണിനെ ബലാൽ സംഗം ചെയ്തു് ഗർഭിണിയാക്കിയെന്നു്! ഏതവനെടാ ഈ നാടകം എഴുതിയതു്?

ഏഡ്ഡ്: കാളിദാസൻ.

ഇൻ: കാളിദാസൻ! കാളിയുടെ ദാസൻ! അവനെ എനിക്കു നല്ലവണ്ണമറിയാം. റാസ്കോൽ! കാളി വല്ല ഷാപ്പുകാരിയോ മററോ ആയിരിക്കും. അതുപോലെ ആ ശാതോദരി ഒരു ഷാപ്പുകാരിയുടെ മകളും. താൻ ഒരു കാര്യം ചെയ്യു്. ഇതേവരെയുള്ള കഥ മാറിയെഴുതണം. എഴുതിയേ മതിയാകൂ. ആ ഷാപ്പുകാരിപ്പെണ്ണു് ഒരു ദുന്നടത്തക്കാരിയും കയറുപിരിതൊഴിലാളിയുമായ ഒരു തഴമ്പിച്ച കമ്മ്യൂണിസ്റ്റാണെന്നും, ഇതിനുമുമ്പു് രണ്ടുമൂന്നു തവണ ഗർഭം അലസിച്ചിട്ടുണ്ടെന്നും, വ്യഭിചാരക്കേസിൽ പ്രതിയായിട്ടുണ്ടെന്നും അവളുടെ വീടു് ദുന്നടത്തക്കാരായ മദ്യപാനികളുടെ സങ്കേതമാണെന്നും......... ആങ്ങ്, ഇടയ്ക്കൊരു കാര്യം......കഥ നടന്ന സ്ഥലം മദ്യനിരോധന മേഖലയിലുൾപ്പെട്ടതാണെങ്കിൽ മദ്യപാനികളുടെ കാര്യം പറയണ്ടാ. എന്തെന്നാൽ അവരെ അമർച്ച ചെയ്യാൻ നമ്മുടെ പോലീസ് ശ്രദ്ധിച്ചില്ലെന്നു വരും. അതുകൊണ്ടു് ആഭാസന്മാരുടെയും ചൂതുകളിക്കാരുടെയും സങ്കേതമെന്നാക്കിയേരേ. അവരുമായുള്ള സഹവാസ

ത്തിൻെറ ഫലമായി പെണ്ണ് ഗർഭിണിയായെന്നു തിരു ത്തു്. ഞാൻ വേണ്ടപോലെ പറഞ്ഞുതരാം. താൻ എഴുതിക്കോ. ഏങ്ങ്, എനിക്കറിഞ്ഞുകൂടായോ? താൻ കേട്ടോളൂ. ബെൻസിലി സായിപ്പിൻെറ കാലത്തു്......

ഏഡ്ഡ്: ഏമാൻ മൂന്നാംഗ്രേഡ് ഏട്ട്.

ഇൻ: അതല്ലെടോ മറയാ! അന്നു ഞാൻ ഇതുപോലെത്ത കേസ് കൈകാര്യംചെയ്തതാ. ആ പാങ്ങോട്ടു ബലാൽസംഗം....

ഏഡ്ഡ്: ഉത്തരവ് അതിലേക്കുവേണ്ടി ഏമാൻെറ പേരിൽ കേസെടുത്തതല്യോ? ഒടുക്കം ഏമാൻ ആ പെണ്ണിനെ സംബന്ധം ചെയ്തു. ഏഴാമത്തെ സംബന്ധം.

ഇൻ: (ചുണ്ടുകടിച്ചു്) അതല്ലെടോ മറയാ! ഉം, പോട്ടെ, അപ്പോഠം, ബാക്കി കഥ?

ഏഡ്ഡ്; എങ്ങിനെ മാററണം ഏമാനെ?

ഇൻ: ആ ഗർഭിണിയായ ഷാപ്പുകാരി കമ്മ്യൂണിസ്റ്റ്, തൻെറ ഗർഭത്തിനുത്തരവാദി നമ്മുടെ കോൺഗ്രസ്സ് എം. പി. അദ്ദേഹമാണെന്നു പറഞ്ഞു പരത്തി. പിന്നീട്......താൻ ആ നാടകപ്പൊത്തകം ഇങ്ങോട്ടു കൊണ്ടുവാ. ഞാനെന്നു നോക്കട്ടെ.

(അദ്ദേഹം പുസ്തകം വാങ്ങി കണ്ണാടിതെളിച്ചു നോക്കുന്നു.)

ഇതെന്തോന്നാ, അടുത്തതായി കാക്കരം പൂക്കരം വരച്ചിരിക്കുന്നല്ലോ?

ഏഡ്ഡ്: അതൊരു ശ്ലോകമാ. ഏമാനെ! "ഫുല്ലാബ്ജത്തിനു രമ്യതയ്ക്കു കുറവോ പായൽ പിടിച്ചീടിലും" എന്നു തുടങ്ങുന്ന ഒരു ശ്ലോകം.

ഇൻ: അതെന്താ, രണ്ടുററവും എത്തിച്ചെഴുതാത്തതു്?

ഏഡ്സ്റ്റു്: അതു പദ്യമല്ല്യോ? പദ്യം ഇങ്ങനെയാ എഴുതുന്നതു്.

ഇൻ: എന്തു കുന്തവുമാകട്ടെ. കമ്മ്യൂണിസ്ററു മുദ്രാവാക്യമൊന്നുമല്ലല്ലോ? കോൺഗ്രസ്സ് തുലയട്ടെ, ചെങ്കൊടി ഉയരട്ടെ എന്നൊന്നും? എന്തെന്നാൽ ഈ ഇങ്കുലാബുകാർ അതൊക്കെ എവിടെങ്കിലും കുത്തിത്തിരുകും. അവന്മാരുടെ നാടകത്തിലായാലും പാട്ടുപൊത്തകത്തിലായാലും അങ്ങിനെ വല്ല കിശുമത്തും ഒപ്പിച്ചിട്ടുണ്ടെങ്കിൽ ആ കാളിദാസൻ എന്നു പറഞ്ഞവനെ ഉടൻ അറസ്ററുചെയ്തു ലാക്കപ്പിലാക്കണം.

ഏഡ്സ്റ്റു്: ഇതിൽ മുദ്രാവാക്യമൊന്നുമില്ല ഏമാനേ! വെറുമൊരു ശ്ലോകം. ആ ശാതോദരിപ്പെണ്ണു കുളിക്കുന്ന കുളത്തിൽ മുഴുവൻ പായൽ പിടിച്ചെന്നോ കരക്കാരൊക്കെക്കൂടി അതു വാരിക്കളഞ്ഞെന്നോ ഒക്കെയാ അതിൻെറ അത്ഥം.

ഇൻ: ഇതു് ഇപ്പോഴത്തെ കാൺഗ്രസ്സിൻെറ കീഴിലുള്ള ശാന്തിസേനക്കാരാരെങ്കിലുമായിരിക്കും. അല്ലാതെ ഏതു് എമ്പോക്കിയാ അതൊക്കെ ചെയ്യുന്നതു്. ശടാ. എന്നിട്ടും ആ കാന്താരിപോലത്തെ പെണ്ണിനു് ഇത്തിരിയെങ്കിലും നന്ദിയൊണ്ടോന്നു നോക്കിയേ...ശരി (പുസ്തകം മടക്കിക്കൊടുത്തു്) ആ ശ്ലോകം അങ്ങിനെ തന്നെ കിടന്നോട്ടെ. കോൺഗ്രസ്സിനെ പുകഴ്ത്തുന്നതല്ല്യോ? എങ്കിലും എടാ കാളിദാസാ! നിനക്കു് ഇതൊക്കെ പച്ച മലയാളത്തിൽ എഴുതിത്തുലയ്ക്കരുതോ? —അവനും അവൻെറ ഗീർവ്വാണവും! ഉം, അപ്പോഠം? കാൺ

ഗ്രസ്സ്നേതാവിനെ അവമാനിക്കാൻ തുനിഞ്ഞതിനു പെണ്ണിനേയും ആ മുനിയേയും ലാക്കപ്പിലാക്കിയില്ലേ?

ഏഡ്ഡ്: അങ്ങിനെയല്ല കഥ പോകുന്നതു്. കാൺഗ്രസ്സുകാരൻ അവിടെനിന്നു തെററിമാറുകയാണു്. പിന്നീടുവന്നു കണ്ടുകൊള്ളാമെന്നും പറഞ്ഞു്.

ഇൻ: ബുദ്ധിമാൻ! നല്ല നയമുള്ളവൻ! എത്രയായാലും അഭിമാനിയല്ല്യോ? ഒച്ചപ്പാടുണ്ടാക്കിയാൽ കാര്യം വഷളാകും. ഇങ്കിലാബുകാർ ചേൻ ഇല്ലാത്ത അപവാദമൊക്കെ പറഞ്ഞുണ്ടാക്കും. ഉം എന്നിട്ടു്? വേഗം വായിക്കു്.

ഏഡ്ഡ്: അതെങ്ങിനാ ഏമാനേ! നമ്മൾ വരുത്തിയ ഭേദഗതി അനുസരിച്ചു് കഥ മാററിക്കൊണ്ടു വേണ്ടേ മുമ്പോട്ടുപോകാൻ?

ഇൻ: അതൊന്നും വല്യകാര്യമല്ലെടോ മറയാ! അദ്ദേഹം നേരെ അങ്ങു ഡൽഹിക്കു പോയി. പാർലിമെൻറു് അടുത്തിരുന്നതുകൊണ്ടു്. അത്രതന്നെ.

ഏഡ്ഡ്: അടുത്ത ആഴ്ച പെണ്ണു് ഡൽഹിയിലെത്തിയിരിക്കുന്നു.

ഇൻ: എടീ റാസ്കോൽ! അപ്പോൾ അവൾകേമിയാണല്ലോ. എടോ, കഥ വായിക്കാൻ തുടങ്ങിയപ്പോൾ തന്നെ ഞാൻ പറഞ്ഞില്ല്യോ അവൾ കണ്ടമാനക്കാരിയാണെന്നു്? കെ. ഡി. ലിസ്റ്റിൽ കൊള്ളിക്കേണ്ടവൾ. ഇപ്പോളെന്തായി?

ഏഡ്ഡ്: ഏമാനു് എന്നേക്കാൾ കൂടുതൽ ബുദ്ധിയുണ്ടു.

ഇൻ: ബർസിലി സായിപ്പും ഇതുതന്നെ പറയും,

നാഴികയ്ക്കുനാല്പതുവട്ടം. അല്ലെങ്കിൽ താൻ അന്വേഷിച്ചു നോക്ക്. ഓ, അദ്ദേഹം മരിച്ചുപോയല്ലോ. അപ്പോഠം പെണ്ണ് വയറും വലിച്ചോണ്ടു് ഡൽഹിയിലെത്തിയിട്ട് അദ്ദേഹം അവളെ പിടിച്ചു പോലീസിലേൽപ്പിച്ചില്ലേ?

ഏഡ്ഡ്: തനിക്കവളെ യാതൊരു പരിചയവുമി ല്ലെന്നുപറഞ്ഞു് ഒഴിഞ്ഞു.

ഇൻ: അതുപോരായിരുന്നല്ലോ. ലാക്കപ്പിലാക്കി പ്പിച്ചു് ഒരിക്കലും മറക്കാത്തവിധം നാലു കൊട്ടപ്പിക്കേ ണ്ടതല്ലായിരുന്നോ? അപ്പോഠം. അവഠം അവിടെനിന്നി റങ്ങി ഡൽഹിയിലെ തെരുവീഥികളിൽ അലഞ്ഞു നട ന്നു; അല്ല്യോ?

ഏഡ്ഡ്: അങ്ങിനെയല്ല ഏമാനേ! അവഠം ഉറ ക്കെക്കരഞ്ഞു.

ഇൻ: കരയും, കരയും. കാര്യം കാണാനുള്ള പെ ണ്ണുങ്ങളുടെ വിദ്യ! ബെൻസിലിസായ്പിൻെറ കാലത്തു് എത്ര കൊള്ളാവുന്ന പെണ്ണുങ്ങഠം എൻെറ കസ്റ്റഡി യിൽ ലാക്കപ്പിൽ കിടന്നിട്ടുണ്ടു്? പക്ഷെ ഈ ഏട്ടനാ റാപ്പിള്ള ഒരു പെൺകോലത്തിൻെറ കണ്ണുവെട്ടിലും കണ്ണീരിലും ഒന്നും കറങ്ങീട്ടില്ല. അതാ ഇത്രവേഗം ഇന്ന സ്പേട്ടറായതു്. അറിയാമോ? ഉം പിന്നീട്?

ഏഡ്ഡ്: എത്ര കരഞ്ഞിട്ടും കാൺഗ്രസ്സനേതാവു് ഇളകിയില്ല.

ഇൻ: ഏണ്ട്? എങ്ങിനെ ഇളകും? ഏതോ കമ്മ്യൂ ണിസ്ററു തൊഴിലാളി നേതാവിനുണ്ടായ കുഞ്ഞിനെ വല്യ സ്ഥാനത്തിരിക്കുന്ന അദ്ദേഹത്തിനു് ഏൾക്കാൻ സാധിക്കുമോ? നല്ല കാര്യമായി!

ഏഡ്ഢ്: ഉടനെ ആ പെൺകൊച്ചുപറഞ്ഞു. അദ്ദേഹം അവളുടെ കൈയ്യിൽ ഒരു മോതിരം ഇട്ടിട്ടുണ്ടെന്നു്.

ഇൻ: മോതിരമോ? വല്ല തമ്പാക്കോ മറേറാ ആയിരിക്കും. വേറെ ഏതവനെങ്കിലും അവളുടെ വിരലിൽ ഇട്ടുകൊടുത്തതു്.

ഏഡ്ഢ്: ശരി. എന്നാൽ മോതിരം കാണട്ടെ എന്നായി നേതാവു്. അവളു് കയ്യിൽ നോക്കിയപ്പോൾ മോതിരവുമില്ല, കീതിരവുമില്ല!

ഇൻ: അമ്പടി ആനക്കള്ളി! അവൾ ആൾ ഒരാസാമിയായിരിക്കുമല്ലോ. ഇടിച്ചുസിലണ്ടറിളക്കണം. അതാണു് വേണ്ടതു്. ഒരു കോൺഗ്രസ്സനേതാവിൻെറ മുമ്പിൽ കള്ളം പറഞ്ഞതിനു് അവളെ അറസ്ററുചെയ്യേണ്ടെന്നെഴുതീട്ടില്ലേ?

ഏഡ്ഢ്: അങ്ങിനെയല്ല ഏമാനേ, നാടകം പോകുന്നതു്.

ഇൻ: നാടകം എങ്ങിനെയും പോകട്ടെ. ആ കാളിദാസൻെറ നാടകമല്യോ? അവനു നാടകമെഴുതാനറിഞ്ഞുകൂടാ. അവൻ ഈ ലാക്കപ്പിൽ രണ്ടുതവണ കിടന്നതാ, ൯0-ാംവകുപ്പിനു്. തനിക്കറിയാമോ? താൻ ഞാൻ പറഞ്ഞുതരുന്നതുപോലെ എഴുതിവിട്ടേരെ. നാടകക്കാരുകൊണ്ടുപോയി കളിച്ചോട്ടെ. നമുക്കും മുൻസീററിൽ ചെന്നിരുന്നു കാണരുതോ?

ഏഡ്ഢ്: അപ്പോൾ എങ്ങിനെ തുടരണം. ഏമാനെ? മോതിരം തിര്യെകിട്ടിയെന്നും അതിൽ നായകൻെറ മുദ്രയുണ്ടായിരുന്നു എന്നും ഒക്കെയാണെല്ലോ ഇവൻ എഴുതിവിട്ടിരിക്കുന്നതു്.

ഇൻ-ഓഹോ, അങ്ങിനെയോ? അപ്പോൾ കഥ കൊണ്ടുപോകാൻ എളുപ്പമാണല്ലോ. താൻ എഴുതിക്കോ ഇപ്പോൾ എനിക്കു പുതിയ ആശയം വന്നു. ആങ്ഹാ! ആശയത്തിനാണോ പ്രയാസം? ഈ പെണ്ണ് കാൺഗ്രസ്സുനേതാവിൻെറ വീട്ടിൽ വാല്യക്കാരിയായി നിന്നു. അവൾ അദ്ദേഹം ഉറങ്ങിക്കിടക്കുമ്പോൾ കയ്യിൽകിടന്ന മോതിരം മോഷ്ടിച്ചെടുത്തു. അദ്ദേഹം പോലീസിൽ ഹജ്ജി കൊടുത്തു. പോലീസു മുറപ്രകാരം പെണ്ണിനെ അറസ്റ്റുചെയ്തു ലാക്കപ്പിലാക്കി. അവളുടെ പക്കൽനിന്നു മോതിരം തൊണ്ടിയായി എടുക്കുകയും ചെയ്തു. അതിനു പുറമേ, അറസ്റ്റുചെയ്യുമ്പോൾ അവളുടെ പക്കൽനിന്നു കഠാരിയും നാടൻബോംബും ഒക്കെ പോലീസു് കണ്ടെടുത്തെന്നും കൂടി എഴുതിക്കോ. കേസിൻെറ ബലത്തിനു വേണ്ടി. അതോടുകൂടി നാടകവും അവസാനിപ്പിച്ചേക്കു്. മൂന്നുമണിക്കൂർ അഭിനയിക്കാൻ ഇതു ധാരാളം മതിയാകും.

ഏഡ്ഡു്-അവളെ അറസ്റ്റു ചെയ്തു ലാക്കപ്പിലാക്കിയാൽ പോരല്ലോ ഏമാനേ! അവസാനം അവളുടെ ഗതി എന്തായി എന്നുകൂടി കാണികളെ ബോദ്ധ്യപ്പെടുത്തേണ്ടെ?

ഇൻ—ഓ അക്കാര്യം ഞാൻ ഓത്തില്ല. ഉം. കിട്ടിപ്പോയി. അവൾ ലാക്കപ്പിൽ കിടന്നു മരിച്ചുപോയെന്നു് എഴുതിയേരെ.

ഏഡ്ഡു്—അതു പ്രക്ഷോഭണത്തിനു വഴിയാകും. ഏമാനേ! പോലീസുകാർ കൊന്നതാണെന്നു പറഞ്ഞു കാണികൾ കൊട്ടകയിൽ ക[illegible]ില്ലേ? അതു പോലീസുവകുപ്പിനു ക്കു[illegible]

292055
2:3N071:12
MUL
292055

ഇൻ: അതൊന്നും സാരമില്ലെടോ മറയാ! അവർ പോലീസു കസ്റ്റഡിയിലിരിക്കവേ മഞ്ഞപ്പിത്തം പിടിപെട്ടു് മരിച്ചുപോയെന്നെഴുതിയേക്കു്. മുമ്പിനാലേ തന്നെ അവൾക്കു മഞ്ഞപ്പിത്തം ഉണ്ടായിരുന്നെന്നു് ആദ്യരംഗങ്ങളിലെങ്ങാനും ഒന്നു സൂചിപ്പിച്ചേച്ചാൽ പണിതീർന്നു. പോലീസു് അറസ്റ്റുചെയ്യുമ്പോൾ അവൾ അക്കാര്യം ഏററു മൊഴികൊടുത്താലും മതിയല്ലോ. ഇതൊക്കെയാണോ വല്യകാര്യം? (ഒന്നു മൂരി നിവർന്നു്) ആവൂ അക്കാര്യവും ശരിപ്പെടുത്തി. ഹൂം. ഒരു പോലീസിൻസ്പെക്ടരുടെ ജോലികൾ! കഥ എഴുതാനറിഞ്ഞുകൂടാത്ത നാടകക്കാരനു നാടകംവരെ എഴുതിക്കൊടുക്കണം. അവന്മാർക്കു് അഭിനയിച്ചു പണം സമ്പാദിക്കാൻ. എടോ ആ റാസ്കൽ കാളിദാസൻെറ ശാകുന്തളം ഇപ്പം എങ്ങിനെയിരിക്കുന്നു?

ഏഡ്ഡു്: ശാതോദരി പഷ്ടാം ക്ലാസ്സു് ഏമാനേ.

ഇൻ: താൻ വിചാരിച്ചു ഞാൻ വെറുമൊരു ഏട്ടുമുത്തു് ഇൻസ്പെക്ടരായതാണെന്നു് അല്ലേ? എടോ ഞാൻ മൂന്നാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴേ നാടകമെഴുത്തു തുടങ്ങിയതാ. പഠിത്തം നിറുത്തിയപ്പോഴാ നാടകമെഴുത്തും നിറുത്തിയതു്. അറിയാമോ?

ഏഡ്ഡു്: ഏമാൻ സാഹിത്യത്തിൽ ഇത്ര പിരിഞ്ഞതവനാണെന്നു് ഞാൻ ഇതേവരെ മനസ്സിലാക്കിയിരുന്നില്ല.

ഇൻ: അതൊക്കെ ഒരു പ്രത്യേകകഴിവാ. ഉം. താൻ ഇപ്പോൾതന്നെ റിപ്പോർട്ടു് എഴുതി നാടകപ്പൊക്കുംസഹിതം മേലാവിലേക്കയച്ചേക്കു്.

ഏഡ്ഡു്: റിപ്പോർട്ടിൽ എന്തെഴുതണം ഏമാനേ!

ഇൻ: നാടകം മുഴുവൻ വായിച്ചു. തരക്കേടില്ല. അങ്ങുമിങ്ങും വളരെ കുറച്ചു വ്യത്യാസങ്ങൾ വരുത്തീട്ടുണ്ടു്. പക്ഷെ അതു വളരെ നിസ്സാരമാണു്. കമ്മ്യൂണിസ്സമോ മററു വിദ്ധ്വംസകമോ ഒന്നുമില്ല. അതിനാൽ അഭിനയാനുവാദം നൽകുന്നതിൽ തെററില്ലെന്നു ബോധിപ്പിച്ചുകൊള്ളുന്നു. ആണ്ടുമാസം തീയതിയും വച്ചേക്കു്.

# സാമ്പിൾ ദേശസേവനം.

## രംഗം 1

(ഒരു കള്ളഷാപ്പ്. പലമാന്യന്മാരും ആസനസ്ഥരായി കള്ളു കുടിച്ചുകൊണ്ടിരിക്കുന്നു. ഒരു എം. എൽ.എ. പ്രവേശിക്കുന്നു. പ്രായം ഏതാണ്ടു അമ്പതു വരും. അമിതമായ മദ്യപാനത്താൽ അദ്ദേഹത്തിന്റെ കാലിടറുന്നു. കണ്ണുകൾ ചെമ്പരത്തിപ്പൂവുപോലെ ചുവന്നിരിക്കുന്നു. അദ്ദേഹം ഒരു ഒടിഞ്ഞ ബെഞ്ചിന്മേൽ ചെന്നിരിക്കുന്നു. ബെഞ്ചിന്റെ കാലിളകി എം. എൽ. എ. നിലത്തു വീഴുന്നു. മറ്റുള്ള കുടിയന്മാർ കൂട്ടം ചിരിക്കുന്നു.)

എം. എൽ. എ. (ഉരുണ്ടുപിരണ്ടു എണീററു്, കാലിലും മുതുകിലുമുള്ള മണ്ണു് തട്ടിക്കുടഞ്ഞുകൊണ്ടു്) എന്തോന്നാടാ. ഹേ, ഹേ, ഹീ ഹീ ഹീ? ഞാനാരെന്നറിയാമോ? എം. എൽ. എ.

ആളുകൾ (ഏകസ്വരത്തിൽ)-അയ്യയ്യോ. എം. എൽ. എ. യജമാനനോ? ഒരു ചീട്ടു കൊടുത്തയച്ചാൽ ഞങ്ങൾ നിന്നു് കള്ളു് വീട്ടിൽ എത്തിച്ചു തരത്തില്ലയോ? അങ്ങുന്നു നേരിട്ടുതന്നെ ഷാപ്പിൽ ഹാജരായിരിക്കുന്നതു്?

എം. എൽ. എ—നേരിട്ടുള്ള പരിശോധനയ്ക്ക്. ഇവിടെ എന്തെങ്കിലും ക്രമക്കേടുകൾ ഉണ്ടോ എന്നു പരിശോധിക്കാൻ. എടാ, ഞങ്ങൾ ഉടൻതന്നെ പരിപൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്താൻ നിശ്ചയിച്ചിരിക്കയാണ്. അതിനുമുമ്പ് നിങ്ങൾ കുടിക്കാനുള്ളതൊക്കെ കുടിച്ചുകൊള്ളണം. എടാ പപ്പൂ! കൊണ്ടുവാടാ ഒരു കുപ്പി, ഉം, വേഗം. ആ പൊരിച്ചതും ഒരു ശകലം.

പപ്പു-(ആഗതനായി) എന്തോന്നാ എം, എൽ. എ. സാറു പറയുന്നേ? ഇനി ഒരു ചൊട്ട കള്ളു ഇവിടെ നിന്നും കടം കിട്ടുമെന്നു വിചാരിക്കയേവേണ്ടാ. ഇപ്പോൾ രൂപാ ആറിൽ ചില്വാനം തരണം. ചോദിച്ചിട്ട്, എന്നെ യാതനക്കാരനാക്കി, എനിക്കു ഭൂമി പതിച്ചുതരാൻ ഗവർമെൻറിലേയ്ക്കു ശുപാർശചെയ്തിട്ടുണ്ടെന്ന്. ഈ വിദ്യ ഇനി നടപ്പില്ല.

എം. എൽ. എ -എന്തുകൊണ്ടു നടപ്പില്ല? നീ യാതനക്കാരനല്ലേ? സ്റ്റേററു് കോൺഗ്രസ്സുകാലത്തു് ഞങ്ങൾക്കു് ഇഷ്ടംപോലെ കള്ളും മീനും കടംതന്നു സഹായിച്ച നീ യാതനക്കാരനല്ലെന്നു ആരുപറഞ്ഞു? നീ യാതനക്കാരനാണു്. നിനക്കു ഭൂമി ഞാൻ പതിപ്പിച്ചു തരികയും ചെയ്യും. കൊണ്ടുവാ പപ്പൂ. ഒരു കുപ്പികൂടി. നാലണയ്ക്കു പൊരിച്ചതും. പിന്നീടു് അതിൻെറ കാശു തന്നിട്ടു് നീ എനിക്കു എന്തെങ്കിലും കടം തന്നാൽ മതി.

പപ്പു—ഈ സൂത്രംകൊണ്ടൊന്നും ഇനിമേൽ നടപ്പില്ല. മുൻബാക്കി തീരാതെ ഒരു ചൊട്ട കള്ളു ഇനീം പപ്പു അളക്കത്തില്ല.

എം. എൽ. ഏ – (ക്രുദ്ധനായി) എടാ ഞാൻ ആരെന്നറിയാമോ? ഈ നിയോജകമണ്ഡലത്തിലെ എം. എൽ. ഏ. ഓർമ്മയിരിക്കട്ടെ. ഉം, കൊണ്ടുവാ, കള്ള്, അല്ലെങ്കിൽ ഇന്ന് വൈകുന്നേരം ആറുമണിക്കുള്ളിലായി ഞാൻ നിന്നെ ഇവിടെനിന്നു സ്ഥലം മാററിക്കും. ചീഫ്മന്ത്രിയെക്കണ്ടു്, നീ ഒരു പബ്ലിക്ന്യൂയിസൻസാണെന്നു പറഞ്ഞു്, നിൻെറ ഷാപ്പുതന്നെ നിർത്തിക്കും, ഓർമ്മയിരിക്കട്ടെ.

പപ്പു—അയ്യോ! അങ്ങിനെയൊന്നും ചെയ്യരുതേ? കുഞ്ഞുകുട്ടിപരാതീനക്കാരനാണേ! അവിടുത്തേയ്ക്കു എത്ര കുപ്പി കള്ളുവേണം? പപ്പു തരാമല്ലോ.

(അയാംപോയി കള്ളും കരിമീൻ പൊരിച്ചതുമായി എത്തുന്നു. എം. എൽ. ഏ. വിജയസൂചകമായ മുഖഭാവത്തോടുകൂടി മുറയ്ക്കു ഭക്ഷിക്കുന്നു.

എം. എൽ. ഏ.–എടാ, പപ്പു! കരിമീൻ ജോറായിട്ടുണ്ടെടാ. നിൻെറ ഷാപ്പിന് ഒരു ഗ്രാൻറു തരാൻ ഞാൻ ഗവണ്മെൻറിലേയ്ക്കു ശുപാർശചെയ്യുന്നുണ്ടു്. നിൻെറ യാതന അതും ഗവണ്മെൻറിനെക്കൊണ്ടു അംഗീകരിപ്പിക്കാം. എവിടെ നിൻെറ മകൾ? ഈയ്യിടെയെങ്ങും ഞാൻ അവളെ കാണാറേയില്ലല്ലോ?

പപ്പു-അവൾ അവളുടെ ഭർത്താവിൻെറ വീട്ടിലേയ്ക്കു പോയിരിക്കയാണു്.

എം. എൽ. ഏ.– ഞാനും അങ്ങിനെ സംശയിച്ചു. ഉം, സാരമില്ല മററവളോ? ആ കള്ളെടുത്തു കൊടുക്കുന്നവൾ, നാണി?

പപ്പു-നാണി അകത്തുണ്ടു്. എം. എൽ. ഏ. അങ്ങന്നു അകത്തേയ്ക്കു പൊയ്ക്കോട്ടെ. ആരെങ്കിലും കള്ളു

കുടിക്കാൻവരുന്നു. അങ്ങന്നിനെ ഇവിടെ കണ്ടാൽ ആകെ കുറച്ചിലാകും.

എം. എൽ. ഏ. ഒള്ളതാടാ പപ്പു! ഞാൻ അകത്തേയ്ക്കു പൊയ്ക്കളയാം. എടാ നോക്കിക്കോ. ആറുമാസത്തിനുള്ളിൽ ഈ നാട്ടു മുഴുവൻ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കിയേക്കാം. പിന്നീട് ഈ എമ്പോക്കികൾ എങ്ങിനെ കള്ളു കുടിക്കുമെന്നു നമുക്കൊന്നു കാണാമല്ലോ.

(എം. എൽ. ഏ. മുമ്പേയും പപ്പു പുറകേയുമായി അവരിരുവരും ഉള്ളിലേക്കു പോകുന്നു.)

മദ്യപാനികളിൽ ഒരുവൻ കൂട്ടുകാരനോട്--ഇവനാണോ ഇവിട്ടത്തെ എം. എൽ. ഏ?

അപരൻ- അതേയതേ. ആളിനെ അറിയുകയില്ലേ? ഇവന്റെ ഭാര്യയല്ല്യോ ഒരു ഡ്രൈവരുടെകൂടെ ഒളിച്ചോടിപ്പോയതു്? ഇവന്റെകൂടെ പൊറുത്തു മതിയായെന്നും പറഞ്ഞു്. അവൻ ഇപ്പം ജനകീയ എം. എൽ. ഏ-യാണുപോലും!

ഒന്നാമൻ-കൊള്ളാമല്ലിയാ. രസംതന്നെ. ഉം. കുടി മുറയ്ക്കു നടക്കട്ടെ.

(അവർ ചിരിച്ചുകൊണ്ടു് മുറയ്ക്കു മദ്യം സേവിക്കുന്നു.)

## രംഗം 2

(സ്ഥാനം പ: സ: കമ്മീഷണരുടെ വാതൽ. എം. എൽ. ഏ. പ്രവേശിക്കുന്നു. അദ്ദേഹത്തിന്റെ പുറകിലായി ഏകദേശം 20 വയസ്സു പ്രായംവരുന്ന ഗർഭിണിയായ ഒരു സ്ത്രീ നില്ക്കുന്നു.)

എം. എൽ. ഏ- (സ്ത്രീയോട്) ഞാൻ എങ്ങിനെ അദ്ദേഹത്തിനോട് ശുപാർശചെയ്യും? എനിക്കു അദ്ദേഹത്തിന്റെ ഒരു പരിചയവുമില്ല.

സ്ത്രീ: ഇല്ലെങ്കിൽ കണക്കായിപ്പോയി. ഇന്നുതന്നെ എന്നെ രജിസ്റ്റർ വിവാഹം കഴിച്ചേക്കണം. അല്ലെങ്കിൽ ഇപ്പോൾ ഇവിടെവച്ചു ഞാൻ നിങ്ങളെക്കൊന്നു ഞാനും ചാകും. വലിയ എം. എൽ. ഏ. യാണ്. എനിക്കുദ്യോഗം ഉണ്ടാക്കിത്തരാം എന്നൊക്കെ പറഞ്ഞ് എന്നെ കബളിപ്പിച്ചു. എനിക്ക് ഈ പുറക്കുന്നതു് മാസം ആറാ, അറിയാമോ?

എം. എൽ. ഏ—ശ്ശ്. പതുക്കെപ്പറ ആരെങ്കിലും കേട്ടാൽ കുറച്ചിലാകും. നീ ഇവിടെ നില്ക്കു്. ഞാൻ അകത്തേക്കുചെന്ന് അദ്ദേഹത്തെ കാണട്ടെ.

(എം. എൽ. ഏ. അകത്തേയ്ക്കു പോകുന്നു.)

പ: സ: കമ്മീഷണർ:--ഉം? നിങ്ങൾ ആരു്, എന്തിനുവന്നു?

എം. എൽ. ഏ: ഞാൻ...ഞാൻ...എന്നെ അറിയികില്ലേ? ഞാനാണ് എം. എൽ. ഏ മിസ്റ്റർ......

കമ്മീഷണർ: എം. എൽ. ഏ-മാർക്ക് ഇവിടെ എന്തുകാര്യം? ഇതു നിയമസഭയല്ലല്ലോ?

എം. എൽ. ഏ: ഞാൻ ഒരു ലേഡീ അണ്ടർഗ്രാഡുവേററിനുവേണ്ടി ശുപാർശചെയ്യാൻ വന്നതാണ്. ഒരു ഹയർക്കാരി, ട്രെയിനിംഗ് കഴിഞ്ഞതു്.

കമ്മീഷണർ: ഓഹോ. അതിലേക്കു നിങ്ങൾ ശുപാർശചെയ്യാൻ വന്നതു്......?

എം. എൽ. എ.—ഞാൻ നേരിട്ട് ഗവൺമെൻറിലേയ്ക്ക് എഴുതി അയച്ചാലും മതി. എങ്കിലും അങ്ങിനെയല്ലല്ലോ.

കമ്മീഷ—ശരി. ഒരു അപേക്ഷ അയച്ചേക്കാൻ പറയൂ. വേണ്ടതുപോലെ ചെയ്തുകൊള്ളാം.

എം. എൽ. എ.—ഒരു കാൺഗ്രസ്സ് എം. എൽ. എ.-യോട്ട് ഒരു ഉദ്യോഗസ്ഥനും ഇതുവരെ ഇത്ര ധിക്കാരമായി സംസാരിച്ചിട്ടില്ല. ഞാൻ വിചാരിച്ചാൽ എന്തും സാധിക്കുമെന്ന് ഓർമ്മവേണം.

കമ്മീഷ—ശരി, എന്തുപറഞ്ഞു? ആരവിടെ, പ്യൂൺ! ഈ മനുഷ്യനെ പിടലിക്കുപിടിച്ചു വെളിയ്ക്കാക്കൂ.

(എം. എൽ. എ.—കോപത്തോടുകൂടി ചൂണ്ടുവിരൽ തുള്ളിച്ചുകൊണ്ടു വെളിയിലേയ്ക്കു പോകുന്നു)

സ്ത്രീ—എന്തായി? കാര്യം സാധിച്ചോ?

എം. എൽ. എ.—സാധിച്ചു; സാധിച്ചു. ആദ്യമൊക്കെ ഉഡാൻസടിച്ചുനോക്കി. ഞാൻ പറഞ്ഞു, മര്യാദയ്ക്ക് നിന്നെ ഉടൻ നിയമിച്ച് ആർഡറിട്ടില്ലെങ്കിൽ അയാളുടെ ഉദ്യോഗം ഞാൻ കളയിക്കുമെന്ന്. അപ്പോൾ ആർഡറെഴുതി. നീ പൊയ്ക്കോ. നീ അങ്ങ് എത്തുമ്പോഴേയ്ക്ക് ആർഡറും വന്നിരിക്കും.

## രംഗം 3.

(ഒരു നാടകക്കൊട്ടകയുടെ വാതൽ. എം. എൽ. എ. റിക്ഷായിൽ വന്നിറങ്ങി നേരെ തിയേററിലേയ്ക്കു നടക്കുന്നു.)

റിക്ഷാക്കാരൻ—സാറേ, കൂലി തന്നില്ല. . . —

എം. എൽ. ഏ.–ഛീ. നായേ! ഞാൻ ആരെന്നു നീ മനസ്സിലാക്കിയോ? ഞാനാണു" എം. എൽ. ഏ. ഉം. പോ വേഗം.

(റിക്ഷാക്കാരൻ മിഴിച്ചുനില്ക്കുന്നു. എം. എൽ. ഏ. തീയേററിലേയ്ക്കു നടക്കുന്നു.)

ടിക്കററുകളക്ടർ—ഹേ മിസ്റ്റർ! ടിക്കററു തരൂ.

എം. എൽ. ഏ.–എന്തു്? താൻ എന്നെ തടഞ്ഞു നിർത്തുന്നോ? മര്യാദയ്ക്കു സംസാരിക്കു്. ഞാനാണു് എം. എൽ. ഏ.

ടിക്കററു്— എമ്പോക്കി! താൻ എം. എൽ. ഏ. ആയാൽ എനിക്കെന്തു്? മന്ത്രിയായാലെനിക്കെന്തു്? അകത്തു കടക്കണമെങ്കിൽ ടിക്കററു തരണം.

എം. എൽ. ഏ. —ഞാൻ വിചാരിച്ചാൽ എന്തും സാധിക്കുമെന്നു തനിക്കറിയാമോ? തന്നെ ഇവിടെനിന്നും ഫോണിൽക്കൂടി സ്ഥലംമാററിച്ചുകളയും.

ടിക്കററു്–ഈ ഗേററിൽനിന്നു് അകത്തെ ഗേററിലേയ്ക്കായിരിക്കും. അതുകൊണ്ടു് സാരമില്ല. ഹേ ഉച്ചക്കിറുക്കാ! ഞാനാണു് നാടകം കൺട്രാക്ടു്പിടിച്ചു നടത്തുന്നതു്. തന്നെ എനിക്കു നല്ലവണ്ണമറിയാം. ചക്കാത്തും, കരിഞ്ചന്തയും, കൈക്കൂലിയുംകൊണ്ടു് തടിച്ചുകൊഴുത്തു് കുടവയറുമായി...

(ടിക്കററുകാരൻ കൈ ചുരുട്ടി എം. എൽ. ഏ–യുടെ കുടവയറിനുനേരെ ഓങ്ങുന്നു. എം. എൽ. ഏ. നയതന്ത്രപരമായി പിന്മാറുന്നു)

## രംഗം 4

(ഒരു പ്രമാദമായ മാലമോഷണം. ഒരു കരപ്രമാണിയുടെ മകളുടെ മാല ഒരാൾക്കൂട്ടത്തിൽവച്ചു് ആരോ പോക്കററടിച്ചതാ

ണു് കേസ്. പോലീസുകാർ നാലുവഴിക്കും പായുന്നു. ഒരാറം ബസ്സ്സ്റ്റാൻറിലും എത്തുന്നു. നമ്മുടെ എം. എൽ. ഏ. ബസ്സുകയറാൻ ആരംഭിക്കുന്ന സമയം പോലീസുകാരൻ അയാളെ തടഞ്ഞുനിർത്തുന്നു.)

പോലീസ്—ഹേ, നിങ്ങാം പോകാൻ വരട്ടെ. നിങ്ങളുടെ സൂട്ട്കേസ് പരിശോധിക്കേണ്ടിയിരിക്കുന്നു.

എം. എൽ. ഏ.— എൻെറ സൂട്ട്കേസോ? ഞാൻ ആരാണെന്നറിയാമോ? ഞാൻ എം. എൽ. ഏ. ആണെന്നു ഓർമ്മയിരിക്കട്ടെ.

പോലീസ്—ആരായാലും ശരി. എനിക്കു് എൻ്റെ ഡ്യൂട്ടി നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ആൾക്കൂട്ടത്തിൽ ഒരു പെൺകുട്ടിയുടെ കഴുത്തിൽനിന്നു് ആരോ ഒരു മാലപൊട്ടിച്ചുകൊണ്ടു് കടന്നുകളഞ്ഞതാണു് കേസ്. സാറു് സംഭവസ്ഥലത്തുനിന്നു് ഇങ്ങോട്ടു് പാഞ്ഞോടിപ്പോരുന്നതു് പലരും കണ്ടിട്ടുണ്ടു്. അതുകൊണ്ടു് എനിക്കു് സാറിൻെറ പെട്ടി പരിശോധിക്കണം.

എം. എൽ. ഏ.—ഛീ, എന്തുപറഞ്ഞു? ഞാൻ ഒരു മോഷ്ടാവു്! എടോ. തൻെറ മേലാവിൻെറ മേലാവായ ഐ ജി-യെ ഡിസ്മിസ്സ് ചെയ്യണമെങ്കിൽ എൻെറ ഒരു നോട്ടമതി. അറിയാമോ?

പോലീസ്—അതൊക്കെ അറിയാം. വേഗം പെട്ടിതുറന്നു് കാണിക്കണം, ഹേ.

എം. എൽ. ഏ.—ഉം. മാറിനില്ക്കു്. അഹങ്കാരം, അവമാനം! എടോ ഞാനിതിനു് പകരം ചോദിച്ചില്ലെങ്കിൽ......

പോലീസ്—അതെ, ഹേ! വേഗം പെട്ടിതുറന്നുകാ

ണിക്കണം. അല്ലെങ്കിൽ നിങ്ങളെ ഇപ്പോൾ ഇവിടെ വച്ച് സംശയത്തിന്മേൽ അറസ്റ്റ് ചെയ്യും.

എം. എൽ. ഏ.–അറസ്റ്റ്! എന്തു ധിക്കാരം? എടോ, ഞാൻ പോകട്ടെ. എനിക്ക് ഇന്ന് ഒരു മൂന്ന് മഹായോഗത്തിൽ സംബന്ധിക്കാനുണ്ട്. എൻെറ യാത്രയ്ക്ക് തടസ്സമുണ്ടാക്കിയാൽ തന്നെ ഇന്നുതന്നെ ഡിസ്സ്മിസ്സ ചെയ്യിക്കും.

(പോലീസുകാരൻ എം. എൽ. ഏ–യുടെ സൂട്ട്കേസ് ബലാല്ക്കാരമായി വാങ്ങിത്തുറക്കുന്നു. അതിനകത്തുനിന്ന് മോഷണംപോയ മാല കണ്ടെടുക്കുന്നു. എം. എൽ ഏ ഒളിച്ചോടുവാൻ ശ്രമിക്കുന്നു. ജനങ്ങൾ എല്ലാവരുംകൂടി അയാളെ ബന്ധിക്കുന്നു.)

എം എൽ. ഏ –അയ്യോ ആ മാല ഞാൻ അറിയാതെ മോഷ്ടിച്ചുപോയി. നിങ്ങൾ എന്നെ അവമാനിക്കരുത്. ഞാൻ എം. എൽ. ഏ. ആണ്, ജനപ്രതിനിധി.

പോലീസ്—ശരി, നടക്കെടാ സ്റ്റേഷനിലേയ്ക്ക്. എം. എൽ. ഏ. ആണുപോലും! ഈ പോക്രിയെ കണ്ടപ്പോൾത്തന്നെ എനിക്കു സംശയം തോന്നിയതാ.

എം. എൽ. ഏ.–(പി. സി.–യോട് രഹസ്യമായി) നിങ്ങൾ എന്നെ അവമാനിക്കാതിരിക്കണം. നിങ്ങളെ ഒരു എച്ച്. സി.യായി പ്രമോഷൻ തരാൻ ഞാൻ ഐ. ജി.–ക്ക് ലററർ തരാം

പോലീസ്–നീയും, നിൻെറ ലട്ടറും. നട സ്റ്റേഷനിലേയ്ക്ക്. ഉം!

(മുതുകിൽ ഒരു ഇടിയോടുകൂടി പോലീസുകാരൻ എം. എൽ. ഏ.–യെ സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുന്നു.)

# ഒരു സ്റ്റുഡിയോ രംഗം.

കഥാപാത്രങ്ങൾ—ഡയറക്ടർ ഫ്ലൂടോൽക്കചെറാവു അസിസ്റ്റൻറു ഡയറക്ടർ, ക്യാമറാമാൻ, റിക്കാർഡിസ്റ്റ് സംഭാഷണകർത്താ, നടീനടന്മാർ, മററു ചിലരും.

സ്ഥലം-സീറോ സ്റ്റുഡിയോ, സമയം രാവിലെ 10 മണി.

ഡയറക്ടർ-എന്താ മി. അസിസ്റ്റൻറു് ! ഇന്നു ഷൂട്ടു ചെയ്യാനുള്ള സീൻ ഏതാണു്?

അസിസ്റ്റൻറു്-ദശരഥൻെറ വിവാഹവും ശ്രീരാമൻെറ പട്ടാഭിഷേകവും.

ഡയറക്ടർ-അതെന്തിനു്? നമ്മൾ ഒരു സോഷ്യൽ പടമല്ലേ നിർമ്മിക്കുന്നതു്? അതിൽ ദശരഥനും ശ്രീരാമനും സ്ഥാനമുണ്ടോ? ഉണ്ടെന്നുവരാം. എങ്കിലും ഒരു സംശയം.

അസി-നമ്മുടെ ചിത്രം സോഷ്യൽതന്നെ. ഇതു അതിനുള്ളിൽതന്നെ ഒരു അന്തർനാടകം, അത്രേയുള്ളു. മലയാളചിത്രങ്ങൾ അന്തൎന്നാടകങ്ങളില്ലാതെ ഇറക്കാൻ പാടില്ലെന്നു നിയമമുണ്ടു്.

ഡയ—ശരി, ശരി. സമയമാകുന്നു. എവിടെ ആ ദശരഥനും ശ്രീരാമനും?

അസി--ദശരഥൻ മേക്കപ്പ്റൂമിൽ ഇരിക്കുന്നു. ശ്രീരാമൻ......

ഡയ-എന്തിന മറയ്ക്കുന്നു? ശ്രീരാമൻ ബീഡിവ ലിക്കയാണെന്ന സംഗതിയും പറയരുതോ? എവിടെ ആ മേക്കപ്പ്മാൻ ശങ്കർ? അയാളെ ഇങ്ങ വിളിക്കൂ.

(മേക്കപ്പ് വിദഗ്ദ്ധൻ ശങ്കർ 'എന്താ സാർ' എന്നു ചോദിച്ചുകൊണ്ടു് പ്രവേശിക്കുന്നു.)

ഡയ-എന്താണെന്നോ? ദശരഥനു മേക്കപ്പു ചെയ്യാൻ നാലുമണിക്കൂറോ? നല്ല വിദ്വാനാണു് താൻ മരിപ്പാൻപോകുന്ന ഒരു വൃദ്ധനു് എന്തിനാണു ഹേ, മേക്കപ്പെല്ലാം? ശീഘ്രത്തിൽ പൗഡറിട്ടു് അയാളെ ഇങ്ങയയ്ക്കൂ. അതുപോകട്ടെ. ആ സത്യഭാമ എവിടെ? രുഗ്മിണിയും ഇതുവരെ വന്നില്ലേ?

സംഭാഷണകർത്താ-(സംഭ്രമിച്ചു്) ആരു്? സത്യഭാമയും രുഗ്മിണിയുമോ?

ഡയ—അതെ സാറേ, അതെ. ദശരഥന്റെ ഭാര്യമാരായ സത്യഭാമ, രുഗ്മിണി എന്നിവരെയാണു് അന്വേഷിക്കുന്നതു്.

സംഭാ—സത്യഭാമയും രുഗ്മിണിയും ദശരഥന്റെ ഭാര്യമാരാണെന്നോ?

ഡയ-കഷ്ടം! ഇതുപോലും അറിയാതെയാണോ താൻ ചിത്രത്തിനു സംഭാഷണം രചിക്കാൻ വന്നിരിക്കുന്നതു്? ഭേഷ്...തന്റെ കഥയും താനും!

അസിസ്റ്റന്റു്-സാർ! നിങ്ങൾ ഓർക്കാതെ പറഞ്ഞതാണു്. സത്യഭാമയും രുഗ്മിണിയും ദശരഥന്റെ ഭാര്യമാരല്ല.

ഡയ-പിന്നെ ആരുടെ ഭാര്യമാർ?

സംഭാ—അങ്ങിനെ ചോദിയ്ക്കൂ. സത്യഭാമയും രുഗ്മിണിയും ദുര്യോധനന്റെ സഹധർമ്മിണികളാണു്.

ഡയ: അതാരാ, ആ ദുര്യോധനൻ?

സംഭാ: കുണ്ഡോദരന്റെ അമ്മാവന്റെ അളിയൻ

ഡയ: അങ്ങിനെയോ? ഓ, വെരി ആം സാറി, മി. കവി! ദശരഥന്റെ ഭാര്യമാർ ആരെല്ലാമാണു്?

അസി: കൈകേയിയും കൌസല്യയും.

ഡയ: ഓഹോ കൈകേയി എവിടെ?

അസി: നമ്മുടെ പ്രൊപ്രൈറററോടു് എന്തോ സംസാരിച്ചുകൊണ്ടിരിക്കുന്നു.

ഡയ: ശരി. നിങ്ങൾ പോയി അവളെ വിളിച്ചു കൊണ്ടുവരൂ.

(അസിസ്റ്റൻറു് പോയി കൈകേയി പാർട്ടുകാരിയായ മിസ്സു് 'വനിതാമണി'ദേവിയെ വിളിച്ചുകൊണ്ടുവരുന്നു.)

വനിതാ: എന്തിനാണു് ഡയറക്ടർ സാർ, എന്നെ വിളിപ്പിച്ചതു്?

ഡയ: ഒന്നും അറിയാത്തമട്ടിൽ സംസാരിക്കുന്നല്ലോ! ഇന്നു നിൻെറ മുഖ്യമായ സീൻ എടുക്കാൻ പോകുന്നു. എളുപ്പംപോയി മേയ്ക്കപ്പുചെയ്തിട്ടു വരൂ.

വനിതാ: ഞാൻ എന്തിനു മേയ്ക്കപ്പുചെയ്യണം? ഇന്നു് എൻെറ സീൻ ഒന്നും ഇല്ലല്ലോ.

ഡയ: മിസ്സു് വനിതാമണി! നിന്നോടു സംസാരിക്കാൻപോലും എനിക്കു സമയമില്ല. ഇന്നു നിനക്കു ജോലിയുണ്ടെന്നു രണ്ടുദിവസത്തിനു മുമ്പു് 'കാൾഷീററിൽ' അറിയിച്ചിരുന്നല്ലോ. മി. അസിസ്റ്റൻറു് ഡയറക്ടർ! നിങ്ങളല്ലേ കാൾഷീററു് എഴുതിയതു്?

അസിസ്റ്റൻറ്: എസ്സ്, സാർ!

വനിതാ: നിങ്ങൾ പറയുന്നതൊന്നും എനിക്ക മനസ്സിലാകുന്നില്ല. കാൾഷീററിൽ എഴുതിയിരുന്നതു് സീത, ശൂർപ്പണഖ എന്നീ പാർട്ടുകാരികൾക്ക മാത്രമേ ഇന്നു ഷൂട്ടിംഗ്ഗ് ഉള്ളു എന്നാണു്.

ഡയ: ഹേ, അസിസ്റ്റൻറ്! നിങ്ങൾ എഴുതിയതു തെററിയോ? അതോ, മിസ്സ് വനിതാമണിക്ക് അബദ്ധം പിണഞ്ഞോ?

റിക്കാർഡിസ്റ്റ്: അസിസ്റ്റൻറ ഡയറക്ടർ എഴുതിയതാണു് തെററ്. ഞാനും കാൾഷീററിൽ നോക്കി. മിസ്സ് വനിതാമണി പറഞ്ഞതുപോലെതന്നെയാണു് അതിൽ എഴുതിയിരിക്കുന്നതു്.

ഡയ: ശിവ ശിവ! ഒന്നും അറിയാൻമേലാത്ത ആനമണ്ടന്മാരെയാണല്ലോ എനിക്ക കിട്ടീട്ടുള്ളതു്! അപ്പോൾ ഇന്നു ഷൂട്ടിംഗ്ഗ് സീറോതന്നെ.

ക്യാമറാമാൻ: സാർ! എനിക്ക ഒരു ഐഡിയാ തോന്നുന്നു. മിസ്സ് വനിതാമണിയുടെ മുഖം ചിലപ്പോൾ ശൂർപ്പണഖയുടേതുപോലെ ശോഭിക്കുന്നു. അതിനാൽ...

ഡയ: (കോപിച്ചു്) ഷട്ടപ്പ്. വായിൽ തോന്നിയതെല്ലാം പറയാമെന്ന ധിക്കാരമോ? (സസ്നേഹം) മിസ്സ് വനിതാമണി! ദയവുചെയ്തു എനിക്കവേണ്ടി ദേവി ഇന്നു് ആക്റ്റുചെയ്തേ തീരു.

വനിതാ: അതെങ്ങിനെ സാറേ! പെട്ടെന്നു് ആക്റ്റു ചെയ്യാൻ സാധിക്കുന്നതു്? ഡയലാഗ്ഗ് ഓർമ്മിക്കുന്നില്ല. പാട്ടും മറന്നുപോയി.

ഡയ—അതു സാരമില്ല. നിനക്കെന്തുതോന്നുന്നുവോ അങ്ങിനെ അഭിനയിക്കൂ. നിന്റെ ഇഷ്ടംപോലെ സംസാരിക്കൂ, പാട്ടു. നീ എന്തു ചെയ്താലും എങ്ങിനെ തുള്ളിയാലും അതു കാണ്മാൻ അനേകായിരം സിനിമാ പ്രണയികൾ ആഗ്രഹിക്കുമ്പോൾ ഡയലാഗ് എന്തിന്, പാട്ടെന്തിന്? ഉം...സമയം അതിക്രമിക്കുന്നു. നീ മേക്കപ്പ്റൂമിൽപോയി ശീഘ്രം വരൂ.

(മിസ്സ് വനിതാമണി മേക്കപ്പ്റൂമിൽ പോകുന്നു. ദശരഥന്റെ പാർട്ടുകാരൻ മേക്കപ്പ് കഴിഞ്ഞു വെളിയിൽ വരുന്നു.)

ദശ—സാർ! ഒരപേക്ഷ...

ഡയ—എന്താണതു്?

ദശ—നമ്മുടെ പടത്തിൽ എക്സ്ട്രാ നടികൾക്കുപോലും ഒന്നു പാട്ടുവാൻ താങ്കൾ സന്ദർഭം നൽകിയിരിക്കുന്നു. എന്നാൽ എനിക്കുമാത്രം പടത്തിൽ പാട്ടേ ഇല്ല. ന്യായമാണോ? ഈ സ്നോട്ടുകൂടി എന്റെ ഭാഗം അവസാനിക്കുന്നു. ആയതിനാൽ ദയവായി ഇപ്പോൾ എനിക്കൊരു പാട്ടുപാടാൻ സന്ദർഭം തരണം എന്നാണ് എന്റെ അഭ്യർത്ഥന.

ഡയ—മരിക്കാൻ കിടക്കുന്ന ദശരഥൻ എങ്ങിനെ ഹേ, പാടും?

ദശ—അതെല്ലാം താങ്കൾ ഉത്സാഹിച്ചാൽ നടക്കും. "മന്മഥലീലയേ വെൻറാൽ ഉണ്ടോ?" എന്ന മട്ടിൽ ഒരു പാട്ടുപാടിയശേഷം ദശരഥൻ മരിക്കുകയാണെങ്കിൽ... ചിത്രം പൊടിപൊടിക്കും.

ഡയ—അതെ, പൊടിക്കും. പാട്ടുപാടിക്കഴിഞ്ഞു് നിങ്ങൾ ജീവനെ വെടിയും. എന്നാൽ നിങ്ങളുടെ പാട്ടു

കേട്ട് ഈ പത്രക്കാർ എന്നെയും മററുള്ളവരെയും ജീവനോടെ ഭസ്മമാക്കുമല്ലോ. അതിനെന്തുചെയ്യും?

(മിസ്സ് വനിതാമണി മേക്കപ്പുചെയ്തുകൊണ്ടു പ്രവേശിക്കുന്നു.)

ഡയ: ഹാ, ററാ! വളരെ ഭംഗിയായിരിക്കുന്നു. വണ്ടർഫുൾ, ബ്യൂട്ടിഫുൾ, വനിതാമണി! നിനക്ക് ഈ വേഷം വളരെ യോജിച്ചിട്ടുണ്ട്. (ക്യാമറാമാനോട്) എന്താ, ഷൂട്ടിംഗ് ആരംഭിക്കാമോ?

ക്യാമറാ: സർ, മണി ഒന്നായി. എല്ലാവർക്കും വിശപ്പുതുടങ്ങിയിരിക്കും. ആദ്യമായി ഊണുകഴിക്കാം. എന്നിട്ടു ഷൂട്ടിംഗ് ആരംഭിക്കാം.

(എല്ലാവരും ക്യാമറാക്കാരൻെറ അഭിപ്രായത്തോടനുകൂലിക്കുന്നു.)

ഡയ: ഉണ്ണുകയോ ഉറങ്ങുകയോ എന്തുവേണമെങ്കിലും ചെയ്തുകൊൾക. എന്നാൽ, വൈകുന്നേരം 5 മണിക്കുള്ളിൽ ദശരഥൻ മരിക്കുന്നതു പടമെടുത്തിരിക്കണം. ഉം, പോകൂ.

(എല്ലാവരും പോകുന്നു. ഊണുകഴിഞ്ഞു തിരിച്ചു വരുന്നു. ഷൂട്ടിംഗിനുള്ള പ്രാരംഭ ഒരുക്കങ്ങൾ നടക്കുന്നു. സ്റ്റ്യുഡിയോ വിളക്കുകൾ പ്രകാശിക്കുന്നു. പടമെടുക്കാൻ ക്യാമറാമാൻ തയ്യാറായി നില്ക്കുന്നു.)

ഡയ: ഹേ, മിസ്റ്റർ ദശരഥമഹാരാജാവേ! ഇങ്ങു വരൂ. ക്യാമറായെ നോക്കിയിരുന്നുകൊണ്ടു് നിങ്ങളുടെ ഡയലോഗ് പറയുക...ദേവീ കൈകേയി! ആനയെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും തിരിയുകയോ ചരിയുകയോ ചെയ്യാതെ സ്റ്റെഡിയായി നില്ക്കൂ, ഹേ, മന്ത്രിപുംഗവാ!

നിങ്ങളെന്തിനു ചിരിക്കുന്നു? ചിരിക്കാനുള്ള സമയം ഇതല്ല. ദശരഥൻ മരിക്കാറായി. കരഞ്ഞുകൊണ്ടിരിക്കൂ. മിസ്റ്റർ ദശരഥൻ! നിങ്ങൾ സംസാരിക്കൂ.

ദശരഥൻ (സംസാരിക്കുന്നു)-കൈകേയീ! നിൻെറ മക്കടമുഷ്ടി നിറുത്തു. നിൻെറ പുത്രൻ വേണമെങ്കിൽ രാജ്യം ഭരിക്കട്ടെ. എന്നാൽ ഭരതനെ അല്ലല്ല, തെററിപ്പോയി രാമനെ കാട്ടിലയയ്ക്കണമെന്നു പറയരുതു്. പ്രിയേ, കൈകേയീ! വേറെ എന്തുവേണമെങ്കിലും ചോദിക്കൂ. സമുദ്രത്തിലെ ഉപ്പുവേണോ, അമേരിക്കയിലുള്ള "ഹൈഡ്രജൻബോംബു" വേണോ, മരച്ചീനിവേണോ, കുട്ടികൾക്കു ഫീസു സൗജന്യം വേണോ, സാരിവേണോ, ബ്ലൗസ്സുവേണോ എന്തുവേണം ചോദിക്കൂ.

സംഭാഷണകർത്താ: നിങ്ങൾ എന്തെല്ലാമോ പിറുപിറുക്കുന്നുവല്ലോ. ശരിയായി പറയുക.

ദശ: എന്നാൽ നിങ്ങൾതന്നെ ആദ്യം പറയൂ. കേൾക്കട്ടെ.

സംഭാഷണ: (ചുമച്ചു തൊണ്ടശരിപ്പെടുത്തിക്കൊണ്ടു്) "ഹാ കൈകേയി! നീയാണോ ഇപ്രകാരം പറയുന്നതു്? രാമനെ വനത്തിലേയ്ക്കു പറഞ്ഞയയ്ക്കേണ്ടതു്? എടീ ദ്രോഹീ! നീയും ഒരു സ്ത്രീ!...ഹാ രാമാ! അയ്യോ രാമാ!" ഇങ്ങനെ സംസാരിക്കണം, മനസ്സിലായോ ഒന്നു പറയൂ, നോക്കട്ടെ.

(ദശരഥൻ സംസാരിക്കുന്നു.)

ഡയ: എന്താണു ഹേ, നിങ്ങൾ സംസാരിക്കുകയാണോ? ശ്ലോകം ചൊല്ലുകയാണോ? മുഖത്തിൽ ഒരു എക്സ്പ്രഷൻപോലും കാണുന്നില്ലല്ലോ. സംസാരിക്കുമ്പോൾ മുഖത്തു ശോകരസം വ്യാപിക്കണം. ദേഹം കി

ലുകിലാ വിറയ്ക്കണം. സംസാരിച്ചശേഷം; ഹാ ഭാമാ!... അല്ല, അല്ല. രാമാ" എന്നലറിക്കൊണ്ടു താഴെ വീഴണം. എന്താ, ഞാൻ പറഞ്ഞതു മനസ്സിലായോ?

ദശരഥൻ: മനസ്സിലായി.

ഡയ: കൈകേയി! നീയും ഭാമാവും രുഗ്മിണിയും......അസിസ്റ്റൻറ് ഡയറക്ടർ!

അസി: സാർ, സാർ! കൌസല്യയും സുമിത്രയും.

ഡയ: ഓ, അയാം സാറി, മിസ്സ് കൈകേയി! മിസ്സ് സുമിത്രേ! നിങ്ങൾ കരയണം. മിസ്റ്റർ ദശരഥൻെറ മരണം നിങ്ങൾക്കു വിഷാദം ജനിപ്പിക്കുന്നുവോ? കരച്ചിൽ വന്നില്ലെങ്കിൽ മൂക്കെങ്കിലും പിഴിഞ്ഞുകൊണ്ടിരിക്കു. അല്ലെങ്കിൽ ഗ്ലിസറിൻ ഉപയോഗിക്കു. ഹേ് മിസ്റ്റർ പ്രൊഡക്ഷൻ മാനേജർ! ഈ കൈകേയിക്കു, കുറച്ചു ഗ്ലിസറിൻ കൊടുക്കു.

(ക്യാമറാ പ്രവൎത്തനത്തിലേർപ്പെടുന്നു. ദശരഥൻ മരിക്കുന്നു. ആ സീൻ അവസാനിക്കുന്നു.)

ഡയ: (ദീർഘശ്വാസംവിട്ടു്) ഭേഷ്! പടം എടുത്തു കഴിഞ്ഞു. മിസ്റ്റർ ദശരഥൻ! നിങ്ങളുടെ അഭിനയം വളരെ വളരെ മെച്ചമായിരിക്കുന്നു. അത്ഭുതം. അതിലുപരി, ആനന്ദം. ആഹാ (തിടുക്കത്തോടെ) നിങ്ങളുടെ മീശ എവിടെ?

ദശ: മീശയോ? ഏതു മീശ?

ഡയ: ഏതു മീശയെന്നോ? നിങ്ങളുടെ മൂക്കിനു താഴെയായി ഒട്ടിച്ചുവച്ചിരുന്നില്ലേ. ആ മീശ. അതെവിടെപ്പോയി?

ദശ: (മുഖം തടവിക്കൊണ്ടു്) എനിക്കറിഞ്ഞുകൂടാ.

ഡയ: മിസ്റ്റർ അസിസ്റ്റൻറു്! ദശരഥൻെറ മീശയെവിടെ? നിങ്ങൾക്കെങ്കിലും അറിയാമോ?

അസി: അ, ആ. അറിഞ്ഞുകൂടാ.

ഡയ: (കോപിച്ചു്) നിങ്ങളെയെല്ലാം അറേബ്യൻ കടലിൽ കെട്ടിത്താഴ്ത്തണം. മുഖത്തിൽ മീശയുണ്ടോ ഇല്ലയോ എന്നുള്ളതു് അറിയാതെ അഭിനയിക്കാൻ വന്നിരിക്കുന്നു! "ടേക്കു്" എടുക്കുന്നതിനുമുമ്പായി നടീനടന്മാരെ ശ്രദ്ധിച്ചു് എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ ആയതിനെ പരിഹരിക്കാൻ അറിഞ്ഞുകൂടാത്ത നിങ്ങൾ അസിസ്റ്റൻറു് ഡയറക്ടറായി എന്തിനുവന്നു? കൈകേയിയുടെ ജമ്പർ ശരിയായില്ലെങ്കിൽ അതു് ആയിരംപ്രാവശ്യം നിങ്ങൾ ശ്രദ്ധിക്കുന്നു. ആ ശ്രദ്ധയെ ദശരഥൻെറ മീശയിൽ അല്പം ചെലുത്തിക്കൂടെ? ഹാ ദൈവമേ! ഇപ്പോൾ എടുത്ത ഷാട്ടു മുഴുവൻ നിഷ്ഫലമായല്ലോ. ഇതിനെന്തുചെയ്യുന്നു? (പാടുന്നു)

(സത്ഗുണബോധൻ എന്ന മട്ടു്) മീശയെങ്ങുപോയോ, ആശയോടെ ഞാൻ വച്ച (മീശ)

(അരിവെയ്പ്പുകാരൻ പ്രവേശിക്കുന്നു)

അരിവെ: സാർ, ഇതാരുടെ മീശ? അടുക്കളയിൽ നിന്നു കിട്ടി.

ഡയ: (മീശ കയ്യിൽവാങ്ങി നോക്കി) അതെ, സംശയമില്ല. ഇതു ദശരഥൻെറ മീശതന്നെ. ഇതെങ്ങിനെ അടുക്കളയിൽ പോയി?

അരിവെ: ആ? ദശരഥൻ സാറുതന്നെയായിരിക്കും അവിടെവച്ചു മറന്നതു്.

ദശ: ഹി. ഹി. ഞാൻതന്നെയാണ് അവിടെവച്ചതു്. ഉണ്ണുമ്പോൾ മീശ വളരെ ഉപദ്രവമായിരുന്നു. കൃത്രിമ മീശയല്ലേ? ആയതിനാൽ ഊണുകഴിയുന്നതുവരെ അതെടുത്തുമാററിവയ്ക്കാമെന്നു വിചാരിച്ച് അങ്ങിനെചെയ്തു. തിരികെ അതെടുക്കാൻ മറന്നുപോയി. ഹി... ഹി...അറിയാതെ.

ഡയ: നിങ്ങളും മറന്നുപോയി, ഞങ്ങളും അതോർക്കാതെ പടമെടുത്തു. ഈശ്വരാ! ഈ ദശരഥൻ മരിക്കുന്നതിനു മുമ്പായി ഞാൻതന്നെ മരിച്ചേക്കുമെന്നു തോന്നുന്നു. മിസ്റ്റർ അസിസ്റ്റൻറു് ഡയറക്ടർ! ഇപ്പോൾ തന്നെ ഒരു കമ്പി അടിക്കു.

അസി: ആർക്കു്?

ഡയ: അമേരിക്കാ സർവ്വസൈന്യാധിപനു്. ശീഘ്രത്തിൽ വിമാനത്തിൽ വന്നു് സീറോസ്റ്റ്യൂഡിയോയുടെ മുകളിൽ നാലു അണുബോംബ് ഇടണമെന്നു് കമ്പി അടിക്കു. എന്നാലെ എനിക്കു് സമാധാനം ഉണ്ടാകയുള്ളൂ.

(മണി അഞ്ചരയടിക്കുന്നു)

ഡയ: സബാഷ്! ഇങ്ങിനെ ഒരു മാസം ജോലി ചെയ്താൽ മതി, സീറോ സ്റ്റ്യൂഡിയോയും ഞാനും തീർച്ചയായും സീറോതന്നെ.

# M. L. A. ലക്ഷ്മിക്കുട്ടി

## രംഗം 1

[ശങ്കപ്പണിക്കർ ആ നാട്ടിൻപുറത്തു സാമാന്യം നല്ല ധന സ്ഥിതിയും സ്വാധീനശക്തിയുമുള്ള ഒരു കാരണവരാണ്. കൃഷി യാണ് അദ്ദേഹത്തിൻെറ പ്രധാന തൊഴിൽ. ഇത്രയും കൂടുതൽ നെല്ലുപാട്ടം വരവുള്ള വേറൊരു ഗൃഹസ്ഥൻ ആ നാട്ടുംപുറത്തെ ന്നല്ല, സമീപപ്രദേശങ്ങളിൽ പോലുമില്ല. അതുകൊണ്ടു സംതൃപ്ത രായി അദ്ദേഹവും, ഭാര്യ ലക്ഷ്മിക്കുട്ടിഅമ്മയും പ്രശാന്തമായ ദാമ്പ ത്യജീവിതം നയിച്ചുപോരുന്നു. സമയം പ്രഭാതം. പണിക്കർ ഉറക്കമുണർന്നു് കട്ടിലിൽ എഴുന്നേററിരുന്നു് കണ്ണു തുടക്കുന്നു.]

ശങ്കു-എടിയേ! എടീ ലക്ഷ്മിക്കുട്ടി! ലക്ഷ്മിക്കുട്ടി!

ലക്ഷ്മി-(പ്രവേശിച്ചു്)-എന്തുവേണംയക്ഷിക്കുട്ടി?

ശങ്കു-നീ ഇങ്ങനെ ഭദ്രകാളിയെപ്പോലെ നില്ക്കാ തെ. എടിയേ, എവിടെപ്പോയി നമ്മുടെ വാല്യക്കാരൻ വേലു? എത്ര വിളിച്ചാലും അവനെ കാണത്തില്ല. അവ നോടു് ആ ക്ഷൌരക്കാരൻ നാണുവിനെ ഒന്നു വിളി ച്ചോണ്ടുവരാൻ പറഞ്ഞേ. ക്ഷൌരം കഴിപ്പിച്ചിട്ടുവേണം എനിക്കു പാടത്തേയ്ക്കുപോയി ചുലയരുടെ കാര്യം ഏ ർപ്പാടുചെയ്യാൻ.

ലക്ഷ്മി-വേലു ഇന്നലെ വൈകിട്ടു ഇവിടെ നിന്നു അവൻെറ വീട്ടിലേയ്ക്കു പോയതാ.

ശങ്കു — ഉം, കാര്യം?

ലക്ഷ്മി — അവൻ നിയമസഭയ്ക്കു നിക്കാൻ പോകുന്നുപോലും. അതിലേയ്ക്കുവേണ്ട ഏർപ്പാടെല്ലാം ചെയ്തിട്ട് മറേറന്നാൾ തിര്യെവരും. അപ്പോൾ ശമ്പളം തീൎത്തു കൊടുക്കണം. മേലാൽ ഇവിടത്തെ വാല്യക്കാരനായിട്ട് നിക്കാൻ കഴികേല്ല, എന്നും പറഞ്ഞിട്ടാപോയത്.

ശംകു — എന്ത്, എന്ത്? വാല്യക്കാരൻ വേലു നിയസഭയ്ക്കു നില്ക്കാൻപോകുന്നോ? ഇതുകൊള്ളാം!

ലക്ഷ്മി — അതെന്താ, അവനു നിന്നുകൂടെ? പിന്നെ, നിങ്ങളോട് ഒരു കാര്യം പറയണമെന്നു രണ്ടു ദിവസിയായിട്ട് വിചാരിക്കുന്നു. നമ്മുടെ നിയോജകമണ്ഡലത്തിൽ നിന്നു ഞാൻ നിയമസഭയ്ക്ക് ഒരു സ്ഥാനാൎത്ഥിയായി നിൽക്കാമെന്നു വിചാരിക്കയാ. നിങ്ങടെ ഓട്ട് എനിക്കുതന്നെ തരണം. കൂടാതെ, നിങ്ങൾ കൊറെബുദ്ധിമുട്ടി എനിക്ക് ആകുന്നെടത്തോളം ഓട്ടു ശേഖരിച്ചും തരണം.

ശംകു-അയ്യോടി! കലികാലത്തു പെണ്ണുങ്ങൾ കാൽസ്രാ ഇടുമെന്നു പണ്ടാരാണ്ടു പറഞ്ഞിട്ടേ ഒള്ളു. എന്റെ പൊന്നു ലക്ഷ്മിക്കുട്ടി! കുടുംബത്തിനുകൂടി അവമാനമുണ്ടാക്കി വയ്ക്കല്ലേ, പറഞ്ഞേക്കാം. ഈ തറവാട്ടിലെ പെണ്ണുങ്ങളാരും ഇതിനുമുമ്പ് വീടുവിട്ടു പുറത്തിറങ്ങീട്ടു കൂടിയില്ല.

ലക്ഷ്മി-അതൊന്നും പറഞ്ഞാൽ നടപ്പില്ല. ഞാൻ മാത്രമല്ല നിക്കുന്നേ. നമ്മുടെ നാണിയച്ചി ഒണ്ടല്ലോ. ഈച്ചാടിക്കച്ചവടം നാണിയച്ചി...

ശംകു — അതെ ആ കിട്ടുശ്ശാരുടെ ആദ്യത്തെ പെമ്പ്രന്നവരു്. ഇപ്പഴ് ആ സമ്മന്തം ഒഴിഞ്ഞല്യോ അവളു് ആ ആക്രിവ്യാപാരിയെടെകൂടെ പൊറുക്കുന്നതു്?

മാസവും അഞ്ചാറായില്ല്യേ? ഉം, അവക്ക് എന്തുപററി?

ലക്ഷ്മി—തെങ്ങീന്നുവീണു നട്ടവൊടിഞ്ഞു. അല്ല പിന്നെ!

ശംകു—അതെയതെ. നട്ടവൊടിയും. തെങ്ങിൽകേറുന്ന ജാതിയാ അവള്. അതും അർദ്ധരാത്രിക്ക് കുററാകുററിരുട്ടത്ത്. തള്ളപ്പുപോലുമില്ലാതെ.

ലക്ഷ്മി-ഹും, മറയൻ! ഇങ്ങനെയൊരു കോന്തനെയാണല്ലോ ഈശ്വരാ, എനിക്കുകിട്ടിയകാന്തൻ! അവൾ തെങ്ങിൽ കേറിയുമില്ല, നട്ടവൊടിഞ്ഞുമില്ല. അവളും നിക്കുന്നുണ്ട് നിയമസഭയ്ക്കു്.

ശംകു-ആര്, അവളോ? ആ ഈച്ചാടിയച്ചിയോ.

ലക്ഷ്മി-അതെ അവളുതന്നെ. ഈച്ചാടി അച്ചിയായത് നിങ്ങൾക്ക് ആക്ഷേപമായിപ്പോയി! ഇപ്പോൾതന്നെ അവൾ എത്ര പ്രമേഹങ്ങൾ തായ്യറാക്കിവച്ചിട്ടുണ്ടെന്നറിയാമോ? സഭയിൽ കൊടുക്കാൻ?

ശംകു-എനിക്കൊന്നുമറിഞ്ഞുകൂടായേ പൊന്നൊടയനേ!

ലക്ഷ്മി-അതുകൊണ്ടു്......നിങ്ങൾ ബുദ്ധിപൂർവ്വം കേൾക്കു. എനിക്കു കൂട്ടിനുകൂട്ടും തുണയ്ക്കുതുണയും എല്ലാമായി. നിങ്ങൾ ഇന്നുമുതല്ക്കുതന്നെ പരിശ്രമിച്ച് എനിക്കു വോട്ടു ശേഖരിച്ചുതരണം, പറഞ്ഞേക്കാം.

ശംകു-അയ്യയ്യോ. ആകാശം ഇടിഞ്ഞു തലയിൽ വീഴാതിരുന്നാൽ ഭാഗ്യം. ഏതിനും ഞാൻ നീ പറയുന്നതുപോലെ എന്തും പ്രവത്തിക്കാം.

ലക്ഷ്മി-അതെ. ഇപ്പോൾ നിങ്ങൾക്കു ബുദ്ധിവന്നു. എന്നാൽ ഉടൻപോയി ഓട്ടിനുള്ള ഏർപ്പാടുചെയ്യാട്ടെ. ഞാൻ സഭയ്ക്കുപോയാൽ അതിനുള്ള മുഴവൻ അന്തസ്സും നിങ്ങൾക്കാ, അല്ലാണ്ടു് എനിക്കല്ലേ.

ശങ്കു: ശരി. ശരി. ആ വടി ഇങ്ങെടുത്തേ നിൻെറ ആഗ്രഹമല്ലോ? ഞാൻ ഇപ്പോൾതന്നെ പോയേക്കാം.

(ലക്ഷ്മിക്കുട്ടി ശങ്കുപ്പണിക്കരുടെ വടി എടുത്തുകൊണ്ടുവന്നു കൊടുത്തു അയാളെ യാത്രയാക്കുന്നു.)

ലക്ഷ്മി: ഇതൊക്കെയാണെങ്കിലും നല്ല മനുഷേനാ ലക്ഷ്മിക്കുട്ടിയെന്നു പറഞ്ഞാ ജീവനാ. ലക്ഷ്മിക്കുട്ടിയും അങ്ങുന്നന്നു് നിരുവിച്ചോണേ! ഔങ്! അതാ ഇത്തറ സ്നേഹം!

## രംഗം 2

(സ്ഥാനം ബാർബർ നാണുവിൻെറ വക്ക്ഷാപ്പു്. നാണു കത്തി തേച്ചു മൂർച്ച പിടിപ്പിച്ചുകൊണ്ടിരിക്കുന്നു. വടിയും കുത്തിപ്പിടിച്ചു ഘനഭാവത്തിൽ ശങ്കുപ്പണിക്കർ പ്രവേശിക്കുന്നു. അദ്ദേഹത്തിൻെറ ആഗമനം അല്പവും വകവയ്ക്കാത്ത മട്ടിൽ നാണു സ്വകൃത്യത്തിൽ വ്യാപൃതനായിരിക്കുന്നു.)

ശങ്കു: എടാ നാണുവേ!

നാണു: (ഇരുന്ന ഇരുപ്പിൽനിന്നു എഴുന്നേല്ക്കാതെ, അലക്ഷ്യഭാവത്തിൽ) ഓ. പണിക്കരങ്ങുന്നോ? അങ്ങുന്നു് ഇത്ര കാലത്തേ ഇങ്ങോട്ടു്?

ശങ്കു: എന്തെടാ നാണു! ഞാൻ നിന്നെ അന്വേഷിച്ചു് നിൻെറ വീട്ടിൽ വന്നതുകൊണ്ടാണോ? നിനക്കിത്ര അഹങ്കാരം?

നാണു: പിന്നെ, അങ്ങുന്നേ! കാര്യമൊക്കെച്ചെരി അങ്ങുന്നിനു് എന്നെക്കാൾ പ്രായം കൂടുതലുണ്ടു്. പക്ഷേ ഇനിമേൽ എന്നെ എടാ, പോടാ, എന്നൊന്നും

വിളിയ്ക്കരുതു്. ഞാൻ നിയമസഭയ്ക്കു നില്ക്കുവാ. എം. എൽ. ഏയായിട്ടു്.

ശങ്കു: ആരു്, നീയോ? എടാ, നാണുവാണോ ഈ പറയുന്നതു്?

നാണു: അതാ, പിന്നെയും എടാ പോടാന്നു്. ഇതുവരെയും ഞാൻ ക്ഷമിച്ചു. മേലാൽ ക്ഷമിക്കയില്ല, പറഞ്ഞേക്കാം,

ശങ്കു: ഇല്ല. പൊന്നു നാണു! മേലാൽ ഞാൻ നിന്നെ അങ്ങനെ വിളിക്കയില്ല. അപ്പോൾ, ഞാൻ ഒന്നു ചോദിക്കട്ടെ. നീ സ്ഥാനാർത്ഥിയായിട്ടു നിന്നാൽ ജയിക്കുമെന്നു് എന്തു നിശ്ചയം? എതിർ സ്ഥാനാർത്ഥികൾ...

നാണു: ഉണ്ടു്. മൂന്നുപേർ. ഒന്നു നാടകത്തിൽ പാർട്ടുകെട്ടുന്ന ഒരു ഭാഗവതർ. വേറൊന്നു ആ കമ്പനിയിലെ മാനേജർ. പിന്നൊന്നു് നമ്മുടെ മാടൻകോവിലിലെ ശാന്തിക്കാരൻ എമ്പ്രാന്തിരിയും. അവരെ മൂന്നുപേരേയും ഞാൻ പയറുപയറുപോലെ തോല്പിക്കും.

ശങ്കു: അല്ലെടാ കൂവേ! നമ്മുടെ പെമ്പ്രന്നവരു് ലക്ഷ്മിക്കുട്ടിയും നില്ക്കുന്നുണ്ടു്. അതല്ല്യോ വെഷമം?

നാണു: ഈ പ്രാവശ്യം നാണുവിനുവേണ്ടി ഒഴിഞ്ഞുതരാൻ പറയണം, കൊച്ചമ്മയോടു്. വെറുതെ എന്തിനു വാശിയും മത്സരവും ഒക്കെ വിളിച്ചുവരുത്തുന്നു?

ശംകു: ഞാൻ എത്ര പറഞ്ഞിട്ടും അവൾ കേൾക്കുന്നില്ല. അതല്ല്യോ?

നാണു: അങ്ങനു പറഞ്ഞിട്ടു കേൾക്കുന്നില്ലെങ്കിൽ നാണുകൂടി ഒന്നു പറഞ്ഞുനോക്കാം. അങ്ങനെ അതിന്റെ ഇരുപ്പു്. അല്ല എന്നിട്ടും കേൾക്കാൻ ഭാവമില്ലേ

മത്സരംതന്നെ നടക്കട്ടെ. വരാനൊള്ളതുവഴിയിൽ തങ്ങു മോ, എത്ര വല്യകൊച്ചമ്മയായാലും?

ശംകു: അപ്പോൾ നീ നിയമസഭയ്ക്കു പോയാൽ നിൻെറ വീട്ടുചെലവിനുള്ള മാർഗ്ഗം എന്തു്?

നാണു: നാണു ഈ തൊഴിലങ്ങു വിട്ടുകളയാൻ പോകയും മററുമല്ല. കുറേക്കൂടി പരിഷ്കരിച്ച രീതിയിൽ നടത്തും. ഇപ്പോഴത്തെപ്പോലെ കത്തി കക്ഷത്തുവച്ചു പമ്മിപമ്മി നടക്കുകയും വഴിയെപോകുന്ന ഏമ്പോക്കികളേയെല്ലാം അങ്ങന്നേ; അങ്ങന്നേ എന്നു വിളിക്കയും കൂലിക്കു് അവധി പറഞ്ഞാൽ അതും കേൾക്കുകയുംഒക്കെ ചെയ്യുന്ന പതിവു നിറുത്തും. ഒന്നാന്തരം ഒരു ബാർബർ ഷാപ്പു് തുറക്കുമെന്നർത്ഥം. സിലോൺ ബാർബർ ഷാപ്പു്— ആവശ്യക്കാരൻ ഞാനിരിക്കുന്നെടത്തുവരട്ടെ.

ശംകു: അതെങ്ങനെയുമാകട്ടെ. ഇപ്പഴ്യ് ഏതായാലും ഞാൻ ബുദ്ധിമുട്ടി ഇത്രെടം വന്നുപോയില്ലേ? എന്റെ മുഖമൊന്നു വടിച്ചു വിട്ടേക്കു.

നാണു: അതിനു വിരോധമില്ല പക്ഷേ അങ്ങുന്നിൻെറ വോട്ടു് എനിക്കു തരാമെന്നു വാഗ്ദാനം ചെയ്യണം.

ശംകു: അതുമാത്രം നിവൃത്തിയില്ല. നാണു. എന്റെ വോട്ടു ലക്ഷ്മിക്കുട്ടിക്കു കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു പോയി.

നാണു: എങ്കിൽ യക്ഷിക്കുട്ടിതന്നെ മൊഖം വടിക്കട്ടെ. അല്ലാണ്ടു് നാണു വടിക്കത്തില്ല.

ശംകു: ശടാ അവളു ചേനചെത്തുന്നമാതിരി മൊമൊഖക്കെച്ചെത്തി ചോര ഒലിപ്പിക്കുമെടാ, അതല്ല്യോ?

നാണു--എന്നാൽ നാണു പറഞ്ഞതെല്ലാം സമ്മതിച്ചു. അല്ലാണ്ട വഴിയില്ല.

ശംകു-ശരി, സമ്മതിച്ചു. എന്നാലെങ്കിലും മൊഖംവടി നടക്കട്ടെ. പാടത്തു പോകേണ്ട്യതാ.

(നാണുവും ശംകുപ്പണിക്കരും പരസ്പരാഭിമുഖമായി ഇരിക്കുന്നു. നാണു കത്തിതേച്ച് മൂർച്ചവരുത്തുന്നു.)

ശംകു—അപ്പോഠം മററു നിയോജകമണ്ഡലങ്ങളിലെ കാര്യങ്ങഠം എങ്ങിനെയിരിക്കുന്നു? നാണുവിന് എല്ലാം അറിയാമല്ലോ.

നാണു-അറിയാമേ, അറിയാം. തെക്കെ നിയോജകത്തിൽ ഒരു പഴയ എം എൽ ഏയും അദ്യത്തിനു പററുവരവുണ്ടായിരുന്ന കാപ്പിക്കടയിലെ മാനേജരും തമ്മിലാണ് മത്സരം. എം എൽ ഏ ആദ്യം കാപ്പിക്കടയിൽ ബാക്കികൊടുക്കാനുള്ള തുക തീർത്തുകൊടുത്താൽ മാനേജർ മാറിക്കൊടുക്കും. അതിനു വിഘ്നം വരുത്തിയാൽ അവസാനംവരെ മത്സരിക്കും. ഇതാണ് കാപ്പിക്കടക്കാരന്റെ നിശ്ചയം. വടക്കേതിൽ ഒരു ബസ്സ കണ്ടക്റ്ററും ഒരു പത്രവില്പനക്കാരനുമാണ് സ്ഥാനാത്ഥികഠം. മൂന്നാമതൊരിടത്ത് ഒരു വെളുത്തേടൻ, ഒരു പെൺവക്കീൽ, ഒരു സ്ത്രീ എന്നിങ്ങനെ മൂന്നുപേർ.

ശംകു-ആകപ്പാടെ വല്ലാത്ത മത്സരമാണല്ലോ.

നാണു-ഭയങ്കര മത്സരം അങ്ങന്നേ, ഭയങ്കരമത്സരം.

ശംകു-എടാ, പതുക്കെ വടിയെടാ. ചോര ഒലിക്കുന്നതു കണ്ടില്ല്യോ?

നാണു—പയ്യെ വടിക്കാമേ! അപ്പഴ് എൻെറ വോട്ടിൻെറ കാര്യം?

ശങ്കു—അതു നിനക്കുതന്നെന്നു പറഞ്ഞില്ല്യോ? കൊന്നാലും ഞാൻ വാക്കുമാറുകില്ല. സൂക്ഷിച്ചുവടി.

നാണു—അപ്പോഴം സൂക്ഷിച്ചുവടിക്കാമേ! പിന്നെ ഈ കത്തി നല്ല മൂർച്ചയൊള്ളതായിരുന്നു. കൊച്ചൻ കാലത്തെ എടുത്തു പെനസല്ലവെട്ടി. അതാ.

(നാണു സാകൃതം ശ്രദ്ധാപൂർവ്വം നിർവ്വഹിക്കുന്നു.)

## രംഗം 3.

(ചാത്തൻപുലയൻെറ മാടം. ചാത്തൻ ഓലമിടഞ്ഞുകൊണ്ടിരിക്കുന്നു. ശങ്കുപ്പണിക്കർ പ്രവേശിക്കുന്നു. ചാത്തൻ ആദരപൂർവ്വം എഴുന്നേററുനിൽക്കുന്നു.)

ശംകു—ചാത്തോ! ഇന്നു തീയതി ഇത്രയുമായില്ലേ? വരമ്പുകുത്തുകോ വെള്ളം വാറിക്കുകോ ഒക്കെ ചെയ്യാതിരുന്നാൽ കൃഷി എങ്ങിനെ നടക്കും?

ചാത്തൻ—തമ്പ്രാ പറേന്നതൊക്കെ ചെരിയാണേ തമ്പ്രാ! പക്ഷേല്, ഇയ്യാണ്ടത്തെ കൃഷിക്കായ്യത്തീന്നൊക്കെ ചാത്തൻ ഒന്നു വിട്ടുനിക്കുവാന്നേ. ചാത്തൻ ശപയ്യുനിക്കുന്നൊണ്ടു്. വെള്ളം പററിക്കാനും വരമ്പുകുത്തിക്കാനുമൊക്കെ തമ്പ്രാ വേറെ ആരെയെങ്കിലും നിറുത്തിയ്യോട്ടെ തമ്പ്രാ!

ശംകു–ആരു സഭയ്യു നില്ക്കുന്നു? നീയോ? എന്തോന്നാടാ ഈ പറയുന്നതു്?

ചാത്തൻ-തമ്പ്രായെന്നാ ഈ ഒന്നും അറിയാൻ മേലാത്തോരേപ്പോലെ പറേന്നേ? ചാത്തൻ തെരഞ്ഞെടുപ്പിനു നിയ്യുകുവാന്നേ!

ശംകു-എവിടെ?

ചാത്തൻ-ഇവിടെത്തന്നാണേ, തമ്പ്രാ!

ശംകു—എടാ, ഇവിടെ നമ്മുടെ ലക്ഷ്മിക്കുട്ടി നില്ക്കുന്ന വിവരം നിനക്കറിഞ്ഞുകൂടായോ? അതിനുപുറമേ ക്ഷവരക്കാരൻ നാണുവും നില്ക്കുന്നുണ്ട്. ഇതൊന്നും പോരാഞ്ഞിട്ട് ഇപ്പോൾ നീയും നില്ക്കുന്നോ?

ചാത്തൻ-—അതെയേ പക്ഷേ ചാത്തൻ റിസർവ്വേയിലാണേ!.

ശംകു-എന്നുവച്ചാൽ, പോലീസിലോ?

ചാത്തൻ-അല്ല, റിസർവ്വേ നിജോഗം എന്നോമറോ ആണേ! അങ്ങേലേ ആ വാദ്ധ്യാരു തമ്പ്രായാണേ പറഞ്ഞുതന്നതു്. ചാത്തനോട്ട നിന്നോളാമ്പറഞ്ഞതും ആ തമ്പ്രാതന്നെ.

ശംകു—എതിർ സ്ഥാനാർത്ഥികളാരുമില്ലെ?

ചാത്തൻ-ഒണ്ടേ. പക്ഷേല് അതു സാരമില്ലേ! ഒരു മന്ത്രവാസിയാ. ആ തമ്പ്രാ വല്ല കൂടോത്രോം ചെയ്യുമോന്നേ ഏറ്റപയമൊള്ളു. അതൊന്നും ചെയ്തില്ലെങ്കി ചാത്തൻതന്നെ ജയിക്കുമേ. പക്ഷേ ചെയ്താല്. കൊയ്ത്തരിവാളാ ചാത്തൻെറ കയ്യില്. ഒരു കഷണം വീട്ടുകാക്കുകൂടെ കൊട്ടക്കത്തില്ല ചാത്തൻ. ആങ്ങ്!

ശംകു-അപ്പോൾ നിനക്കു പാടത്തേ ജോലിയ്ക്കു വരാനൊക്കുകില്ല; അല്ലേ?

ചാത്തൻ-ഒക്കാതാണേ ഇരിക്കുന്നതു്.

ശംകു-ശരി, നിൻെറ മക്കളില്ലേ?

ചാത്തൻ—ക്ടാത്തുങ്ങളും ഓരോ എടത്തു ചെന്നു ശപയ്ക്കുനിയ്ക്കുവാണേ. ഇയ്യാണ്ടത്തെ കൃഷിക്കായ്യം എ

ല്ലാംകൊണ്ടും വെഷമമാ തമ്പ്രാ! ഏനങ്ങ തൊറന്നുപറ യാമല്ലോ.

ശംകു–ധിക്കാരം! ഇതിനു ഞാൻ നിന്നെയൊക്കെ മയ്യാദപഠിപ്പിച്ചേക്കാമെടാ.

ചാത്ത–അതൊക്കെ പണ്ടായിരുന്നു തമ്പ്രാ. ഇപ്പം തമ്പ്രായും ചാത്തനും സമംസമം. തമ്പ്രാ പോയാട്ടെ; വക്കാണത്തിനു നിയ്ക്കാതെ.

(ശംകുപ്പണിക്കർ കോപത്തോടുകൂടി ചൂണ്ടുവിരൽ തുള്ളിക്കു ന്നു. ചാത്തൻ തെല്ലും കൂസാതെ തലയാട്ടുന്നു. പണിക്കർ ചട പടാശബ്ദം പുറപ്പെടുവിച്ചുകൊണ്ടു അവിടെനിന്നു പോകുന്നു.)

## രംഗം 4.

(പണിക്കരുടെ വീട്ടിന്റെ പൂമുഖം. ലക്ഷ്മിക്കുട്ടി ഭർത്താ വിനെ കാത്തു അക്ഷമയായി നില്ക്കുന്നു. കോപത്തോടുകൂടി ശംകുപ്പണിക്കർ പ്രവേശിച്ച് ഒരു ചാരുകസാലയിൽ വീഴുന്നു.)

ലക്ഷ്മി–എന്താ, പോയവഴിയ്ക്കു് എനിക്കു് എത്ര ഓട്ടിനു് ഏപ്പാടുചെയ്തു.

ശംകു–വോട്ടു്! ഒലക്കേടെ മൂടു്. എടീ, ഞാനൊരു കായ്യം പറഞ്ഞേക്കാം. നീ നിയമസഭയ്ക്കു നില്ക്കാൻ പാ ടില്ലെന്നു ഞാൻ ആജ്ഞാപിക്കുന്നു.

ലക്ഷ്മി–ഓ, ഒരാജ്ഞ! ഓട്ടൊന്നും കിട്ടിയില്ലായി രിക്കും? നിങ്ങളുടെ ഓട്ടുമാത്രമേയുള്ളൂ, അല്ലേ?

ശംകു–അതെ, എന്റെ വോട്ടു്! അതാ ക്ഷൌരക്കാ രൻ നാണുനു കൊടുത്തുപോയി.

ലക്ഷ്മി-ക്ഷൌരക്കാരൻ നാണുവിനോ! ദൈവമേ! ഇത്രയ്ക്കു സ്നേഹമില്ലാത്ത ഭർത്താവിനെയാണല്ലോ എനിക്കു കിട്ടിയതു്!

ശംകു-എടീ, നീ എൻെറ ക്ഷമ ഇനിയും പരീക്ഷിക്കരുതു്. പറഞ്ഞേക്കാം. നീ നിയമസഭയ്ക്കു നില്ക്കരുതു്. നിൻെറ ഭർത്താവിൻെറ ആജ്ഞ.

ലക്ഷ്മി-ആരുടെ ആജ്ഞയായാലും ശരി. ഞാൻ നിയമസഭയ്ക്കു നില്ക്കാൻ നിശ്ചയിച്ചു. ആരുപറഞ്ഞാലും ഞാൻ അനുസരിക്കയില്ല.

ശംകു—ഫ, അസത്തേ! എച്ചിച്ചൂലേ! എൻെറ അനുവാദമില്ലാതെ നീ നില്ക്കുമോടീ? ഒന്നുകൂടി പറ.

ലക്ഷ്മി-നിൽക്കും. തീർച്ചയായും നില്ക്കും. എന്തു വന്നാലും ശരി.

ശംകു-നീയുമായുള്ള വിവാഹം ഞാൻ ഇന്നുതന്നെ വേർപെടുത്തിയേക്കാം. നിന്നെ ഇനിമേൽ എനിക്കു വേണ്ടാ.

ലക്ഷ്മി—നിങ്ങളെ ഇനിമേൽ എനിക്കും വേണ്ട.

ശംകു-ഉടൻ വിവാഹമോചനത്തിനു കേസു കൊടുക്കാൻപോകുന്നാണു്. ഇതു വീൺവാക്കല്ല.

ലക്ഷ്മി-ഞാൻ പറയുന്നതും വീൺവാക്കല്ല. നിങ്ങൾ വിവാഹമോചനത്തിനു കേസുകൊടുത്തില്ലെങ്കിൽ ഞാൻ കൊടുക്കും.

ശംകു-ആഹാ, അത്രയ്ക്കായോ? ഞാനിതാ വക്കീലിൻെറ വീട്ടിലേക്കു പുറപ്പെട്ടുകഴിഞ്ഞു.

ലക്ഷ്മി-ഞാൻ എൻെറ വീട്ടിലേക്കും. എനിക്കു വേറെ വക്കീലൊന്നും ആവശ്യമില്ല. എൻെറ ആങ്ങള

ഒന്നാംതരം ക്രിമിനൽ വക്കീലാണെന്ന നിങ്ങഠംക്കറിഞ്ഞു കൂടായിരിക്കും!

(അവാം രോഷത്തോടുകൂടി അവിടെനിന്നു പോകാൻ ഭാവിക്കുന്നു.)

ശംകു-ലക്ഷ്മിക്കുട്ടി! നീ പോകരുതു്. ഞാനാ പറയുന്നതു്.

ലക്ഷ്മി—ആരും പറയണ്ടാ. ആരു പറഞ്ഞാലും അനുസരിക്കാൻ ഞാൻ തയ്യാറുമില്ല. ഇതിൻെറ രണ്ടിലൊന്നറിഞ്ഞിട്ടു മററു കാൎയ്യം.

(അവാം കലിയേററപോലെ വെളിയിലേക്കു പായുന്നു.)

ശംകു-ലക്ഷ്മിക്കുട്ടി! നീ പോകരുതു്. അവമാനം വരുത്തരുതു്. നീ നിയമസഭയ്ക്കു നില്ക്കാൻ ഞാനനുവദിച്ചിരിക്കുന്നു.

ലക്ഷ്മി-(തിരിഞ്ഞുനിന്നു്) ഇപ്പോഠം ബുദ്ധിവീണു അല്ലേ? എന്നാൽ വേഗം ചെന്നു് എനിക്കുവേണ്ടി വോട്ടു ശേഖരിക്കു്. വരിക. നമുക്കു് അകത്തേക്കുപോകാം. അയ്യോ, എന്തൊരു വേഷമാണിതു്! കേമമായി മുണ്ടും ഉടുപ്പുമൊക്കെ ഒന്നു് അണിയിച്ചുവിടട്ടെ; അങ്ങയുടെ സ്വന്തം ലക്ഷ്മിക്കുട്ടി.

(അവാം അയാളുടെ കൈക്കുപിടിച്ചു് വലിച്ചു് അകത്തേക്കു കൊണ്ടുപോകുന്നു.)

---

# ചക്കിനുവച്ചതു്
# കൊക്കിനുകൊണ്ടു

## രംഗം 1.

(സ്ഥാനം പബ്ളിക്മാൻ മാധവപ്പണിക്കരുടെ ആഫീസുമുറി.)

മാധവപ്പണിക്കർ (ആത്മഗതം) ഏതായാലും നിർദ്ദേശപത്രിക സമർപ്പിച്ചുകഴിഞ്ഞു. ഉദ്യോഗക്കയററത്തിനുവേണ്ടി ശുപാർശ ചെയ്യാമെന്നുള്ള കരാറിന്മേൽ വരണാധികാരിയെക്കൊണ്ടുതന്നെ അതിൻെറ പണവും കെട്ടിവയ്പിച്ചു. ആവൂ, ഇനിയാണു് ബദ്ധപ്പാടു്. എവിടെയെല്ലാം ഉരുണ്ടുകയറിയാലാണു് വോട്ടുകിട്ടുക? ഉം സാരമില്ല; പ്രയത്നിക്കണം.

(വോട്ടുദല്ലാൾ കൃഷ്ണപിള്ള പ്രവേശിക്കുന്നു.)

ആരു്? മി. കൃഷ്ണപിള്ളയോ? Good Bye ഇരിക്കൂ ഇരിക്കൂ. എന്തെല്ലാമാണു് Particulars?

കൃഷ്ണപിള്ള—ഇല്ല. ചില വിശേഷങ്ങളൊക്കെ കേട്ടു. അതു സംബന്ധിച്ചു കൂടുതൽ വിവരങ്ങളറിയാമെന്നുകരുതി ഇങ്ങോട്ടുകേറി; അത്രേയുള്ളു.

പണിക്കർ—അതെ. മി. കൃഷ്ണപിള്ളേ! അടുത്ത തിരഞ്ഞെടുപ്പിൽ ഞാൻ ഒരു സ്ഥാനാർത്ഥിയായി നിൽക്കയാണു്. Yes. I am a standing Candidate. നിങ്ങളുടെയൊക്കെ സഹായം എപ്പോഴും ഉണ്ടായിരിക്കണം.

കൃഷ്ണപിള്ള — അതു പറയാനുണ്ടോ? ചേട്ടനെ പോലുള്ള പബ്ലിക്‌മെൻ അല്ലേ നിയമസഭയെ അഹങ്കരിക്കേണ്ടതു്?

പണിക്കർ—അലങ്കരിക്കേണ്ടതെന്നു പറയൂ.

കൃഷ്ണ-അതെ അലങ്കരിക്കേണ്ടതു്.

പണി-പക്ഷെ, കാലമൊക്കെ മാറിപ്പോയി, കൃഷ്ണപിള്ളേ! Times have shifted എന്നർത്ഥം. നിസ്വാർത്ഥമായും അക്ഷന്തവ്യമായും ദേശസേവനം അനുഷ്ഠിക്കുന്നവരെ തിരിച്ചറിയാനുള്ള പ്രാപ്തി ജനസാമാന്യത്തിനു അനുദിനം കുറഞ്ഞുതന്നെവരുന്നു. കപടവേഷധാരികൾ ദേശസേവകന്മാരും രാജ്യസേവകന്മാരുമായി ഞെളിയുന്നു. പ്രതാപവും പണവും ആർജ്ജിക്കുന്നു. ഈ സ്ഥിതിഗതികൾ എന്നു നശിക്കുന്നുവോ അന്നുമാത്രമേ നാട്ടിനും നാട്ടാക്കും രക്ഷയുള്ളു.

കൃഷ്ണ-പക്ഷെ, കാര്യം അങ്ങിനെയൊക്കെയാണെങ്കിലും ഈ തെരഞ്ഞെടുപ്പിൽ ചേട്ടനു ജയം സിദ്ധിക്കുമെന്നു തീർച്ച.

പണി-എങ്ങിനെ നിശ്ചയിക്കാം? How to surety it? പനവേലിലെ ഡാക്ടറല്ലേ Opposite ആയി നിൽക്കുന്നതു്?

കൃഷ്ണ-അതെ. അതുകൊണ്ടുമാത്രം എനിക്കും ഒരു ചെറിയ ഭയം.

പണി-അതൊന്നും Mind ചെയ്യാനില്ല. അയാൾ ആയുസ്സിലൊരു Public Service നിർവ്വഹിച്ചിട്ടുണ്ടോ?

കൃഷ്ണ-അതില്ല. എങ്കിലും ഇക്കാലത്തു പണമല്ലേ സർവ്വപ്രധാനം? ചേട്ടൻ ഇതൊക്കെയാണെങ്കിലും പണം കുറച്ചിറക്കിയേ മതിയാകൂ.

പണി-ഈ ജീവിതംതന്നെ പൊതുക്കാര്യങ്ങൾക്കു വേണ്ടി അർപ്പിച്ചിരിക്കുന്ന ഞാൻ പണമിറക്കണമത്രേ! നമ്മുടെ നാട്ട് അത്രമാത്രം അധഃപതിച്ചുപോയെന്നോ? Our Country dilapidated so much?

കൃഷ്ണ-അതൊക്കെ ശരി. ചേട്ടനെപ്പററി സകല ജനങ്ങൾക്കും മതിപ്പുതന്നെ. പക്ഷേ........

പണി-പക്ഷെ, തിരഞ്ഞെടുപ്പിൽ വിജയം Money കൊണ്ടേ ലഭിക്കുകയുള്ളൂ. അല്ലേ?

കൃഷ്ണ—അതെ, ചേട്ടാ, മണി, മണി! അതും വിജയവും പര്യായപദങ്ങളാണ്.

പണി—വല്ലതും പത്തു് ആയിരം ഉറുപ്പികയെങ്കിലും ചെലവുചെയ്തേ ഫലപ്രാപ്തിയുണ്ടാകയുള്ളൂ?

കൃഷ്ണ-പത്തായിരം എന്ന പ്രയോഗം തമിഴാണ്. പതിനായിരം എന്നാണ് അതിൻെറ മലയാളം.

പണി—പതിനായിരം ഉറുപ്പികയോ? ഞാൻ എവിടെയാണ് പോവുക? Where am I to work?

കൃഷ്ണ—അപ്പോൾ അടുത്ത തവണ തിരഞ്ഞെടുപ്പിനു നിന്നാൽ മതിയെന്നുവയ്ക്കണം.

പണി-Nonsense! നിർദ്ദേശപത്രിക സമർപ്പിച്ചതിനുശേഷം പിൻമാറുകയോ? എൻെറ കൃഷ്ണപിള്ളേ! നിങ്ങൾ എന്നെ ആത്മാർത്ഥമായി Help ചെയ്തേ മതിയാകൂ.

കൃഷ്ണ-ചേട്ടൻ എന്നെയും അതുപോലെ സഹായി ച്ചേ മതിയാകൂ. ഒരു മൂവായിരം രൂപാ എന്നെ വിശ്വ സിച്ചു് ഏല്പിക്കണം. വോട്ടുകൾ എവിടെയാണിരിപ്പു ള്ളതെന്നു കൃഷ്ണപിള്ളക്കറിയാം. ബാങ്കർ പരമേശ്വരക്കുറു പ്പിനെ പാൎശ്വത്തിലാക്കിയാൽ ഒരു 700 വോട്ടു കയ്യിൽ. വാഴത്തോപ്പിൽ കുഞ്ഞുകൃഷ്ണൻെറ പക്കൽ കറതീൎന്ന വോട്ടു് 500. പിന്നെ, എസ്റ്റേററുകളിലെ വോട്ടു് ആകെ മൊത്തം 600 വരും. അതു കിട്ടണമെങ്കിൽ വേണ്ട പ്രചരണവേല നടത്തിയേ മതിയാകൂ.

പണി—അതെ. പ്രചരണവേല നടത്തണം. We should do good spreading business, അതിനല്ലേ ദൈവം നാക്കു തന്നിരിക്കുന്നതു്?

കൃഷ്ണ-നാക്കുകൊണ്ടല്ല, പണംകൊണ്ടാണു് പ്രച രണവേല നടത്തേണ്ടതു്.

പണി-വളരെയൊന്നും വിസ്തരിക്കേണ്ടല്ലോ. തല്ക്കാ ലം ഒരു എത്ര രൂപാ ഇറക്കണം? How many rupees should I get out? അതു പറയൂ.

കൃഷ്ണ—മൂവായിരം. അപ്പോൾ കാണാം എൻെറ സാമൎത്ഥ്യം.

പണി-നിങ്ങൾ എന്തുചെയ്യും? എതിർസ്ഥാനാ ൎത്ഥിയാണെങ്കിൽ രാപകൽ പ്രചരണവേല നടത്തുന്നു ണ്ടു്. Propaganding day and night.

കൃഷ്ണ—അതൊന്നും സാരമില്ല, ചേട്ടാ! ഇന്നുതന്നെ വിജ്ഞാപനങ്ങൾ വലിയ സൈസ്സു് ഒരു ലക്ഷം, ചെറിയ സൈസ്സു് രണ്ടു ലക്ഷം ഇത്രയും അടിച്ചിറക്കണം. അതി

അപ്പറമേ, ചേട്ടൻെറ രാഷ്ട്രീയജീവിതത്തെക്കുറിച്ച് ഒന്നാന്തരം ഒരു പത്രലേഖനം.

പണ്ണി: ഭേഷ്, ഭേഷ്, അതിലാണ് നിങ്ങളുടെ Skillfulness കാണിക്കേണ്ടതു്, ഒരൊററ item വിട്ടപോകരുതു്.

കൃഷ്ണ: വിട്ടുപോകയോ? ഭംഗിയായി! ചേട്ടനെ ഞാൻ ആളുംതന്നെ മാററിക്കളയുകില്ലേ?

പണ്ണി: Change my man, eh? കരമിളവിനാവേണ്ടി ഞാൻ നടത്തീട്ടുള്ള പ്രസംഗങ്ങളേപ്പററി പ്രത്യേകം എടുത്തു പറയണം. Should be specially taken and told.

കൃഷ്ണ: തീച്ചയായും.

പണ്ണി: മലമ്പനി ദുരിതനിവാരണഫണ്ടിലേയ്ക്കു ഞാൻ 1000 രൂപാ പിരിച്ച വസ്തുത എടുത്തുപറയണം.

കൃഷ്ണ: അതെങ്ങിനെ? നൂറല്ലേ അയച്ചുകൊടുത്തുള്ളു?

പണ്ണി: വാസ്തവമാണ്. അക്കാര്യം പറയേണ്ട. No mention please.

കൃഷ്ണ: ഇതൊക്കെയാണെങ്കിലും ചേട്ടൻെറ രാഷ്ട്രീയ ജീവിതത്തെപ്പററി പല Allegations ഉണ്ട്.

പണ്ണി: അങ്ങിനെയോ? ആരാണ് Allegators?

കൃഷ്ണ: എതിർസ്ഥാനാത്ഥിയുടെ ഏജൻറന്മാർ. അല്ലാതാരു്? എന്തുമാകട്ടെ, ചേട്ടൻ പണം തരിക.

പണ്ണി: തല്ക്കാലം അത്യാവശ്യമുള്ള പണം കൃഷ്ണ

പ്പിള്ളതന്നെ ചെലവാക്കണം. ഞാൻ പിന്നീട് തന്നു കൊള്ളാം.

കൃഷ്ണ: ആഹാ. അതിനു വല്ല വിഷമവുമുണ്ടോ? പക്ഷെ, പരമാർത്ഥം വേണമല്ലോ ചേട്ടന്റടുത്തു പറയാൻ. ഞാൻ ഈയിടെ അല്പം ഞെരുങ്ങിയിരിക്കുകയാണ്. അതുകൊണ്ട് ചേട്ടൻ ഏതുവിധേനയും വഹിച്ചുതന്നേ മതിയാകൂ.

പണി: എന്നെക്കൊണ്ട് ഈ ഘട്ടത്തിൽ ഒരു പൈസയും ചെലവഴിക്കുവാൻ നിവൃത്തിയില്ല. നിങ്ങളുടെ സ്വാധീനശക്തി പ്രയോഗിച്ച് എനിക്കു വോട്ടുകൾ ക്യാൻവാസ്സ് ചെയ്തുതരണം. Using your influential power you should get me Canvas എന്നർത്ഥം.

കൃഷ്ണ: ഇതുകൊള്ളാം! പണമില്ലാതെ തിരഞ്ഞെടുപ്പിൽ വിജയിയാകുക സാദ്ധ്യമോ?

പണി: എന്നു ഞാൻ പറഞ്ഞില്ലല്ലോ. എത്ര പണം വേണമെങ്കിലും പിന്നീടു തന്നുകൊള്ളാം.

കൃഷ്ണ: ശരി. ചേട്ടൻ എനിക്ക് ഒരു 500 രൂപാ തരണം കടമായിട്ട്. ചേട്ടൻ ഏതവസരത്തിൽ ആവശ്യപ്പെട്ടാലും തിരിച്ചു തന്നുകൊള്ളാം.

പണി: എന്റെ കൃഷ്ണപിള്ളേ! സത്യമായിട്ട് എന്റെ പക്കൽ ഒരു പൈസപോലുമില്ല.

കൃഷ്ണ: ചേട്ടൻ ആലോചിക്കാതെയാണ് പറയുന്നതു്. തിരഞ്ഞെടുപ്പിൽ ജയിക്കണമെന്ന് ആശയുണ്ടെങ്കിൽ.........

പണി-നിങ്ങൾക്കു് 500 രൂപാ വലിച്ചെറിഞ്ഞു തരണം. അല്ലേ?

കൃഷ്ണ-ഇല്ല. ഞാൻ പറഞ്ഞതെല്ലാം തിരിച്ചെ എടു ത്തു. നമുക്കു തിരഞ്ഞെടുപ്പുസമയത്തു കാണാം. നമ സ്കാരം ചേട്ടാ!

(ക്രുദ്ധനായി കൃഷ്ണപിള്ള ചാടിയിറങ്ങി പോകുന്നു.)

പണിക്കർ (ആത്മഗതം)-ഹോ! അയാളുടെ വലു പ്പം കണ്ടില്ലേ? Did'nt you see his bigness? പബ്ലിക്കു് മാൻ മാധവപ്പണിക്കർ തിരഞ്ഞെടുപ്പിനു നിന്നാൽ പണം ചിലവാക്കി വോട്ടു സമ്പാദിക്കണമത്രേ. അങ്ങി നെയൊരുകാലവും വന്നുചേരുമോ? എന്നാൽ അതുതന്നെ കാണട്ടെ. വക്കീൽ കേശവമേനോനെ കയ്യിലെടുക്കണം. അയാൾക്കു ഒരു ജഡ്ജി ഉദ്യോഗത്തിൽ കണ്ണുണ്ടു്. അതു സാധിച്ചുകൊടുക്കാമെന്നേല്ക്കണം, അത്രതന്നെ.

(പണിക്കർ പോകുന്നു.)

## രംഗം 2.

(തിരഞ്ഞെടുപ്പു പ്രചരണയോഗം മാധവപ്പണിക്കർ പ്രസം ഗിക്കുന്നു.)

പണി-മാന്യ മഹാജനങ്ങളേ! എന്റെ മുമ്പിൽ പരന്നുകിടക്കുന്ന ഈ അനന്തമായ മനുഷ്യമഹാസമുദ്രം തന്നെ എന്റെ നിസ്വാർത്ഥസേവനങ്ങളെ ജനസാമാന്യം എത്രമാത്രം ആദരിക്കുന്നുണ്ടെന്നു സുസ്പഷ്ടമാക്കുന്നു. മാന്യരെ! നിങ്ങൾ ഇത്രയുംപേരുടെ വോട്ടുകൾ മാത്രമ

ണ്ടെങ്കിൽ എത്ര ഗംഭീരമായ എതിർശക്തിയോടും മത്സരിച്ചു വിജയിക്കാമെന്ന എനിക്കു വേണ്ടത്ര ധൈര്യമുണ്ടു്.

സദസ്യർ-ഹിയർ, ഹിയർ.

പണി-ബഹുമാന്യസുഹൃത്തുക്കളെ! ഏകാധിപത്യഭരണവും പ്രജാധിപത്യഭരണവും തമ്മിൽ നിരന്തരസംഘട്ടനങ്ങളുണ്ടാകുന്നതായി അനുദിനം പത്രങ്ങളിൽ വായിച്ചറിയുന്ന ഈ കാലഘട്ടത്തിൽ അമേരിക്കയും റഷ്യയും ഭൂമണ്ഡലത്തിലാകമാനം അടിയുറപ്പിക്കുവാൻ അക്ഷീണപരിശ്രമം നടത്തുന്ന ഈ കാലഘട്ടത്തിൽ നിങ്ങളുടെ വോട്ടുകൾ നിങ്ങൾ ആക്കുകൊടുക്കും? നിസ്വാർത്ഥമായും ധീരമായും തന്റേടമായും സർവ്വോപരി, സ്വതന്ത്രമായും നിങ്ങളുടെ അവകാശസമ്പാദനത്തിനും അവശതാനിവാരണത്തിനുമായി അനവരതം പ്രയത്നിക്കാൻ സന്നദ്ധനായി രാഷ്ട്രീയരംഗത്തു നിലകൊള്ളുന്ന എനിക്കു നല്ലുമോ, അതോ......

കൃഷ്ണ-നിങ്ങൾ ഇതുവരെ ചെയ്തിട്ടുള്ള രാഷ്ട്രീയസേവനങ്ങൾ എന്തെല്ലാമെന്നു് ഈ സദസ്സിനെ അറിയിക്കുമോ?

പണി-എന്റെ സ്നേഹിതൻ മി. കൃഷ്ണപിള്ള ആവശ്യപ്പെടുന്നു, എന്റെ രാഷ്ട്രീയപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു നിങ്ങളെ അറിയിക്കണമെന്നു്. ബഹുമുഖവും നാനാവിധവുമായ എന്റെ പ്രവർത്തനങ്ങളിൽ ഈ സദസ്സിനു ഉത്തമബോധ്യമുണ്ടെന്നു ഞാൻ തികച്ചും വിശ്വസിക്കുന്നു. ആ സ്ഥിതിക്കു് അവയെപ്പററി വീണ്ടും ഞാൻ എന്തെങ്കിലും പ്രസ്താവിക്കുന്നതു് ചർവ്വിതചർവ്വണമാകുമെന്നുകരുതി വിരമിക്കുന്നു.

കൃഷ്ണ—എങ്കിലും കേൾക്കട്ടെ. നിങ്ങൾ നിസ്വാത്ഥമായി ദേശസേവനം നടത്തീട്ടുള്ളതിന് ഒരൊററ ഉദാഹരണം നാനാവിധം എന്തെല്ലാമാണെന്ന് എല്ലാവരും അറിയട്ടെ.

പണി-ഇല്ല. ബഹുമാന്യരായ സദസ്യരുടെ ക്ഷമയെ ഞാൻ ഇനിയും പരീക്ഷിക്കണമെന്നു കരുതുന്നില്ല. മി: കൃഷ്ണാപിള്ളയും മററുള്ള മാന്യമഹാജനങ്ങളും ഹൃദയംഗമമായും ആത്മാത്ഥമായും എന്നെ സഹായിക്കണമെന്നഭ്യത്ഥിച്ചുകൊണ്ടു വിരമിക്കുന്നു.

കൃഷ്ണ-മാന്യരെ! കപടദേശസേവകന്മാരും സ്വാത്ഥമൂത്തികളുമായ പരിഷകൾ തിരഞ്ഞെടുപ്പു സമീപിക്കുമ്പോൾ ത്യാഗമൂത്തികളായി പ്രത്യക്ഷപ്പെടുന്നതു് നാം ഇന്നും ഇന്നലെയും മാത്രം കണ്ടുവരുന്നതല്ലല്ലോ. സുഹൃത്തുക്കളെ! നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ പക്കൽ നിക്ഷിപ്തമായിട്ടുള്ള ഓരോ വോട്ടും യഥാർഹനായ സ്ഥാനാത്ഥിക്കു നൽകേണ്ട പാവനമായ കത്തവ്യം നിങ്ങളിൽ ഓരോരുത്തരിലും സ്ഥിതിചെയ്യുന്നു. ഞാൻ മി: മാധവപ്പണിക്കരെ വെല്ലുവിളിക്കുന്നു. സ്വന്തഗുണത്തിനായിട്ടല്ലാതെ നിങ്ങളുടെ ഗുണത്തിനായി ഈ ത്യാഗിവയ്യൻ എന്തെങ്കിലും പ്രവത്തിച്ചിട്ടുണ്ടെന്നു അദ്ദേഹം തെളിയിക്കട്ടെ. അതിനുപകരം നിങ്ങളെ വഞ്ചിക്കുവാനുദ്യുക്തനായിരിക്കുന്ന ഇദ്ദേഹത്തെ നിങ്ങളിൽ ഓരോരുത്തരും അദ്ദേഹം അർഹിക്കുന്ന അവജ്ഞയോടുകൂടി ഗളഹസ്തംചെയ്യുമെന്നു ഞാൻ തികച്ചും വിശ്വസിക്കുന്നു.

പണി—വഞ്ചകൻ, ദുഷ്ടൻ, ദുരാഗ്രഹി, ആപത്തിൽ ചതിക്കുന്ന ദ്രോഹി!

കൃഷ്ണ-അതെ; വഞ്ചകനും ദുഷ്ടനും ദുരാഗ്രഹിയും ആപത്തിൽ ചതിക്കുന്ന ദ്രോഹിയുമായ ഒരുവനുവേണ്ടി നിങ്ങളുടെ വിലയേറിയ വോട്ടുകൾ ബലികഴിക്കരുതേ! മഹാജനങ്ങളേ! മനംമയക്കുന്ന വാക്കുകളാൽ നിങ്ങൾ വ്യാമോഹിതരാകരുതേ! പൗരുഷം പ്രദർശിപ്പിക്കുവാനും അഭിമാനം പരിരക്ഷിക്കുവാനും ലഭിച്ചിരിക്കുന്ന ഈ അപൂർവ്വസന്ദർഭത്തെ നിങ്ങൾ നേരായമാർഗ്ഗത്തിലൂടെ വിനിയോഗിക്കുവിൻ. കാപട്യത്തെ തുരത്തുവിൻ! സ്വാർത്ഥതയെ അടിച്ചമർത്തുവിൻ.

സദസ്യർ—ഹീയർ; ഹീയർ പനവേലി ഡാക്ടർക്കു വോട്ടുചെയ്യുവിൻ! എതിർ സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തുവിൻ!

(എല്ലാവരും പോകുന്നു.)

## രംഗം 3

(സ്ഥാനം മെയിൻറോഡ്. വക്കീൽ കേശവമേനോൻെറ പുത്രി ശ്രീദേവി കാളേജിൽനിന്നു വീട്ടിലേക്കു കാൽനടയായി പോകുന്നു. അവളുടെ സഹപാഠിയായ സോമശേഖരൻ കാൽനടയായി പുറകേ പോകുന്നു.)

സോമ-ഹാ! ഇന്നു് എൻെറ നയനങ്ങൾക്കു് ജന്മസാഫല്യം ലഭിച്ചു! എൻെറ ശ്രീദേവി കാൽനടയായി വീട്ടിലേക്കു പോകുന്നതു കാണാനുള്ള ഭാഗ്യം എനിക്കിന്നു കിട്ടി. ആവൂ, എത്ര ദിവസമായി ഞാൻ പ്രാർത്ഥിക്കുന്നു. ആ നശിച്ച കാറിനു കേടുവരണേ എന്നു്! ആ ഡ്രൈവർ കാളറാപിടിച്ചു തുലഞ്ഞുപോകണമെന്നു്!

ഹാ! എന്റെ ഹൃദയം ഞാൻ അറിയാതെതന്നെ അവളു ടെ സമീപത്തേക്കു കുതിച്ചുപായുന്നു. എന്തൊരു വശ്യ ത, എന്തൊരു ലാവണ്യം! എന്തൊരു മാധുര്യം! ഇവള ല്ലേ ഗന്ധർവ്വകന്യക?

നേരേ ചെല്ലുകതന്നെ. പരിസരങ്ങൾപോലും എനിക്കു അനുകൂലമായി നിൽക്കുന്നു. റോഡിലെങ്ങും ഒരു മനുഷ്യരുമില്ല.

(അടുത്തുചെന്നു ചുമച്ചു്) ആവു ഇഷ്ടദേവത പ്രത്യ ക്ഷയായി.

ശ്രീദേവി-(സംഭ്രമിച്ചു്) എന്താ; ഇതു്?

സോമ—വേണ്ട, വേണ്ട പരിഭ്രമിക്കേണ്ട. ഇന്നു പതിവില്ലാത്തതുപോലെ കാൽനടയായി വീട്ടിലേക്കു പോകുന്നതെന്തു്?

ശ്രീദേവി-എന്തോ അത്യാവശ്യക്കാര്യം പ്രമാണി ച്ചു് അച്ഛൻ കാറിൽ പോയിരിക്കയാണു്. ഞാൻ വേഗം നടന്നു വീട്ടിലെത്തട്ടെ.

സോമ-ധൃതിവേണ്ട, ശ്രീദേവി! ഞാൻ വീട്ടിൽ കൊണ്ടാക്കാമല്ലോ.

ശ്രീദേവി-ദയവുചെയ്തു് അല്പം മാറി നടക്കണേ! നാം സഹപാഠികളാണെങ്കിലും ഇപ്രകാരം ഒന്നിച്ചു നട ക്കുന്നതു വല്ല അപവാദത്തിനും ഇടവരുത്തിയേക്കും.

സോമ-എന്തപവാദം! എന്റെ ശ്രീദേവി! ഇങ്ങോ ട്ടൊന്നു നോക്കൂ. കാരുണ്യത്തോടുകൂടി നോക്കൂ.

ശ്രീദേവി—സോദരാ! ഇത്തരം വാക്കുകൾ തീർച്ച

യായും നിങ്ങളുടെ നിലയ്ക്കു ചേൎന്നതല്ല. അതനുവദി ക്കാൻ ഞാൻ ഇഷ്ടപ്പെടുന്നുമില്ല.

സോമ - ഹോ. എന്തു ഗാംഭീൎയ്യം! ശ്രീദേവി! ഈ ഓമനമുഖത്തു് പുഞ്ചിരിക്കല്ലാതെ കോപത്തിനിടംകൊ ടുക്കുന്നതു ദ്രോഹമല്ലേ?

ശ്രീദേവി-സോമശേഖരൻ! ഇതേവരെ ഞാൻ ഒരു സഹപാഠിയും സോദരനുമെന്നുള്ള നിലയിൽ നിങ്ങളെ ബഹുമാനിച്ചു. ഏകാകിനിയായി വീട്ടിലേക്കുപോകുന്ന എന്നോടു നിങ്ങൾ ഇങ്ങിനെ സംസാരിക്കുന്നതു ന്യായ മല്ല.

സോമ-ശ്രീദേവി! എന്റെ സൎവ്വസ്വവും ഭവതി യല്ലേ? ഞാൻ തുറന്നുപറയട്ടെ ഞാൻ ഭവതിയേ സ്നേഹി ക്കുന്നു. ഹൃദയംഗമമായി സേ്നഹിക്കുന്നു.

ശ്രീദേവി-ഓഹോ. ആ വസ്തുത അറിയിക്കാനാ യിരിക്കാം ഈ നടുറോഡുതന്നെ തിരഞ്ഞെടുത്തതു്? സോമശേഖരൻ! നിങ്ങൾ നിങ്ങളുടെ വഴിക്കുപോകുക. വീടടുത്തുകഴിഞ്ഞു. ഞാൻ പോകട്ടെ.

സോമ-ഇത്ര വേഗമോ? എന്റെ ശ്രീദേവി! എത്ര ദിവസമായി ഞാൻ പ്രാൎത്ഥിക്കുന്നു! ഭവതികയറിയ കാറു കേറി ചത്താൽ ഭാഗ്യമായെന്നുകരുതി എത്ര ദിവസം ഞാൻ റോഡരുകിൽ കാത്തുനിന്നു? എന്താണു ദേവി ഇങ്ങനെ കഠിനഹൃദയയാകുന്നതു്?

ശ്രീദേവി-ദയവുചെയ്തു വിഡ്ഢിത്തം പറയാതി രിക്കു. ഞാൻ പോകട്ടെ.

(പോകുന്നു)

സോമ—വല്ലാത്തവൾതന്നെ. സംശയമില്ല. വല്ലാത്തവൾ! എങ്കിലും അത്രയും എന്നോടു സംസാരിച്ചല്ലോ. ആ വാക്കുകൾ ഒരോന്നിനും തേനിൽ കുതിർത്ത മാമ്പഴത്തിൻെറ മാധുര്യമുണ്ടു്. എനിക്കുള്ള സർവ്വസ്വവും നശിച്ചാലും ശരി ഇവളെ എനിക്കു കരസ്ഥമാക്കണം ശ്രീദേവി! എൻെറ ശ്രീദേവി! ഓമനേ! വരൂ കൺമണി!

## രംഗം 4

(തിരഞ്ഞെടുപ്പു പ്രചരണസ്ഥലം)

പണിക്കരുടെ ദല്ലാൽ:——നീതിക്കും ന്യായത്തിനും ധർമ്മത്തിനും വേണ്ടി പബ്ലിക്‌മാൻ മാധവപ്പണിക്കർക്കു് വോട്ടുചെയ്യുവിൻ.

(മഞ്ജരി)

ഉത്തമനാകും പണിക്കർക്കു വോട്ടുകൾ
സത്വരം നൽകുവിൻ സോദരരേ.
ദേശാഭിമാനമണിച്ചട്ടയിൽ മിന്നു-
മാശിഷ്ടൻ നീണാൾ ജയിച്ചിടട്ടെ.
തേനൊപ്പംവാക്കുകൾ നാവിലും പാഷാണം
മാനസംതന്നിലുമായിനമ്മെ
ദൂഷണംചെയ്യുന്ന ദ്രോഹിപ്പരിഷയ്ക്കു
ഘോരപരാജയംവന്നിടട്ടെ.
സത്യവും ധർമ്മവുമുത്തമജീവിത-
വൃത്തിയുംചേരും മഹാനുഭാവൻ
പൗരബോധത്തിൽ മികച്ച ഗുണാഢ്യൻ
ചേരട്ടെ മംഗളം നാൾക്കുനാളിൽ

കൃഷ്ണ-സ്വാതന്ത്ര്യത്തിനും സമത്വത്തിനും സാഹോദര്യത്തിനുംവേണ്ടി ധീരധീരം പോരാടുന്ന പനവേലി ഡാക്ടർക്ക് വോട്ടുചെയ്യുവിൻ. സർവ്വസമുദായമൈത്രി പരിരക്ഷിക്കുവിൻ.

(വഞ്ചിപ്പാട്ട്)

ജയിക്കട്ടെ, പനവേലി വാഗീശ്വരനാകുംഡാക്ടർ
ജയിക്കട്ടെ സ്വാതന്ത്ര്യത്തിൻ പ്രവാചകാഗ്ര്യൻ
ഭാസുരമാം ജീവിതവും സുന്ദരമാം സ്വഭാവവും
ഉന്നതമാം വിദ്യാഗുണം ദേശബോധവും
ഒന്നുചേർന്നു കാൺമതാരിൽ? അമ്മഹാനുവോട്ടുനൽകിൻ
സമ്മതിദായകരാകും മതിമാന്മാരേ!
ആതുരശുശ്രൂഷയതിലതീവതല്പരനാകും
നീതിനിഷ്ഠാനിരതനാമധർമ്മവൈരി
ചേതസ്സിങ്കൽസദാനവമാശയങ്ങളുംപുലർത്തുവോൻ
സാധുജനസംരക്ഷകൻ ജയിച്ചിടട്ടെ.

പന്നിക്കരുടെ ദല്ലാൽ:-പനവേലി ഡാക്ടർ തുലയട്ടെ. പബ്ളിക്മാൻ മാധവപ്പണിക്കർക്ക് വോട്ടുചെയ്യുവിൻ!

കൃഷ്ണ-ഏടോ കാര്യമെല്ലാം ശരി. അനാവശ്യം മാത്രം പറയരുതു്. തന്റെ സ്ഥാനാർത്ഥിയുടെ ഗുണഗണങ്ങൾ എത്രവേണമെങ്കിലും വർണ്ണിച്ചുകൊള്ളു. എതിർസ്ഥാനാർത്ഥിയെ അധിക്ഷേപിച്ച് ഒരക്ഷരം ശബ്ദിച്ചുപോകരുതു്. കയ്യുടെ ചൂടറിയാമല്ലോ.

ദല്ലാൽ--ആങ്ഹാ. താൻ തല്ലുമോ? എന്നാൽ അതു തന്നെ കാണട്ടെ. പിന്നെ എത്രപേരെയാണു തല്ലീട്ടുള്ള തെന്നറിയാമോ? ആശുപത്രി മുഴവൻ തല്ലുകൊണ്ടവരെ ക്കൊണ്ടു നിറഞ്ഞു ചുമ്മാതിരുന്നാട്ടെ സാറേ, പബ്ളി ക്മാൻ മാധവപ്പണിക്കർ ജയിക്കട്ടെ. അധർമ്മം നശിക്കട്ടെ.

കൃഷ്ണ-എടോ, കൃഷ്ണപ്പിള്ളയോടു കളിക്കുന്നതു സൂക്ഷിച്ചുവേണം. ഇടിച്ചുതന്റെ സിലണ്ടറിളക്കിക്കളയും, പറഞ്ഞേക്കാം.

ദല്ലാൾ — അതൊക്കെ വീട്ടിലുള്ളവരോട്.

കൃഷ്ണ—എന്തുപറഞ്ഞു? പറഞ്ഞുപറഞ്ഞു വീട്ടിലുള്ളവരേയും പറഞ്ഞുതുടങ്ങിയോ? ആഹാ!

പൊതുജനങ്ങൾ-സഹോദരന്മാരേ! നിങ്ങൾ ശണ്ഠകൂടാതിരിക്കുവിൻ! സത്യം ജയിക്കട്ടെ. കാപട്യം തുലയട്ടെ. രാജ്യശ്രേയസ്സിനുവേണ്ടി വോട്ടുചെയ്യുവിൻ!

## രംഗം 5

(ശ്രീദേവിയും സോമശേഖരനും പ്രവേശിക്കുന്നു.)

ശ്രീദേവി—ഞാൻ പലതവണ പറഞ്ഞുകഴിഞ്ഞു. നിങ്ങൾ ഇനിയും എന്നെ ഉപദ്രവിക്കരുതു്. അച്ഛനറിഞ്ഞാൽ എനിക്കും നിങ്ങൾക്കും ആപത്താണു്. അവമാനവുമാണു്. മനസ്സിലാക്കണം.

സോമ—എന്റെ കണ്മണീ! ഭവതി ഇത്ര കഠിനഹൃദയയോ?

ശ്രീദേവി-സോമശേഖരൻ! നിങ്ങൾ മര്യാദയുടെ സകല സീമകളേയും അതിലംഘിക്കുന്ന വിടുവാക്കുകൾ ഇനിയും ഉച്ചരിക്കാതിരിക്കാൻ ദയവുണ്ടാകണം.

സോമ- തങ്കം! വീണ്ടും ആ പഴയ പല്ലവിതന്നെ ദേവി പാടുന്നതെന്ത്?

ശ്രീദേവി—ഛേ! എന്ത് അസഹ്യമായ അവമാനമാണിത്? തങ്കവും കുന്തവും! ദയവുണ്ടായി ഉടൻ ഇവിടെനിന്നു പോവുക.

സോമ— എൻെറ അഭിലാഷം സഫലമാകാതെ ഞാൻ ഇവിടെനിന്നു പോവുകയോ? അതു സംഭവ്യമോ? ശ്രീദേവി! യാതൊരു ജീവിയുടെ മുമ്പിലും തലകുനിച്ചിട്ടില്ലാത്ത സോമശേഖരനാണ് ഭവതിയുടെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നത്. എൻെറ അപേക്ഷയെ ദേവി നിരസിക്കുന്നതു് ബുദ്ധിപൂർവ്വകമായിരിക്കുമോ എന്ന് നല്ലവണ്ണം ആലോചിക്കുക.

ശ്രീദേവി—ഞാൻ എല്ലാം ആലോചിച്ചുകഴിഞ്ഞു നിങ്ങളെ ഞാൻ സ്നേഹിക്കുന്നില്ല. സ്വാതന്ത്ര്യം പ്രേമവ്യാപാരത്തിലേർപ്പെടാൻതക്കവണ്ണം ഞാൻ സ്വതന്ത്രയുമല്ലാ.

സോമ—ഒരു പ്രഭുകുമാരനാണ് ഇപ്രകാരം പ്രേമാത്ഥന നടത്തുന്നതെന്നു് ഭവതി അറിയുന്നുണ്ടോ?

ശ്രീദേവി—ഓഹോ. ഭീഷണികൊണ്ടു് നിങ്ങൾ എന്നെ വശഗയാക്കാമെന്നു വ്യാമോഹിക്കുന്നുണ്ടായിരിക്കാം.

സോമ—സാമദാനഭേദദണ്ഡനിയമങ്ങൾ അനുസരിച്ചു് ഞാൻ എൻെറ അഭീഷ്ടം നിറവേററും. ഇതു സോമശേഖരൻെറ വാക്കുകൾ.

ശ്രീ: എന്നാൽ അതുതന്നെ കാണട്ടെ സോമശേഖരൻ! നിങ്ങൾ ഉടൻ ഇവിടെനിന്നു പോകണം. അല്ലെങ്കിൽ നിങ്ങളുടെ പ്രഭുത്വത്തിനു് അത്രതന്നെ അനുയോജ്യമല്ലാത്ത വല്ല സംഭവങ്ങളും ഉണ്ടായേക്കുമെന്നു് ഞാൻ ഭയപ്പെടുന്നു.

സോമ: എൻെറ ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്ന പാവനപ്രണയം ഭവതിയുടെ മുമ്പിൽ ഞാൻ കാഴ്ചവച്ചു. ഭവതി അതിനെ തിരസ്കരിക്കുന്നു.

ശ്രീ: പുഷ്പങ്ങൾതോറും മധു ഉണ്ടുനടക്കുന്ന നിങ്ങളുടെ പ്രണയം പാവനം!

സോമ—ഹും. അത്രയ്ക്കായോ? എന്നാൽ നിൻെറ സാമത്ഥ്യംതന്നെ കാണട്ടെ.

(അവളോടടുക്കുന്നു.)

ശ്രീ—ഛേ, ദുഷ്ടാ, മാറിനില്ക്കു്.

(അവൾ അയാളെ പിടിച്ചുതള്ളുന്നു.)

അതാ അച്ഛൻ വരുന്നു.

സോമ—ശ്രീദേവി! ഞാൻ ഭവതിയുടെ കാലുപിടിക്കുന്നു. ഈ സംഗതി അച്ഛനെ അറിയിക്കരുതെ. എന്നെ അവമാനത്തിനു പാത്രമാക്കരുതേ!

RSITY LIBRA

ശ്രീദേവി—എന്നാൽ ഈ ക്ഷണം ഇവിടെനിന്നു പോവുക നിങ്ങളുടെ സ്ഥാനത്തിനും പ്രതാപത്തിനും അനുസരിച്ചു ജീവിക്കുക. ഉം താമസിക്കേണ്ട

(സോമശേഖരൻ പോകുന്നു. കേശവമേനോൻ പ്രവേശിക്കുന്നു.)

മേനോൻ—എന്താണു മകളേ! നീ തനിയെ ഈ തോട്ടത്തിലിരിക്കുന്നതു്? നീ ദേഷ്യപ്പെട്ടതുപോലെതോന്നുന്നല്ലോ.

ശ്രീദേ – ഒന്നുമില്ലച്ഛാ! എനിക്കു കുളിക്കാൻ വാല്യക്കാരി ഇതുവരെ വെള്ളം ചൂടാക്കീട്ടില്ല.

മേനോൻ—അങ്ങിനെയോ? അവൾ മടിക്കാരിയാണല്ലോ. വരൂ ഞാൻതന്നെ അവളോടു ചോദിക്കട്ടെ.

ശ്രീദേ—വേണ്ടച്ഛാ! കുളിക്കാൻ ചൂടുവെള്ളം വേണമെന്നു് നേരത്തെ അവളോടു പറയാൻ ഞാൻ മറന്നുപോയി. ഇപ്പോഴാണു് പറഞ്ഞതു്.

## രംഗം 6.

മാധവപ്പണിക്കർ—(ആത്മഗതം) ആ വഷളൻ! അവൻ ഇന്നു് എനിക്കു ശത്രുവായിത്തീൎന്നിരിക്കുന്നു. ഹൂം കൃതഘ്നതയുടെ പാരമ്യം. വഞ്ചനയുടെ പരമകാഷ്ഠ. ഉം സാരമില്ല. അവൻെറ സഹായമില്ലാതെ എനിക്കു തെരഞ്ഞെടുപ്പിൽ വിജയിയാകാമോ എന്നു ഞാനൊന്നു നോക്കട്ടെ. ഈ നാട്ടിൽ പബ്ലിക് സ്പിരി

ട്ടിന്ന വല്ല വിലയുമുണ്ടോ എന്ന ഞാനൊന്ന പരീക്ഷി ക്കട്ടെ.

(ആലോചിച്ച്)

വക്കീൽ കേശവമേനോനെ എത്രയും വേഗം പിടി ക്കൂടണം പക്ഷെ എന്റെ ഉദ്യമങ്ങളൊന്നും കൃഷ്ണപിള്ള അറിയരുത്. അവൻ വില്ലാശിപായിയെപ്പോലെ അ വിടെ കാവൽനില്ക്കയായിരിക്കും. ഉം സാരമില്ല. രാത്രി 9 മണിക്കശേഷം അങ്ങോട്ട തിരിക്കുക. ആൾ ഒരു മാമൂൽപ്രിയനാണ്. കാഴ്ചവയ്ക്കാൻ ഒരു പൂമാലയും കുറച്ചു സുഗന്ധദ്രവ്യങ്ങളുംക്കൂടി ഇരിക്കട്ടെ. ഈ പഴ ഞ്ചൻ വേഷവും ഒന്ന മാററണം. രാഷ്ട്രീയനേതാവായാ ലെന്തു്? ഉദ്യോഗപ്രമാണിയായാലെന്തു്? ഇക്കാലത്തു് വേഷംതന്നെ പ്രധാനം. Dress. Dress. Dress is the criterion of opulency, influntialism, Public service, everything.

## രംഗം 7.

ശ്രീദേവി-(ഒരു കത്തു വായിച്ച്) യൗവ്വനത്തിന്റെ ചാപല്യങ്ങൾ ഏതെല്ലാം വികൃതരൂപങ്ങളിൽ പ്രത്യക്ഷ പ്പെടുന്നു! അയാൾക്ക ധനമുണ്ടായിട്ട് എന്തുഫലം? വി ദ്യാഭ്യാസമുണ്ടായിട്ട് എന്തു പ്രയോജനം? അയാൾ അ ഹോരാത്രം വിടതചത്തിൽ വിഹരിക്കുന്നു. നിരാശനാ യിത്തീൎന്നപ്പോൾ അയാൾ പ്രതികാരോദ്യുക്തനായിത്തീ ൎന്നിരിക്കുന്നു ഞാൻ അയാളുടെ ദുരഭിലാഷത്തിന് വശ ഗയായില്ലെങ്കിൽ അയാൾ എന്നെ ബലാൽ അവമാനി ക്കുമത്രേ. ഇതുവരെ ഈ വസ്തുത ഞാൻ അച്ഛനെ അറി

യിക്കാതെ കഴിച്ചു. ഇനിയും അതിനു നിവൃത്തിയില്ല.

(മേനോൻ പ്രവേശിക്കുന്നു.)

മേനോൻ: എന്താണു്, ശ്രീ, തനിയെ സംസാരിക്കുന്നതു്? നിൻെറ കയ്യിലെന്തു്?

ശ്രീദേവി: അച്ഛാ! സോമശേഖരൻ എന്നൊരു യുവാവു് ഈ എഴുത്തു കൊടുത്തയച്ചിരിക്കുന്നു.

മേനോ: എന്തു്? ഇങ്ങനെയോ സംഭവങ്ങൾ? അവൻ ഇപ്രകാരമൊരു ധിക്കാരത്തിനു മുതിർന്നോ! എന്നിട്ടു് നീ എന്തുകൊണ്ടു് ഈ വസ്തുത നേരത്തെ എന്നെ അറിയിച്ചില്ല?

ശ്രീദേവി: ഭവിഷ്യത്തുകളെ ഭയന്നുമാത്രം അയാൾ നിരന്തരം എന്നെ ഉപദ്രവിച്ചുവന്നു. ഒടുവിലിതാ ഈ കത്തും കൊടുത്തയച്ചിരിക്കുന്നു.

മേനോ: ശരി. ഇനിയും ക്ഷമിക്കുവാൻ നിവൃത്തിയില്ല അവനെ നല്ല പാഠം പഠിപ്പിച്ചിട്ടു് മററു കാര്യം. ഇന്നു രാത്രി 9 മണിക്കു് ഈ തോട്ടത്തിലെത്താൻ ക്ഷണിച്ചുകൊണ്ടു് മറുപടി കൊടുത്തയയ്ക്കാം. പിന്നീടു വേണ്ട കാര്യങ്ങൾ ഞാൻ നോക്കിക്കൊള്ളാം.

ശ്രീദേവി: അച്ഛൻ പറയുന്നതുപോലെ, പക്ഷേ, അയാൾ രണ്ടിനും തുനിഞ്ഞിറങ്ങിയിരിക്കയാണു്. വല്ല ധിക്കാരവും കാണിച്ചാലോ?

മേനോ: കഥയില്ലാത്ത കുട്ടി! നീ തോട്ടത്തിൽ കാത്തുനില്ക്കണമെന്നല്ലപറഞ്ഞതു്. നീ നിൻെറ പാഠങ്ങൾ പഠിച്ചുകൊണ്ടു് മുറിയ്ക്കകത്തിരുന്നുകൊൾക. മനസ്സിലായില്ലേ? ഉം തല്ക്കാലം യാതൊരു വസ്തുതയും വെളിപ്പെടുത്തേണ്ടാ.

## രംഗം 8

മാധവപ്പണിക്കർ—ഹും, ഒരു ഡോബിയുണ്ട്; നിരുത്തരവാദിത്വത്തിൻേറയും സ്വേഛാപ്രഭുത്വത്തിൻേറയും കേന്ദ്രസ്ഥാനം. Immediate ആയിട്ട് എവിടെ പോകാനുദ്ദേശിച്ചാലും ശരി, അവൻ കുഴപ്പമുണ്ടാക്കുമെന്ന് തീർച്ച ഒരു ഷർട്ട് പെട്ടിയിലിരുപ്പുണ്ട്. മുതുക മുഴവൻ കീറിയതു്. ഉം സാരമില്ല. കോട്ടിട്ടുകഴിഞ്ഞാൽ പിന്നീട് ഷർട്ടിന്റെ പുറം കാണാൻ മനുഷ്യരുടെ കണ്ണിൽ എക്സറെ വെച്ചിട്ടുണ്ടോ? ടൈ വേണോ ബൽററ് ധരിക്കണോ എന്നാണു തർക്കം. രണ്ടും കൂടി ഒന്നേ ഉള്ളു. അല്ലെങ്കിൽ എന്തിനു സംശയിക്കുന്നു? കോട്ടിനു ബട്ടനുള്ള കാലത്തോളം ബൽററിൻേറ ആവശ്യമില്ലതന്നെ. ഇതൊക്കെയാണെങ്കിലും ഡോബി നല്ലവനാണു്. കഴിഞ്ഞ പ്രാവശ്യം ഒരു മഹായോഗത്തിലേക്കുവേണ്ടി അവൻ എനിക്കു സപ്ളൈ നടത്തിയ സൂട്ട് ഇതേവരെ തിരിച്ചു കൊണ്ടുപോയിട്ടില്ല അതുകൊണ്ട് ഇന്നത്തെ യാത്ര മുടങ്ങാതെ കഴിഞ്ഞു.

(പണിക്കർ ഡ്രസ്സ് ചെയ്യുന്നു.)

കൃഷ്ണപിള്ള! കൃഷ്ണപിള്ള! അവൻേറ യജമാനൻ ഡാക്ടരും! അവന്മാരു വിചാരിച്ചാൽ പബ്ളിക്മാൻ മാധവപ്പണിക്കരുടെനേരേ എന്തു സാധിക്കുമെന്നു ഞാനൊന്നു നോക്കട്ടെ.

## രംഗം 9

(വക്കീൽ കേശവമേനോനും ചട്ടമ്പിവേലുവും പ്രവേശിക്കുന്നു.)

വേലു-അങ്ങന്നേ, കാൎയ്യമൊക്കെ ശരി. വേലുവിനെ ഒരു കാൎയ്യം ഏല്പിച്ചാൽ അതിൻെറ ജോലി മുഴുവൻ വേലുവിനെക്കൊണ്ടുതന്നെ നടത്തിച്ചേക്കണം. അങ്ങന്നുമാത്രം ഇടയ്ക്കുകേറി വന്നേക്കരുതു്; നേരത്തെ പറഞ്ഞേക്കാം.

മേനോൻ-അങ്ങിനെതന്നെ. പക്ഷേ അപകടത്തിനിടയാക്കരുതു്. വേലുവിൻെറ കൈകൊണ്ടു് ഒന്നു ഗുണദോഷിച്ചുവിട്ടേക്കണം. അതും അവൻെറ ഗുണത്തിനുമാത്രം. ഞാൻ ആഫീസുമുറിയിലേക്കു പോകട്ടെ നാളത്തേക്കു അവധിവച്ചിട്ടുള്ള കേസുകളൊക്കെ നോക്കാനുണ്ടു്.

വേലു-ഉം സകലതും സുമാർ! ഒമ്പതുമണിക്കാണു് ശുഭമുഹൂൎത്തം; അല്ലേ അങ്ങന്നേ?

മേനോൻ--പതുക്കെപ്പറയൂ. അവൻ വരാറായെന്നു തോന്നുന്നു. ഞാൻ അപ്പുറത്തേയ്ക്കു പോകട്ടെ

വേലു-അങ്ങന്നു പോയാട്ടെ. ഇനി എല്ലാം വേലുവിൻെറ ചുമട്ടി. ഇടിപിടിക്കുന്നതെല്ലാം അവൻെറ ചുമട്ടി.

(കുറേ കഴിഞ്ഞു് മാധവപ്പണിക്കർ രഹസ്യമായി പ്രവേശിക്കുന്നു. വേലു അയാളുടെ മുതുകിൽ ഊക്കോടുകൂടി പ്രഹരിക്കുന്നു.)

ഹും നില്ലെടാ, അവിടെ! പച്ചക്കാമദേവനങ്ങന്നേ, സലാം!

മാധവ: ആരെടാ അതു്?

വേലു: വേലുവാണെജമാനനെ!

(വീണ്ടും പ്രഹരിച്ച്)

ഇതും വേലുതന്നെ.

മാധവ-എന്തു ധിക്കാരം! എടോ തനിക്ക ഭയങ്കരമായ തെററു പററിയിരിക്കുന്നു. ഇനിയും എന്നെ ഇടിക്കരുത്.

വേലു—ഇതുകേട്ടാൽ യജമാനനെ ഇപ്പം ആരാണ്ട് ഇടിച്ചെന്നുതോന്നുമല്ലോ. അതുപോകട്ടെ; യജമാനൻ ഇപ്പം എവിടുന്നാ?

(വീണ്ടും പ്രഹരിക്കുന്നു.)

മാധവ-അയ്യോ, നിങ്ങൾ എന്നെ തല്ലരുതെ! ഞാൻ വക്കീൽ മി: മേനോനെ കാണാനാണു വന്നതു്.

വേലു—അതാണു പറയുന്നതു്! യജമാനൻ വക്കീലങ്ങന്നിനെ കാണാനാ വന്നതു്. ഒരു കേസിനു വക്കാലത്തുകൊടുക്കാൻ. ഞാൻ ഇപ്പോൾ ഇടിച്ചതിനും ഇനി ഇടിക്കുന്നതിനുംകൂടി അദ്ദേഹത്തിന്റെതന്നെ വക്കാലത്തു കൊടുത്തേക്കണേ!

(വീണ്ടും പ്രഹരിക്കുന്നു.)

മാധവ-എടോ, താൻ ഇപ്പോൾ ചെയ്യുന്ന ഓരോ പ്രവൎത്തികളും.........

വേലു-ഇടിക്കുന്ന ഓരോ ഇടിക്കും, എന്നു പറയണം, യജമാനൻ!

മാധ-എടാ!

വേലു-എടാ, പോടാ! ചെറുകണ്ടത്തു വേലുപ്പിള്ള സാർ എന്നു പറഞ്ഞില്ലെങ്കിൽ ഇനിയും ഇടി വരുന്നുണ്ടു്, പറഞ്ഞേക്കാം.

മാധവ-എൻെറ പൊന്നു സ്നേഹിതാ! നിങ്ങൾ അല്പം ക്ഷമിക്കു. നിങ്ങൾക്കു വലിയ തെററുപററീട്ടുണ്ടു്.

വേലു—ശരി. ഏമാൻ കൽപ്പിക്കുന്നതനുസരിച്ചു് ഞാൻ തല്ക്കാലം ഇടി നിൎത്തുന്നു. ഏമാൻ ഈ അസമയത്തു് ഇങ്ങോട്ടു പുറപ്പെട്ടതിൻെറ കാൎയ്യമെന്തെന്നു കല്പിക്കണം

മാധവ-ഒരു അത്യാവശ്യകാൎയ്യം പ്രമാണിച്ചു് വക്കീൽ മി: മേനോനെ കാണാനാണു് വന്നതു്. മനസ്സിലായോ?

വേലു-ഓഹോ. അങ്ങിനെയോ? എന്തു അത്യാവശ്യ കാൎയ്യമായിരിക്കുമോ?

മാധവ—അതു മി. വക്കീലിനോടു പറയേണ്ടതാണു്. അല്ലാതെ തന്നെ അറിയിക്കാനുള്ളതല്ല.

വേലു-ശരി. എന്നാൽ ഏമാൻ ഇമ്പിടെ നിന്നാട്ടെ. ഞാൻ വക്കീലദ്ദേഹത്തിനെ ഇങ്ങോട്ടു വിളിച്ചോണ്ടുവരാം. പിന്നെ, ഓടിപ്പോകാനോ ചാടിപ്പോകാനോ തുടങ്ങിയാൽ വേലുവിൻെറ കൈ വെറുതെയെങ്കിലും ലഹളകൂട്ടുമേ. പറഞ്ഞേക്കാം.

(വേലു പോയി വക്കീലുമായി തിരിച്ചെത്തുന്നു.)

മാധവ-മി: മേനോൻ! എന്തു് അപമാനമാണിതു്? നിങ്ങളെ കാണാൻവരുന്ന ആളുകളെ ഇങ്ങിനെയാണോ സല്ക്കരിക്കുന്നതു്?

മേനോൻ—എന്നെ കാണാൻവന്നുപോലും! അദ്ധരാത്രി സമയം അടുക്കളയുടെ പിൻഭാഗത്തുകൂടി പതുങ്ങി

പ്പുതുങ്ങിയാണു് വക്കീലിനെ കാണ്മാൻവരുന്നതു്. കയ്യിൽ പൂമാലയുമുണ്ടല്ലോ. പുതുപ്പെണ്ണിന്റെ കഴുത്തിലണിയിക്കാൻ

മാധവ-ഏതു പുതുപ്പെണ്ണു്? ഹേ, വക്കീൽസാർ! ഞാൻ നിങ്ങളുടെ ഗുണത്തിനുവേണ്ടിയാണു്, സ്വാൎത്ഥത്തിനല്ല, ഈ ത്യാഗങ്ങളും ക്ലേശങ്ങളും സഹിക്കുന്നതെന്നു നിങ്ങൾ മനസ്സിലാക്കണം. For your goodness, I suffer all this donations and sorrows, you understand?

മേനോൻ—ഇംഗ്ലീഷ് തിരുതകൃതിതന്നെ. ഞങ്ങളുടെ ഗുണത്തിനായിട്ടാണു്! പെണ്ണിനെ ആക്കെങ്കിലും വിവാഹം കഴിച്ചുകൊടുക്കാൻ പണമില്ലാതെ ഞാൻകിടന്നുഴലുന്നല്ലോ. ആ സ്ഥിതിക്കു് ആരുമാരുമറിയാതെ രാത്രി സമയം വന്നു ഒരു വിവാഹം അങ്ങു നടത്തിക്കളയാമെന്നു നിശ്ചയിച്ചു. അതിലേക്കുവേണ്ടി മണവാളവേഷത്തിലിറങ്ങിയിരിക്കയാണു്!

മാധവ-ആരുടെ വിവാഹം? ഹേ വക്കീൽ സാർ! നിങ്ങൾ എന്തൊക്കെയോ തെററിദ്ധരിച്ചിരിക്കുന്നു. Wrong uuderstanding of something.

മേനോൻ — ഒരു Wrong understanding —ം ഇല്ല. നീ കൊടുത്തയച്ച എഴുത്തു് ഇവിടെ യഥാവസരം വന്നുചേൎന്നു. അതനുസരിച്ചു് ശുഭമുഹൂൎത്തത്തിൽതന്നെ കെട്ടിഒരുങ്ങി വന്നിട്ടുമുണ്ടല്ലോ, കല്യാണം നടത്താൻ.

മാധവ-ഏതെഴുത്തു്? മി: മേനോൻ സാർ! അല്പം സമാധാനിക്കൂ. നിങ്ങൾക്കു പററിയ പ്രമാദം ഞാൻ

ഇപ്പോൾ തീക്കാം. I will now finish your blunder.

മേനോൻ—നിറുത്തണം ഹേ, നിൻെറ ബട്ട്ലർ ഇംഗ്ലീഷ്. നീ എന്താണു തീക്കാൻപോകുന്നതു്? ഏതെഴുത്തു്, അല്ലേ? നീ ശ്രീദേവിക്കയച്ച പ്രേമലേഖനം. അതുതന്നെ,

മാധവ—പ്രേമലേഖനം! ഞാനും പ്രേമലേഖനവും തമ്മിലുള്ള ബന്ധം?

മേനോൻ—നീയും വേലുവിന്റെ പ്രഹരങ്ങളും തമ്മിലുള്ള ബന്ധംതന്നെ.

മാധവ—ഹേ, ഞാൻ വീണ്ടും പറയുന്നു. നിങ്ങൾ എന്തൊക്കെയോ മനസ്സിൽവച്ചുകൊണ്ടു സംസാരിക്കയാണു്. സത്യാവസ്ഥ വെളിപ്പെടുമ്പോൾ നിങ്ങൾ കഠിനമായി പശ്ചാത്തപിക്കും.

മേനോൻ: പശ്ചത്തപിക്കുമത്രെ. കോമാളിവേഷംകെട്ടി നടക്കയാണു്, പെൺകുട്ടികളെ നശിപ്പിക്കാൻ. എന്നിട്ടു്, ഇപ്പോൾ സവ്വവും മറയ്ക്കാനാണു ശ്രമം. അല്ലേ? നിങ്ങൾക്കു ലജ്ജതോന്നുന്നില്ലല്ലോ ഇങ്ങനെ പ്രേമലേഖനങ്ങളെഴുതാനും വിടനായി നടക്കാനും.

മാധവ: നിങ്ങൾ വീണ്ടും പ്രേമലേഖനത്തിൻെറ കഥതന്നെ പറയുന്നു. സത്യമായിട്ടും ഞാൻ ഒരു പ്രേമലേഖനവും ആക്കും എഴുതീട്ടില്ല. With my honour, I tell you.

മേനോൻ: നിന്റെ ആണർ! ആണറത്രേ, ആണർ! നീ പ്രേമലേഖനം എഴുതീട്ടില്ല; അല്ലേ? വേലൂ! ശ്രീദേയ

ഇങ്ങോട്ട വിളിക്കൂ. ഈ കോടാങ്കി എഴുതിയ കത്തും ഇങ്ങെടുത്തുകൊണ്ടുവരാൻ പറയൂ.

(വേലു പോയി ശ്രീദേവിയുമായി തിരിച്ചെത്തുന്നു.)

ശ്രീ: (സംഭ്രമസ്വരത്തിൽ) അയ്യോ, അച്ഛനു തെററിപ്പോയി. ഇതു് അയാളല്ല!

മേനോൻ: എന്തു്? ഇയ്യാളല്ലേ നിനക്കെഴുത്തയച്ചതും മററും?

ശ്രീ: അയ്യോ. അല്ല. ഇനി നാം എന്തു ചെയ്യും? ഇതു വേറെ ആരോ ആണു്.

മാധ: Irresponsible fellow that Veloo. ഞാൻ നേരത്തേ പറഞ്ഞതല്ലേ, നിങ്ങൾക്കു ഭയങ്കരമായ തെററു പററിയതാണെന്നു്?

മേനോൻ: സ്നേഹിതാ! ഞങ്ങൾ ഘോരമായ അധർമ്മം പ്രവർത്തിച്ചുപോയി. ഈ നിൽക്കുന്ന പെൺകുട്ടിയുണ്ടല്ലോ. എൻെറ മകൾ ശ്രീദേവി. അവളെ ഒരു യുവാവു നിരന്തരം ഉപദ്രവിച്ചുകൊണ്ടിരുന്നു. അവനാണെന്നു കരുതി ഞങ്ങൾ ഈ കടുംകൈ ചെയ്തു. നിങ്ങൾ അസമയത്തു വന്നതാണു് അതിനെല്ലാം കാരണം. അറിയാതെ ചെയ്തുപോയ അപരാധത്തിനു മാപ്പു തരണെ!

മാധവ: മാപ്പു്! മാപ്പു്! ഞാൻ ഈ ഇഡിയററിനോടു് എത്രതവണ പറഞ്ഞു, എന്നെ പ്രഹരിക്കാതിരിക്കാൻ? അവൻ എന്തുകൊണ്ടു് അതു കേട്ടില്ല? Why did not he hear it? Answer me that.

മേനോൻ: ആട്ടെ, ഞാൻ ഒന്നു ചോദിക്കട്ടെ. നിങ്ങൾ ഈ അസമയത്തു് വീട്ടിനു പുറകുവശത്തുകൂടി വരാൻ കാരണം?

മാധവ: ഇലക്ഷൻ ഹേ, ഇലക്ഷൻ! വോട്ടു ക്യാൻവാസിങ്ങിനുവേണ്ടി വന്നതാണു്. അറിയാമോ? ഞാനിനി എന്തുചെയ്യും? മുതുകു കുളമായല്ലോ. ഹേ! ഞാൻ ഇനി എങ്ങിനെ വോട്ടു ശേഖരിക്കും?

വേല്യ— (ശ്രീദേവിയോടു്)-ഇദ്ദേഹം മുതുകിലാണോ വോട്ടുശേഖരിക്കുന്നതു്?

ശ്രീ —മിണ്ടാതിരിക്കു്, വിഡ്ഢി!

മേനോൻ-സ്നേഹിതാ, ഈ നീചകൃത്യത്തിനു് പ്രായശ്ചിത്തം ചെയ്യാൻ എനിക്കു സാദ്ധ്യമല്ല. നിങ്ങൾ എന്തു ശിക്ഷ വിധിക്കുന്നുവോ അതിനു ഞാൻ പൂർണ്ണ സമ്മതത്തോടെ കീഴടങ്ങിക്കൊള്ളാം.

മാധവ-പ്രായശ്ചിത്തം ഒന്നു മാത്രമേയുള്ളു. ഈ തിരഞ്ഞെടുപ്പിൽ എനിക്കു തീർച്ചയായുംവിജയിയാകണം. Surely I must pass away in this election. നിങ്ങളുടെ കഴിവിൽപെട്ട സകല സഹായസഹകരണങ്ങളും എനിക്കു വാഗ്ദാനംചെയ്ക.

മേനോൻ-ആത്മാർത്ഥമായും ഞാൻ അപ്രകാരം ചെയ്യാമെന്നു വാഗ്ദാനംചെയ്യുന്നു.

മാധവ—എന്നാൽ വോട്ടു ക്യാൻവാസ്സു് ചെയ്യുന്നതിനു് ഉടൻതന്നെ ഇറങ്ങി പുറപ്പെടുക. അല്ലെങ്കിൽ വേണ്ട. രാത്രി സമയം അതിനൊന്നും പററിയതല്ല.

നാളെരാവിലെ ഞാൻ ഇവിടെ എത്തും. അപ്പോൾ എന്നോടൊന്നിച്ചിറങ്ങാൻ തയ്യാറായിക്കൊള്ളണം.

മേനോൻ—അതു പ്രത്യേകം പറയണമെന്നില്ല.

മാധവ—എന്നാൽ നിങ്ങൾക്കു വന്ദനം. ഈ സംഭവങ്ങളൊന്നും ആരും അറിയരുതു്.

മേനോൻ—തീർച്ചയായും അറിയുകില്ല.

മാധവ—കേട്ടോടാ വേലൂ നീന്നോടാ!

വേലു—കേട്ടേ കേട്ടേ. വേലു കമാന്നൊരക്ഷരം ഉരിയാടത്തില്ലേ.

പണിക്കർ—നിൻെറയും കൂട്ടുകാരുടെയും സവ്വ വോട്ടും എനിക്കുതന്നെ തരണം.

വേലു—തരാമേ. തരാമേ. ഞങ്ങളുടെ സവ്വ വോട്ടും അങ്ങുന്നിനുതന്നെ തരാമേ.

## രംഗം 10

(സോമശേഖരൻ മാധവമേനോൻെറ തോട്ടത്തിനു പുറകുവശമുള്ള മതിലിന്മേൽ ഇരിക്കുന്നു.)

സോമ—എന്തോ വല്ലാത്ത ബഹളത്തിന്റെ ശബ്ദം കേൾക്കുന്നല്ലോ. നാലാഞ്ചാളുകൾ ദേഷ്യത്തിൽ സംസാരിക്കുന്നു. ഇടയ്ക്കു് ശ്രീദേവിയുടെ ശബ്ദവും. അതെ അവൾതന്നെ. എന്തൊക്കെയോ ഇവിടെ സംഭവിച്ചിട്ടുണ്ടു്. വേഗം ഇവിടെനിന്നും കടക്കുകതന്നെ. എന്റെ ഭഗവാനേ! നീ എന്നെ രക്ഷിച്ചു!

(മതിൽ ചാടി ഓടുന്നു)

# വിധിയുടെ ഗതി.

## രംഗം 1.

(സ്ഥാനം: സമ്പൽസമൃദ്ധിയുടെ ആവാസമായിരുന്നു് ധൂർത്തിൻെറ ഫലമായി ക്ഷയിച്ച ഒരു കുടുംബം. കുടുംബാംഗങ്ങൾ. യൗവ്വനയുക്തയായ വിധവ മാധവിയും അവളുടെ ഭർത്തൃമാതാവു് കല്യാണിയും. മാധവി ഒരു സ്തോത്രം പാടിക്കൊണ്ടിരിക്കുന്നു.)

കല്യാണി—എടീ മാധവി! നീ അവിടെ എന്തെടുക്കുവാ? പാട്ടുംപാടി അങ്ങിനെ സുന്ദരിക്കോതയായിട്ടിരിക്കുന്നു അല്ല്യോ?

മാധവി: അമ്മാവി! ഞാൻ ഒരു സ്തോത്രം പാടുകയല്ലായിരുന്നോ?

കല്യാണി! അതെന്തോന്നാടി നിൻെറ തോത്രം!

മാധവി! സ്തുതി. ഗോപാലകൃഷ്ണനെപ്പററിയുള്ള ഒരു കീർത്തനം.

കല്യാണി! ആരാടി നിൻെറ ഗോപാലകൃഷ്ണൻ? ഓ, മനസ്സിലായി. ആ പ്രവർത്ത്യാരുടെ മകൻ ഗോപാലകൃഷ്ണൻ. അവൻെറ പേരിൽ നിനക്കു വല്യഭ്രമം വീണിട്ടുണ്ടെന്നു ഞാൻ അറിഞ്ഞിരിക്കുന്നു. കുടുംബത്തിനു അവമാനം വരുത്താൻ വന്നുകേറിയ പിശാശ്ശു്!

മാധവി! അമ്മാവി! എന്താ ഇതു്? ഗോപാലകൃഷ്ണനെക്കുറിച്ചല്ല്യോ ഞാൻ പാടിയതു്? അയ്യോ, എന്തെല്ലാം അപവാദം പറയുന്നു.!

കല്യാണി-വാതമോ? ആക്കാടീ വാതം? നിൻെറ അച്ഛൻ വാതംപിടിച്ചു ചത്തു. നിൻെറ കുടുംബത്തിൽ എല്ലാക്കമുണ്ടു് വാതം. അല്ലാതെ, ഈ കുടുംബത്തിൽ ആക്കും വ തവുമില്ല പിത്തവുമില്ല. അവലക്ഷണം! പറഞ്ഞുപറഞ്ഞു് എന്തും പറയാമെന്നായി. അല്ല്യോടീ! ജന്ധ!

മാധവി—അമ്മാവീ! മരിച്ചുപോയവരെക്കുറിച്ചു് ദ്രോഹം പറയുന്നതെന്തിനു്? ഞാൻ അമ്മാവിയെ ഒരക്ഷരം പറഞ്ഞില്ലല്ലോ.

കല്യാണി-ആങ്ഹാ. പറഞ്ഞില്ല്യോ? എനിക്കു് വാതത്തിൻെറ സുഖക്കേടുണ്ടെന്നല്ല്യോ നീ പറഞ്ഞതു്? എന്നിട്ടിപ്പം അതു മറയ്ക്കാൻനോക്കുവാ?

മാധവി-അയ്യോ, അപവാദമെന്നാണു ഞാൻ പറഞ്ഞതു്. പ്രവർത്ത്യാരുടെ മകൻ ഗോപാലകൃഷ്ണനെ എനിക്കു പരിചയംപോലുമില്ല.

കല്യാണി—എടീ ശവമേ! മതി, നിൻെറ വർത്തമാനം നിറുത്തു്. അവനെ നിനക്കു് പരിചയംപോലും ഇല്ലപോലും. എന്തോന്നാടീ നിന്റെ പാട്ടിൻെറ അത്ഥം?

മാധവി-ഗോപാലകൃഷ്ണൻ കനിഞ്ഞു നമ്മെ രക്ഷിക്കണമെന്നു്.

കല്യാണി—ആങ്ഹാ? അവൻ ഇനി നമ്മളെ ലച്ചിക്കാനുംവരണോ? അവൻെറ തന്ത മുതലിച്ച മൂവായിരം പണത്തിൻെറ ചിട്ടിക്കു് ഞാൻ ഒരു നറുക്കുകൂടി മുറയ്ക്കു പണമിറക്കി. എന്നിട്ടു് വട്ടമറുതിയായിട്ടും ആ ദ്രോഹി ഒരു കാശുപോലും തരാതെ പററിച്ചുകളഞ്ഞു.

അങ്ങിനെയുള്ളവൻെറ മകൻ നിന്നെ രക്ഷിക്കാൻപോകു ന്നപോല്യം. ഇല്ല്യോടി?

മാധവി-എന്തൊക്കെയാണ് അമ്മാവി പറയുന്ന തു്? ഞാൻ സാക്ഷാൽ ഗോപാലകൃഷ്ണനെക്കുറിച്ചാണു പാടിയതു്. ദീനദയാപരനായ ദാമോദരനെ.

കല്യാണി-അതെ, അവൻെറ ചേട്ടൻ ദാമോദരൻ. ആ വക്കീല്യഗ്ഗമസ്ഥനേ, വക്കീല്യഗ്ഗമസ്ഥൻ. അവനു കുററി ക്കാട്ടുവടക്കേലേ ലക്ഷ്മിക്കുട്ടിക്കല്ല്യോ തമ്മന്തം? എല്ലാം നിനക്കു ചേന്നവർതന്നെ. പിന്നെ, എടീ മാധവീ! ഞാൻ ഒരു കാൎയ്യംപറഞ്ഞേക്കാം. ഇവിടെ താമസിക്ക യാണെങ്കിൽ ഒരുമാതിരി മാനംമൎയ്യാദയായിട്ടു താമസി ച്ചോളണം, കേട്ടോ? ആങ്ഹാ!

മാധവി—അമ്മാവീ! ഞാൻ എന്തു കുററം ചെയ്തി ട്ടാണു് ഇതൊക്കെപ്പറയുന്നതു്? ദൈവത്തിനെ സ്തുതിച്ചു പ്രാൎത്ഥിക്കുന്നതും കുററമാണോ?

കല്യാണി-ദൈവത്തിനെ സ്തുതിച്ചു പ്രാൎത്ഥിച്ചുപോ ല്യം! നിനക്കു് എപ്പോഴാ വീട്ടുജോലിചെയ്യാൻ സമയം? കുളിയായി, മുടിചീകലായി, പൊട്ടുതൊടീലായി, പാട്ടാ യി. വീട്ടുജോലികളൊക്കെ ഈ എഴീക്കാൻമേലാത്ത ഞാൻ ചെയ്യണം, അല്ല്യോ?

മാധവി-അമ്മാവി വീട്ടുജോലി ചെയ്യണമെന്നു ഞാൻ പറഞ്ഞില്ലല്ലോ. അമ്മാവിക്കു വയസ്സായി. വെറു തേ ഒരിടത്തു് ഇരുന്നാൽപോരെ?

കല്യാണി-എന്തോന്നാടീ പറഞ്ഞേ? എനിക്കു വയ്യതായെന്നോ? എടീ, നിൻെറ തള്ളയേക്കാൾ നാലു

വയതിനെങ്കിലും എളപ്പമാടീ ഞാൻ! വയതായിപോലും! അതുകൊണ്ടു് എന്നെയൊന്നു ഭരിച്ചുകളയാമെന്നാ മനംതിലിരുപ്പു്! അങ്ങനെ വെളിക്കുവരട്ടെ. എടീ മാധവീ! ഇന്നു സന്ധ്യകഴിഞ്ഞിട്ടു നീ എന്തെല്ലാം വീട്ടുജോലി ചെയ്തു. കണ്ണെഴുതി, പൊട്ടുതൊട്ടു, അല്ലേ്യാ?

മാധവി-ഞാൻ ചെയ്തുതീർക്കേണ്ട വീട്ടുജോലികളെല്ലാം ചെയ്തുതീർത്തിട്ടുണ്ടു്. ഞാൻ കണ്ണെഴുതിയിട്ടില്ല. പൊട്ടുതൊടുന്നതു് അമ്മാവിക്കിഷ്ടമില്ലെങ്കിൽ ഇനി ഞാൻ പൊട്ടുതൊടുന്നതേയില്ല.

കല്യാണി—അതെ. എനിക്കിഷ്ടമില്ലെങ്കിൽ! എനിക്കിഷ്ടമില്ലാത്തതു വല്ലതും പിന്നെ കെട്ടിലമ്മ ചെയ്യുമോ? തക്കത്തരം പറഞ്ഞുപറഞ്ഞു് അങ്ങു നെഹളിച്ചുപോയി.

മാധവി-അമ്മാവിക്കു് എങ്ങിനെയെങ്കിലും എന്നെ കുററപ്പെടുത്തണമെന്നു മാത്രമേ വിചാരമുള്ളു. അതുകൊണ്ടാണു് ഇങ്ങനെയൊക്കെ പറയുന്നതു്.

കല്യാണി-ആങ്ഹാ! ദേ. പിന്നെ ഒരു കാര്യം പറഞ്ഞേക്കാം നിൻെറ വീട്ടിൽകിടന്നു ചാടുന്നതുപോലെ ഇവിടെയും എടുത്താലുണ്ടല്ലോ ഞാൻ അടിച്ചു പടിപ്പുരയ്ക്കു പുറത്താക്കും, പറഞ്ഞേക്കാം.

മാധവി—എല്ലാം എൻെറ വിധി! അല്ലെങ്കിൽ... ഉം എന്തിനു പറയുന്നു?

കല്യാണി—അല്ല. പറയെടീ, കേക്കട്ടെ. ഒരു പ്രസംഗംതന്നെ പറ.

മാധവി-ഞാൻ ഒരു പ്രസംഗത്തിനും തുടങ്ങുന്നില്ല.

എന്തുകൊണ്ടും ദുർഭഗയല്ലേ ഞാൻ? അല്ലെങ്കിൽ ഈ ചെറുപ്രായത്തിൽത്തന്നെ...

കല്യാണി—ഒരു ഭർത്താവുണ്ടായിരുന്നതിനെ ചുട്ടു തിന്നു, അല്ലേ്യാ?

മാധവി—അമ്മാവി! ദ്രോഹം പറയരുതേ! ഞാൻ അനുഭവിക്കേണ്ടതെല്ലാം ഞാൻതന്നെ അനുഭവിച്ചുതീക്കേണ്ടേ? ഓരോ ദുരിതമായിട്ട് അനുഭവിക്കുന്നു. എല്ലാം ദൈവനിശ്ചയം.

കല്യാണി-അതെ, ദൈവനിശ്ചയം. അവലക്ഷണം പിടിച്ച പെണ്ണുങ്ങൾ വീട്ടിൽവന്നുകേറിയാൽ എവിടെയും അതുതന്നെ അനുഭവം. നീ കാലെടുത്തുവച്ചതിനു ശേഷം ഇവിടെ ഗുണംപിടിച്ചിട്ടുണ്ടോ? എന്നും കണ്ണുനീരു കുടിച്ചു ജീവിക്കണം. വക്കുത്തുകെട്ട ജന്തു!

മാധവി—അമ്മാവി! ശകാരിക്കുന്നതിനും ഒരതിരു വേണ്ടും, പറഞ്ഞേക്കാം. ഞാൻ ഇനിയും ഇതൊന്നും സഹിക്കയില്ല.

കല്യാണി-ഹെന്തുപറഞ്ഞെടി ശവമേ! നീ സഹിക്കുമോ എന്നു ഞാനൊന്നു നോക്കട്ടെ.

(കല്യാണി മാധവിയെ പിടിച്ചുതള്ളുന്നു. മാധവി നിലത്തുവീഴുന്നു. കല്യാണി അവളുടെമേൽ മുറയ്ക്കു് പാദപ്രഹരങ്ങൾ ഏല്പിക്കുന്നു.)

ആങ്ഹാ, പെണ്ണു കിടന്നു പുളയുന്നു, അല്ലേ്യാ? കിടക്കവിടെ.

മാധവി—അയ്യോ, എന്റെ അമ്മോ!

കല്യാണി-അതെ, നിന്റെ അമ്മ! അവൾക്ക് വേ

ണ്ടാഞ്ഞിട്ടല്ല്യോ നിന്നെ ഇങ്ങോട്ടു തള്ളിയതു്? ഈ കുടുംബം മുടിക്കാൻ. നാഥനില്ലാതാക്കാൻ. കുലടേ!

(മാധവിയെ വീണ്ടും പ്രഹരമേൾപ്പിച്ചശേഷം കോപാകുലയായി കല്യാണി പോകുന്നു.)

മാധവി–ദൈവമേ! ഇതു് അവിടുത്തെ ക്രൂരമായ പരീക്ഷണംതന്നെ, സംശയമില്ല. ഹാ ഗോപാലകൃഷ്ണാ! ഈ അഗതിയായ ഞാൻ എന്തപരാധംചെയ്തു? ഉം, അല്ലെങ്കിൽ അതിനെക്കുറിച്ചൊക്കെ എന്തിനു് ആലോചിക്കുന്നു? ആരും തുണയില്ലാത്തവൎക്കു് ദൈവം തുണ. എനിക്കീലോകത്തിൽ ആരുണ്ടു്. ആരുമില്ല. ആൎക്കു് എന്നെ വേണം? ആൎക്കും വേണ്ടാ...

......ഭൂമിക്കുതന്നെ ഭാരമായിട്ടല്ലേ ഞാൻ ജീവിക്കുന്നതു്? കുടലയത്രേ! അതും കേൾക്കാൻ ദുൎവ്വിധി എനിക്കിടവരുത്തി. ഇനിയും ഈ ചോറു് ഞാൻ ഉണ്ണുകയോ? അതു് തീൎച്ചയായും ഇല്ല......

......കുററാക്കുററിരുട്ടു്! പാപിയായ എന്നെ വിഴുങ്ങുവാൻ വായ്പൊളിച്ചു നില്ക്കുന്നു. ശുഭ മുഹൂൎത്തം! എന്റെ സൎവ്വ ദുരിതങ്ങളും ഒതുക്കാനുള്ള ശുഭ മുഹൂൎത്തം......!

ഹാ കരുണാകരാ! അവിടുന്നുതന്നെ സൎവ്വസാക്ഷി. എന്റെ ഈ ഘോരകൎമ്മത്തിനും സാക്ഷി. പക്ഷെ എനിക്കു വേറെ മാൎഗ്ഗമില്ല. ഞാനിതാ പോകുന്നു. എങ്ങോട്ടെന്നില്ലാതെ പോകുന്നു.

(വിങ്ങി വിങ്ങി അവൾ കൂരിരുട്ടിൽ എങ്ങോട്ടോ പോകുന്നു.)

...അയ്യോ കണ്ണിൽകുത്തിയാൽ അറിയാത്ത ഈ ഇരുട്ടിൽ ഞാൻ എങ്ങിനെ വഴിമനസ്സിലാക്കിപ്പോകും?

എന്തൊക്കെയോ ശബ്ദങ്ങളും കേൾക്കുന്നു. ഈ സ്ഥലങ്ങളൊന്നും എനിക്കു പരിചയം തോന്നുന്നില്ല. തീർച്ചയായും എനിക്കു വഴി തെററിപ്പോയതുതന്നെ......

(കൊടുംകാററും മഴയിരയ്ക്കുന്ന ശബ്ദവും ഉഗ്രമായി കേൾക്കുന്നു.)

ഘോരമായ മഴ വാരി ഇരച്ചുകൊണ്ടുവരുന്നു. ഞാൻ എവിടെ കേറിനില്ക്കും? രക്ഷപെടാൻ ഒരു സ്ഥലവും ഇല്ല.

...അല്ലെങ്കിൽ എന്തിനു രക്ഷപെടുന്നു? ഈ മഴയും ഈ മരങ്ങളും ഈ ഭയങ്കര ശബ്ദങ്ങളും എല്ലാം എന്നെ അങ്ങോട്ടു കൊണ്ടുപോകാൻതന്നെ വന്നിരിക്കുന്നതു്. സംശയമില്ല.

(ദൂരെയായി ആരോ ഭഗവൽസ്തോത്രം ആലപിക്കുന്നതു കേൾക്കുന്നു.)

എന്തു്? മനുഷ്യശബ്ദം!

അതെ മനുഷ്യശബ്ദംതന്നെ. സംശയമില്ല. എൻെറ ചുടുകാട്ടിലിരുന്നു ആരോ പാടുന്നു. എൻെറ അന്ത്യക്രിയയ്ക്കുള്ള മന്ത്രങ്ങൾ ജപിക്കയായിരിക്കും. അല്ലെങ്കിൽ മരണരാക്ഷസി ചിരിക്കുകയായിരിക്കും.

അല്ലാ, വെളിച്ചമല്ലേ ആ കാണുന്നതു്? ഞാൻ മരിക്കുന്നതിനുമുൻപു് എനിക്കു ചിത കൂട്ടിക്കഴിഞ്ഞോ? ദൈവമേ, അവിടുന്നു എല്ലാം അറിഞ്ഞുതന്നെ ചെയ്യുന്നു!

(അവൾ ഇരുട്ടിൽ തപ്പിയും തടഞ്ഞും കുറെ ദൂരം നടന്നു.)

ഒരു ചെറിയ കുടിൽ! വിശാലമായ ഭൂമിയിൽ മററെങ്ങും സ്ഥലമില്ലാത്തതുപോലെ ഈ കൊടുംകാട്ടിൽ താമസിക്കുന്നതു് ആരായിരിക്കും? ഏതായാലും അങ്ങോട്ടു ചെല്ലുകതന്നെ

(കുടിലിൻെറ സമീപംചെന്നു വാതലിൽ മുട്ടുന്നു.)

അകത്തു് മനുഷ്യരാരെങ്കിലുമുണ്ടെങ്കിൽ അവരുടെ ഒരു സമസൃഷ്ടി ഇതാ നില്ക്കുന്നു. ദുഷ്ടമൃഗങ്ങളാണെങ്കിൽ അവക്കു് ഇതാ ഇര കാത്തുനില്ക്കുന്നു.

(അകത്തുനിന്നു് ഒരു സന്യാസിയുടെ ശബ്ദം.) ആരാ അതു്?

മാധവി: മനുഷ്യശബ്ദം

(വാതൽ തുറക്കുന്നു.)

സന്യാസി: ഒരു സ്ത്രീ ശബ്ദം! വത്സേ! നീ ആരു്? അകത്തേക്കു വരൂ.

മാധവി: ഞാൻ ഒരു ദുർഭഗ. മരണംതേടി നടക്കുന്നവൾ.

സന്യാസി: ഹാ! എത്ര വ്യത്യാസം! നീ മരണം തേടി നടക്കുന്നവൾ. ഞാൻ അനശ്വരതയെ തേടി നടക്കുന്നവൻ: വരൂ, വരൂ മകളെ! എനിക്കു നിൻെറ ശബ്ദം കേൾക്കാനല്ലാതെ നിന്നെ കാണ്മാൻ ശക്തിയില്ല. എൻെറ കണ്ണു പൊട്ടിപ്പോയി.

മാധവി: അയ്യോ ഇദ്ദേഹത്തിനു കാഴ്ചയില്ലല്ലോ!

സന്യാസി: അതുകൊണ്ടു വിഷമിക്കേണ്ട. നല്ല കാഴ്ചയുണ്ടു് വത്സേ! എൻെറ കണ്ണു പൊട്ടുന്നതുവരെ എനിക്കു കാഴ്ചയില്ലായിരുന്നു പക്ഷെ, ഇപ്പോൾ എനിക്കു സകലതും കാണാം. പത്തുകൊല്ലമായിട്ടു് നല്ല കാഴ്ച.

മാധവി: പത്തുകൊല്ലമായിട്ടു അവിടുന്നു വെളിച്ചം കാണാതെ ജീവിക്കുന്നെന്നോ?

സന്യാസി: അല്ല, ഇരുട്ടുകാണാതെ ജീവിക്കുന്നു.

വെളിച്ചത്തിൽ ജീവിക്കുന്നു. എവിടെയും വെളിച്ചം. ദിവ്യമായ ആനന്ദപ്രകാശം അതുപോകട്ടെ; നീ ആരു്? ആ വസ്തുത അറിഞ്ഞില്ലല്ലോ?

മാധവി: സ്വാമിൻ! എൻെറ പാപംനിറഞ്ഞ ചരിത്രം അറിഞ്ഞു് അങ്ങയുടെ ആത്മപരിശുദ്ധിക്കുപോലും മാലിന്യം കലത്തുന്നോ?

സന്യാസി: വത്സേ മടിക്കേണ്ട. എന്തും എന്നോടു പറഞ്ഞുകൊൾക. ഈ കാനനത്തിൽ പാപവും മാലിന്യവും എത്തിനോക്കുകയില്ല. അവയ്ക്കു് അതിനുള്ള ശക്തിയില്ല നീ പരമപരിശുദ്ധ. പറയൂ, പറയൂ വത്സേ!

മാധവി: എൻെറ സ്വദേശം കുറെ വടക്കാണു്. ചെറുപ്പത്തിൽ എന്നെ ഒരു വലിയ കുടുംബത്തിൽ വിവാഹംകഴിച്ചുകൊടുത്തു. പക്ഷെ ഈ ദുർഭഗയ്ക്കുണ്ടോ ശാന്തികിട്ടുന്നു? രണ്ടു കൊല്ലമായി എൻെറ ഭത്താവു മരിച്ചിട്ടു്. അതിൽപ്പിന്നെ അമ്മാവി എന്നോടു കാണിച്ച ക്രൂരതയ്ക്കളവില്ല. ആവുന്നിടത്തോളം ഞാൻ ക്ഷമിച്ചു. ഒടുവിൽ നിവൃത്തിയില്ലാതായപ്പോൾ ഞാൻ ഇങ്ങനെ പുറപ്പെട്ടു. ഇനി എനിക്കു മരണംമാത്രമേ ബാക്കിയുള്ളു.

സന്യാസി: കുഞ്ഞേ, നിൻെറ ചരിത്രത്തിൽ എനിക്കു പ്രത്യേക കൗതുകം തോന്നുന്നുണ്ടു്. അല്ലാതെ കുറ്റത്തിനു യാതൊരു വകയും കാണുന്നില്ല. പ്രപഞ്ചനാടകത്തിലെ അനേകമനേകം ബീഭത്സമായ രംഗങ്ങളെപ്പോലെ ഇതും ഒരു ശോകഭൂയിഷ്ഠമായ രംഗം; അത്രേയുള്ളു. ആകട്ടെ, നിൻെറ ഭത്താവിൻെറ അച്ഛനില്ലേ?

മാധവി—നല്ലയാളുകൾക്കു് ഈ ലോകം അത്ര നല്ല

ഒരു വിശ്രമസ്ഥലമല്ലല്ലോ. അമ്മാവി അദ്ദേഹത്തിനെ എത്രമാത്രം ദുഃഖിപ്പിച്ചെന്നു പറയാവതല്ല. ഒടുവിൽ സഹിക്കവയ്യാതായപ്പോൾ എന്നേപ്പോലെ അദ്ദേഹവും വീടുവിട്ടിറങ്ങി, ഇപ്പോൾ എവിടെയാണെന്നു് യാതൊരു നിശ്ചയവും ഇല്ല.

സന്യാസി–ഇത്തരം ദാരുണസംഭവങ്ങൾ നാം എത്രയോ ഭവനങ്ങളിൽ കണ്ടുവരുന്നു! ഗൃഹലക്ഷ്മികളായിവർത്തിക്കേണ്ട സ്ത്രീകൾ അടക്കം, വണക്കം, ആർദ്രതസ്നേഹം മുതലായ ഗുണങ്ങൾ വെടിഞ്ഞു് കലാപകാരിണികളായിത്തീർന്നാൽ ആ വീട്ടിൽ എങ്ങിനെ സമാധാനമുണ്ടാകും? എങ്ങിനെ സുഖം വിളയും? ഐശ്വര്യം വൃത്തിനേടാകും? സ്ത്രീകളാണു് പാഴ്ക്കുടിലുകളെ മനോജ്ഞമായ ശാന്തിസങ്കേതങ്ങളാക്കിത്തീർക്കുന്നതു്. നേരേ മറിച്ചുവരുത്താനും അവൎക്കു് നിഷ്പ്രയാസം സാധിക്കും. അതുകട്ടെ, എവിടെയാണു് നിന്റെ ഭർത്താവിന്റെ വീടു്? അതുപറഞ്ഞില്ലല്ലോ.

മാധവി–ശ്രീപുരം

സന്യാസി–ശ്രീപുരമോ? വീട്ടുപേരെന്തു്?

മാധവി–രാമമംഗലം!

സന്യാസി–രാമമംഗലം! മാധവിയാണോ നീ, മാധവി!

മാധവി–അങ്ങു് എന്താണു പരിഭ്രമിക്കുന്നതു്? അങ്ങയ്ക്കു ഞങ്ങളെ പരിചയമുണ്ടോ?

സന്യാസി—മാധവീ! നീയോ ഈ രൂപത്തിൽ ഇവിടെ?

മാധവി-അയ്യോ, എനിക്കൊന്നും , മനസ്സിലാകുന്നി ല്ലല്ലോ! അവിടുന്ന് ആരായിരിക്കും?

സന്യാസി—മകളെ! ഒന്നുകൊണ്ടും വിഷാദിക്കേണ്ടാ. ദൈവം എല്ലാം കാണുന്നില്ലേ? അവിടുന്നുതന്നെ നിന്നെ ഇവിടെ കൊണ്ടുവന്നു ചേർത്തും. വരൂ എന്റെ മകൾക്കു വിശക്കുകില്ലേ?

മാധവി—എനിക്കു വിശപ്പും ദാഹവും ക്ഷീണവും എല്ലാം തീർന്നു. ഇനിയെങ്കിലും അവിടുന്ന് ആരെന്നറിയിക്കുവാൻ ദയവുണ്ടാകണേ! ആപത്തിൽ ദൈവദൂതനെപ്പോലെ പ്രത്യക്ഷപ്പെട്ട് എന്നെരക്ഷിച്ച അവിടുന്ന്?

സന്യാസി-മകളെ! മററാരുമല്ല. നിനക്ക് ഏററവും വേണ്ടപ്പെട്ട ആൾ. നിന്റെ അമ്മാവന്റെ നേരേ അനുജൻ.

മാധവി—ആരു്, അവിടുന്നോ? എന്റെ ഇളയമ്മാവനോ?

സന്യാസി-അതേകുഞ്ഞേ! ഏതൊരമ്മാവി കാരണം നീ വീട്ടിൽനിന്നു ഈ ഘോരരാത്രിയിൽ മരണത്തെ ലക്ഷ്യമാക്കിപ്പുറപ്പെട്ടു! ആ അമ്മാവി കാരണംതന്നെ ഞാനും വീടും നാടും വിട്ട് അലയേണ്ടതായിവന്നു. സഹോദരസ്നേഹം മൂർത്തീകരിച്ചിരുന്ന ചേട്ടനെ എന്നിൽ നിന്നകററി ദുർമ്മന്ത്രങ്ങൾ നിരന്തരം പ്രയോഗിച്ച് ഞങ്ങളെ ബദ്ധശത്രുക്കളാക്കിത്തീർത്തു. എനിക്കുകൂടി ചേരേണ്ട കുടുംബസ്വത്തുമുഴുവൻ ആ സ്ത്രീ ധൂർത്തടിച്ചു എന്നെയും ജ്യേഷ്ഠനെയും വഴിയാധാരമാക്കി. ഞാൻ വീടുവി

ട്ടിറങ്ങി. 20 വർഷമായി ഇങ്ങനെ ഏകാകിയായി ജീവിക്കുന്നു. തീർച്ചയായും ഈ ഇരുപതുവർഷങ്ങൾ എൻെറ ജീവിതത്തിലെ സുവർണ്ണകാലഘട്ടങ്ങൾ തന്നെയായിരുന്നു. ഇതിനിടയിൽ ദുരിതങ്ങളും ക്രൂരതകളും ഈ ശപരനിന്ദയും ഞാൻ വേണ്ടുവോളം കണ്ടു. കണ്ടുകണ്ടു് കണ്ണുപൊട്ടി. ഇപ്പോഴാകട്ടെ, എൻെറ അന്തർനേത്രങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഞാൻ അനശ്വരമായ ശാന്തിസുഖവും സമാധാനവും അനുഭവിക്കുന്നു.

മാധവി-സർവ്വവും ദൈവത്തിൻെറ മായാലീലകൾ! അപ്പോൾ, കണ്ണിനു കാഴ്ചയില്ലാതെ അമ്മാവനിവിടെ എങ്ങിനെ ഒററയ്ക്കു താമസിക്കുന്നു?

സന്യാസി-ഒററയ്ക്കല്ല. സ്നേഹവും നന്ദിയും ഉടലെടുത്ത ഉററതോഴനോടൊന്നിച്ചു്. അവൻ വിറകുശേഖരിക്കാൻ പോയിരിക്കയാണു്. ഇപ്പോൾ വന്നുചേരും. ആ, അതാ വരുന്നല്ലോ.

(ഈ സമയം ഒരു ശ്വാവു് ഒരു കെട്ടു വിറകു് കടിച്ചുപിടിച്ചുകൊണ്ടു് അകത്തേക്കു് ഞൊണ്ടി ഞൊണ്ടി വരുന്നു, അവൻെറ ശരീരമാസകലം നനഞ്ഞിരിക്കുന്നു. സന്യാസി അവനെ തീയുടെ സമീപത്തേക്കു കൊണ്ടുപോയി ശുശ്രൂഷിക്കുന്നു.)

സന്യാസി-ഇതാ, ഇവനെയാണു് എൻെറ പര്യടനത്തിനിടയിൽ കണ്ടുമുട്ടിയതു്. ആരോ ദ്രോഹികൾ അവൻെറ ഒരു കാൽ തല്ലിയൊടിച്ചു വിശന്നു വലഞ്ഞു വന്ന ഈ സമസൃഷ്ടിക്കു് ഞാൻ എൻെറ ഭിക്ഷാപാത്ര

ത്തിൽനിന്നു് ഒരുരുള ചോറുകൊടുത്തു. അന്നുമുതൽ ഇന്നു വരെ അവൻ എൻെറ സൎവ്വ സുഖദുഃഖങ്ങളിലും പങ്കുകൊണ്ടു് എന്നോടൊന്നിച്ചു വസിക്കുന്നു. ഈ ചെറുകുടിലിലെ സൎവ്വ ജീവിതാവശ്യങ്ങളും സംഭരിക്കുന്നതും അവൻതന്നെ. കണ്ണില്ലാത്ത എൻെറ വഴികാട്ടിയും അവൻതന്നെ. മനുഷ്യനിൽനിന്നു ലഭിക്കാതിരുന്ന സ്നേഹവും സാഹോദര്യവും ഈ സമസ്തസൃഷ്ടിയിൽനിന്നു് എനിക്കു ലഭിക്കുന്നു.

മാധവി-ആഹാ, എത്ര ആശ്വാസംനിറഞ്ഞ രംഗം!

സന്യാസി-മകളേ! ഇനിമേൽ ഈ ശാന്തിസങ്കേതംതന്നെ നിനക്കും ആശ്വാസമരുളും. നമ്മുടെ ദേഹിദേഹങ്ങൾ സൎവ്വേശ്വരങ്കലൎപ്പിച്ചു് നമുക്കിവിടെ ജീവിക്കാം. മനുഷ്യർ സഞ്ചരിക്കാത്ത സ്ഥലമായതിനാൽ ഇവിടെ ദുഷ്ടതയുടെ ലാഞ്ഛനപോലുമില്ല. വരൂ നമുക്കു് ഈശ്വരഭജനം നടത്താം. ഞാൻ ഒരു സ്തുതിഗീതം പാടിക്കൊണ്ടിരുന്നതു് മുഴുവനായില്ല.

മാധവി—ഇളയമ്മാവാ! നമുക്കു് ഒന്നിച്ചുപാടാം. ഹാ! എത്ര സന്തോഷം! എന്തൊരാശ്വാസം! ഇനിമേൽ ഇവിടംതന്നെ എനിക്കു ശാന്തിസങ്കേതം.

(അവർ ഒന്നിച്ചു ഭഗവൽസ്തോത്രങ്ങൾ ആലപിച്ചു് ആനന്ദമടയുന്നു.)

## രംഗം 2.

(അടുത്ത പ്രഭാതം. തലേ രാത്രിയിലെ കൊടുങ്കാററിന്റേയും ഘോരമാരിയുടേയും ഫലമായി കല്യാണിയുടെ ഭവനം ഇടിഞ്ഞു നിലംപതിച്ചിരിക്കുന്നു. കല്യാണിയുടെ മൃതശരീരം പോലീസുകാർ പൊക്കിയെടുത്തു് വെളിയിലിട്ടിരിക്കുന്നു. ഒരു വലിയ ജനക്കൂട്ടം ആ കാഴ്ചകാണുവാനെത്തിയിട്ടുണ്ടു്.)

കാണികളിൽ ഒരാൾ—എന്തു കഷ്ടം! ഇന്നലെ രാത്രിയിൽ സുഖമായിക്കിടന്നുറങ്ങിയ സ്ത്രീയുടെ ശരീരം ഇന്നു രാവിലെ ഇതാ ഈ രൂപത്തിൽ! വിധിയുടെ ഗതിതന്നെ, സംശയമില്ല.

വേറൊരാൾ- വിധിയുടെ ഗതിയൊന്നുമല്ല. ഈ താടകയ്ക്കു് ഇതുവന്നാൽ പോരാ. രാക്ഷസിയല്ലേ അവൾ? ഭയങ്കര രാക്ഷസി!

മൂന്നാമത്തെയാൾ: അയ്യോ അവരുടെ മരുമകൾ ഒരു പെൺകുട്ടിയുണ്ടായിരുന്നല്ലോ. അതിനു് എന്തു സംഭവിച്ചിരിക്കുമോ!

രണ്ടാ: അതിനു് ഒന്നും സംഭവിച്ചിട്ടില്ല. അതാണ് വിധിയുടെ ഗതിയെന്നു പറയുന്നതു്. ആ കുട്ടിയെ ഈ പെൺപിശാചു് എവിടെയോ തള്ളിയോടിച്ചു.

മൂന്നാമൻ: ഈശ്വരോ രക്ഷ. അതെങ്കിലും ജീവിച്ചല്ലോ. ഈ പർവ്വതം തുലഞ്ഞെങ്കിൽ തുലയട്ടെ.

രണ്ടാ: തുലയട്ടെ. തുലയട്ടെ. ഈ മൃതശരീരത്തിന്മേൽ ഒന്നുകൂടി ഇടിവെട്ടട്ടെ.

മൂന്നാമൻ: അപ്പോൾ അടുത്തുനിൽക്കുന്ന നമ്മെളും മരിക്കില്ലേ!

രണ്ടാ: ഇല്ലില്ല. അതാണു് ദൈവത്തിൻെറ വൈഭവം എന്നു പറയുന്നതു്. വരൂ, വരൂ. നമുക്കു് ഉടൻ ഇവിടെനിന്നു പോകാം.

(അവർ മൃതശരീരത്തെ തുറിച്ചുനോക്കിക്കൊണ്ടു് അവിടെനിന്നും പോകുന്നു.)

---

292055
032:3N071:12
K6

2 FEB 1975
MADRAS

MUL
292055

12 DEC 1960

23/3/87